# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



ആഗസ്റ്റ് – 15 പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാൾ

Vol. LXXVI No. 8 Aug 2026 കൈത്താക്കാലം


ആദരാഞ്ജലികൾ...
രാജ്കോട്ട് രൂപതയുടെ
മുൻമെത്രാനും
ചെമ്മലമറ്റം ഇടവകാംഗവുമായ
മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ
പിതാവിന്
പാലാ രൂപതയുടെ
ആദരാഞ്ജലികൾ
05.07.2026
അൽഫോൻസിയൻ
പാസ്റ്ററൽ ഇൻസ്റ്റിട്യൂട്ടിലെ
അല്മായർക്കായുള്ള
ദൈവശാസ്ത്ര കോഴ്സിന്റെ
അക്കാദമികവർഷ
ഉദ്ഘാടനവും
നവീകരിച്ച റെഫക്ടറിയുടെ
വെഞ്ചരിപ്പും
അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ്
നിർവഹിച്ചു


ആഗസ്റ്റ് 15 ന്
മെത്രാഭിഷേകത്തിന്റെ
53 -ാം വാർഷികം
ആഘോഷിക്കുന്ന
അഭിവന്ദ്യ
മാർ ജോസഫ്
പള്ളിക്കാപറമ്പിൽ
പിതാവിന്
രൂപതാ കുടുംബത്തിന്റെ
ആശംസകൾ


പാലാ രൂപത
വൈദികരുടെ
വാർഷികധ്യാനം
ജൂലൈ
6-10, 13-17



18.07.2026

# പാലാ
# സിവിൽ സർവീസ്
# ഇൻസ്റ്റിട്യൂട്ടിന്റെ
# പുതിയ ചാപ്പലിന്റെ
# വെഞ്ചരിപ്പും
# മെറിറ്റ് ഡേ ഉദ്ഘാടനവും
# അഭിവന്ദ്യ
# മാർ ജോസഫ് കല്ലറങ്ങാട്ട്
# പിതാവ് നിർവഹിച്ചു




# AKCC
# രൂപതാ തലത്തിൽ നടത്തുന്ന
# അടുക്കളത്തോട്ട
# വിത്തുവിതരണത്തിന്റെ
# ഉദ്ഘാടനം
# അഭിവന്ദ്യ
# മാർ ജോസഫ് കല്ലറങ്ങാട്ട്
# പിതാവ് നിർവഹിച്ചു.

18.07.2026




19.07.2026
ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ
തിരുനാൾ കൊടിയേറ്റ്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ
എന്നീ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ നടന്നു.


കുറവിലങ്ങാട് മർത്ത് മറിയം
ആർച്ചു ഡീക്കൻ പള്ളിയുടെ പാരിഷ് ഹാളിൽ വച്ചു
ഫാമിലി അപ്പോസ്തലേറ്റിന്റെ
ആഭിമുഖ്യത്തിൽ നടന്ന
കുടുംബസംഗമം
ഉദ്ഘാടനം ചെയ്ത്
സന്ദേശം നൽകുന്ന
അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ്
19.07.2026



## 20.07.2026

### അഡാർട്ടിന്റെ
# നവീകരിച്ച ചാപ്പലും കെട്ടിടവും

അഭിവന്ദ്യ
**മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്**
ആശീർവദിച്ചു



## 21.07.2026

കാലം ചെയ്ത മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിന്റെ സംസ്കാരദിനത്തിൽ അദ്ദേഹത്തിന്റെ മാതൃഇടവകയായ ചെമ്മലമറ്റം പന്ത്രണ്ട് ശ്ലീഹന്മാരുടെ പള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വി. കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്നുള്ള അനുസ്മരണസമ്മേളനത്തിൽ മുഖ്യസന്ദേശം നൽകി.















"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ


**AUGUST 2026**
**Vol. LXXVI No. 8**

# CONTENTS


സർക്കുലർ ........ 495

സർക്കുലർ ........ 501

സർക്കുലർ ........ 504

അറിയിപ്പ് ........ 509

Collection List ........ 512

വാർത്തകൾ ........ 521

അഭിവന്ദ്യപിതാവിന്റെ ഡയറി ........ 561

No: 4228/K5/KCBC/OL/DS 11.07.2026

# തടവറപ്രേഷിതഞായർ
## 9 ഓഗസ്റ്റ് 2026

### രോദനം കേൾക്കുക, മുറിവ് ഉണക്കുക, പ്രത്യാശ പുനരുജ്ജീവിപ്പിക്കുക

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും. തടവറപ്രേഷിതഞായ റാഴ്ചയായി ആചരിക്കുന്ന ഓഗസ്റ്റ്മാസത്തിലെ രണ്ടാം ഞാ യറാഴ്ച, അഴികൾക്കു പിന്നിൽ കഴിയുന്ന നമ്മുടെ സഹോ ദരീസഹോദരന്മാരിലേക്ക് നമ്മുടെ ഹൃദയങ്ങൾ തിരിക്കാൻ സഭ നമ്മെ ക്ഷണിക്കുന്നു. നമ്മൾ കരുതുന്നതുപോലെ തട വറയിൽ കഴിയുന്നവരെല്ലാവരും കൊടുംകുറ്റവാളികളല്ല. ഒരു ദുർബലനിമിഷത്തിൽ തെറ്റിൽ അകപ്പെട്ടുപോയവർ ഇവിടെ യുണ്ട്. സാമ്പത്തികത്തകർച്ചമൂലം ജയിലറകളിലേക്ക് എത്ത പ്പെട്ടവരുണ്ട്. ആസൂത്രിതമായ ദുരാരോപണങ്ങൾനിമിത്തം തടവറകളിലേക്ക് എറിയപ്പെട്ട, തികച്ചും നിഷ്കളങ്കരായ, തീർത്തും നിസ്സഹായരായ നിരപരാധികളും തടവറയിലുണ്ട്. 'തടവുകാരുടെ ഞരക്കം കേൾക്കാനും മരണത്തിനു വിധിക്ക പ്പെട്ടവരെ സ്വതന്ത്രരാക്കാനുംവേണ്ടി' എന്ന സങ്കീർത്തകന്റെ വാക്കുകളിൽനിന്നു (102:20) പ്രചോദനം ഉൾക്കൊണ്ട്, ഈ വർഷത്തെ പ്രമേയത്തെക്കുറിച്ചു നമുക്കു വിചിന്തനം ചെയ്യാം: രോദനം കേൾക്കുവിൻ, മുറിവ് ഉണക്കുവിൻ, പ്രത്യാശ പുന രുജ്ജീപ്പിക്കുവിൻ. ഈ വിഷയം വെറുമൊരു മുദ്രാവാക്യമല്ല; മറിച്ച് സുവിശേഷകല്പനയാണ്. 'ബന്ധിതർക്കു മോചനവും' (ലൂക്കാ 4:18) ഹൃദയം തകർന്നവർക്കു സൗഖ്യവുമേകുവാൻ വന്ന യേശുവിന്റെ ദൗത്യത്തെ അത് പ്രതിധ്വനിപ്പിക്കുന്നു.

### രോദനം കേൾക്കുക

തടവറമതിലുകൾക്കും പൂട്ടിയ കവാടങ്ങൾക്കും ഇരുമ്പ ഴികൾക്കും പിന്നിലുള്ളത് മനുഷ്യരാണ്; പലപ്പോഴും അവ

രുടെ രോദനം കേൾക്കപ്പെടാതെ പോകുന്നു. പല തടവുകാരും അവരുടെ മുൻകാലപ്രവർത്തനങ്ങളെക്കുറിച്ചുള്ള കുറ്റബോധത്തോടെയും തകർന്ന ബന്ധങ്ങളുടെ വേദനാജനകമായ ഓർമ്മകളോടെയും കഴിയുന്നു. ചിലർ സ്വന്തം വീട്ടുകാരാലും സുഹൃത്തുക്കളാലും ഉപേക്ഷിക്കപ്പെട്ടവരാണ്. മറ്റുള്ളവർ വിഷാദം, ഉത്കണ്ഠ, മാനസികാഘാതം, ആസക്തി അല്ലെങ്കിൽ മാനസികരോഗങ്ങൾ എന്നിവയുമായി പോരാടുന്നു. ഒറ്റപ്പെടലിന്റെ വേദനയും സമൂഹം മറന്നുവെന്ന തോന്നലും പലരെയും വേട്ടയാടുന്നു. അതിനാൽ തടവുപുള്ളിയുടെ രോദനം മോചനത്തിനായുള്ള ഒരു അപേക്ഷയെക്കാൾ വളരെ ശക്തമാണ്. ''ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുത്തുവന്നു'' (മത്താ 25:36) എന്നു പറയുമ്പോൾ യേശു തടവുകാരുമായി താദാത്മ്യം പ്രാപിക്കുകയാണ്. തടവുകാരുടെ നിലവിളി നാം കേൾക്കുമ്പോൾ, ക്രിസ്തുവിന്റെതന്നെ നിലവിളിയാണു നാം കേൾക്കുന്നത്. നമ്മുടെ ദൈവം ശ്രവിക്കുന്ന ദൈവമാണ്. വിസ്മരിക്കപ്പെട്ടവരുടെയും തിരസ്കരിക്കപ്പെട്ടവരുടെയും തടവിലാക്കപ്പെട്ടവരുടെയും നിലവിളികൾക്ക് അവൻ ചെവികൊടുക്കുന്നു. ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ സഭയും അതുതന്നെ ചെയ്യണം.

**ശ്രവണശുശ്രൂഷ**

വിമോചനം പലപ്പോഴും ശ്രവണത്തിലൂടെ ആരംഭിക്കുന്നു. തടവുകാരെ ഒരിക്കലും അവരുടെ കുറ്റകൃത്യങ്ങളിലൂടെ മാത്രം ചുരുക്കിക്കാണരുതെന്നും എന്നാൽ ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും നവീകരിക്കാൻ കഴിവുള്ളവരുമായി എപ്പോഴും അംഗീകരിക്കപ്പെടണമെന്നും ഫ്രാൻസിസ് പാപ്പാ നമ്മെ ആവർത്തിച്ച് ഓർമ്മിപ്പിക്കുകയുണ്ടായി. അതിനാൽ, അനുകമ്പയോടെ ശ്രവിക്കുക എന്നത് ഒരു വിശുദ്ധ ശുശ്രൂഷയാണ്. ശ്രദ്ധയോടെ കേൾക്കുന്നതിലൂടെ, തടവുകാരെ അവരുടെ മാഹാത്മ്യവും മാനവികതയും പ്രത്യാശയും വീണ്ടും കണ്ടെത്താൻ നാം സഹായിക്കുന്നു.

**മുറിവ് ഉണക്കുക**

ഓരോ തടവുപുള്ളിയും മുറിവുകൾ വഹിക്കുന്നവരാണ്. തടവറകളിലുള്ള സഭയുടെ സാന്നിധ്യം അടിസ്ഥാനപരമായി ഒരു സൗഖ്യശുശ്രൂഷയാണ്. സമർപ്പിത സഹോദരിമാരും വൈദികരും സന്നദ്ധപ്രവർത്തകരും കൗൺസിലർമാരും തടവറപ്രേഷിതരും അഴികൾക്കു പിന്നിലുള്ളവർക്കുവേണ്ടി ക്രിസ്തുവിന്റെ സൗഖ്യദായകശുശ്രൂഷ തുടരുന്നു. പലപ്പോഴും രോഗശാന്തി ആരംഭിക്കുന്നത് ലളിതമായ ഭാവപ്രകടനങ്ങളിലൂടെയാണ്. ശ്രവിക്കാനുള്ള സന്നദ്ധത, പ്രാർഥന, സന്ദർശനം, ഒരു കത്ത്, ഒരു പ്രോത്സാഹനവാക്ക് അല്ലെങ്കിൽ ദയയുടെ ഒരു പ്രവൃത്തി തുടങ്ങിയവയിലൂടെ ദൈവം തന്റെ രോഗശാന്തിശുശ്രൂഷ തുടരുന്നു.

**സഹാനുഭൂതി (empathy): തടവറശുശ്രൂഷയുടെ കാതൽ**

സഹാനുഭൂതി എന്നത് മറ്റൊരു വ്യക്തിയുടെ സഹനത്തിലേക്കു പ്രവേശിക്കാനുള്ള കഴിവാണ്. യേശു തന്റെ ശുശ്രൂഷയിലുടനീളം അഗാധമായ സഹാനുഭൂതി പ്രകടിപ്പിച്ചു. അവിടുന്നു കുഷ്ഠരോഗികളെ സ്പർശിച്ചു, പാപികൾക്കു മാപ്പുകൊടുത്തു. കുരിശിലെ സഹനവേളയിലും, അനുതപിച്ച കള്ളനോട് അവിടുന്നു കരുണയുടെ വാക്കുകൾ അരുൾചെയ്തു: ഇത് ഓരോ തടവറശുശ്രൂഷിക്കും പ്രചോദനമാകണം. മുൻവിധികളില്ലാതെ ശ്രവിക്കാനും, മുറിവുകൾ മനസ്സിലാക്കാനും, അനുരഞ്ജനവും ബന്ധങ്ങളുടെ പുനഃസ്ഥാപനവും പ്രോത്സാഹിപ്പിക്കാനും സഹാനുഭൂതി നമ്മെ പ്രാപ്തരാക്കുന്നു. സഹാനുഭൂതിയിലൂടെ, സന്നദ്ധപ്രവർത്തകർ ക്രിസ്തുവിന്റെ അനുകമ്പാർദ്രസ്നേഹത്തിന്റെ സജീവ അടയാളങ്ങളായി മാറുന്നു.

**പ്രത്യാശ പുനരുജ്ജീവിപ്പിക്കുക**

ഒരുപക്ഷേ തടവറയിലെ മതിലുകൾക്കുള്ളിൽ സംഭവിക്കുന്ന ഏറ്റവും വലിയ ദുരന്തം പ്രത്യാശ നഷ്ടപ്പെടുക എന്നതാണ്. പ്രത്യാശയില്ലെങ്കിൽ പുനരധിവാസം ദുഷ്കരമാകും. പ്രത്യാശ ഇല്ലാതാകുമ്പോൾ മാനസാന്തരം സാധ്യമാണെന്ന ആളുക

ളുടെ വിശ്വാസവും ഇല്ലാതാകും. എന്നാൽ, സുവിശേഷം അടിസ്ഥാനപരമായി പ്രത്യാശയുടെ സന്ദേശമാണ്. തന്റെ ശുശ്രൂഷയിലുടനീളം, സമൂഹം തിരസ്കരിച്ചവരിൽ യേശു പ്രത്യാശ പുനരുദ്ധരിച്ചു. 'പ്രത്യാശ പുനരുജ്ജീവിപ്പിക്കുക' എന്നാൽ തടവുകാരെ സമൂഹത്തിലേക്കു വീണ്ടും സംയോജിപ്പിക്കാൻ സഹായിക്കുകയെന്നതാണ്; അവരുടെ കുടുംബത്തെ പിന്തുണയ്ക്കുക എന്നതാണ്. തടവുകാരുടെ കുട്ടികൾ അവരുടേതല്ലാത്ത കാരണത്താൽ കഷ്ടപ്പെടാൻ ഇടയാകരുത്.

**വധശിക്ഷ നിർത്തലാക്കൽ**

കത്തോലിക്കാസഭ' ഓരോ മനുഷ്യജീവന്റെയും പവിത്രമായ മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്നു. അതിനാൽ സഭ വധശിക്ഷയെ എതിർക്കുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഇങ്ങനെ പഠിപ്പിക്കുന്നു: വധശിക്ഷ വ്യക്തിയുടെ അലംഘനീയതയ്ക്കും മാഹാത്മ്യത്തിനുമെതിരായ ആക്രമണമാണ്; ലോകമെമ്പാടും അതു നിർത്തലാക്കുന്നതിന് സഭ ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുന്നു' (CCC 2267). ഈ പ്രബോധനം കുറ്റകൃത്യത്തിന്റെ ഗൗരവത്തെയോ നീതിയുടെ ആവശ്യകതയെയോ നിഷേധിക്കുന്നില്ല. പകരം, ഒരു വ്യക്തിക്കും തനിക്കു ദൈവം നല്കിയ മാഹാത്മ്യം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പിച്ചുപറയുന്നു. വിശുദ്ധ പൗലോസ് പീഡകനിൽനിന്ന് അപ്പസ്തോലനായി രൂപാന്തരപ്പെട്ടു. ധൂർത്തപുത്രൻ വീട്ടിലേക്കു സ്വാഗതം ചെയ്യപ്പെട്ടു. നല്ല കള്ളൻ പറുദീസയിൽ പ്രവേശിച്ചു. ദൈവം ഒരിക്കലും പാപിയെ കൈവിടുന്നില്ല. മാനസാന്തരത്തിനുള്ള സാധ്യത ആർക്കും നിഷേധിക്കപ്പെടരുത്.

**മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ അനുഗമനം ചെയ്യുന്നത്**

ഐക്യരാഷ്ട്രസഭയുടെ ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈം നല്കുന്ന കണക്കനുസരിച്ച്, ലോകമെമ്പാടും ഏകദേശം 11.5 ദശലക്ഷം തടവുകാരുണ്ട്. 23 ദശലക്ഷത്തിലധികം കുട്ടികളാണ് മാതാപിതാക്കൾ തടവറയിൽ ആയിരിക്കുന്നതിനാൽ കഷ്ടതയിലായിരിക്കുന്നത്. ആംനസ്റ്റി ഇന്റർനാഷണൽ റിപ്പോർട്ട് അനുസരിച്ച് 2025 ന്റെ അവസാനത്തോടെ 113 രാജ്യ

ങ്ങൾ വധശിക്ഷ പൂർണമായും നിർത്തലാക്കി. അതേസമയം, ലോകമെമ്പാടും 25,508 പേരെങ്കിലും വധശിക്ഷ കാത്തിരിക്കുകയുമാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ, പ്രാർഥന, ആത്മീയപരിചരണം, കൗദാശികശുശ്രൂഷ, നിയമസഹായം എന്നിവയിലൂടെ ഈ സഹോദരീസഹോദരന്മാരെ അനുധാവനം ചെയ്യാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

**നമ്മുടെ രൂപതയോടുള്ള ആഹ്വാനം**

തടവറശുശ്രൂഷയുടെ ദൗത്യത്തിൽ സജീവമായി പങ്കുചേരാൻ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളെയും, സന്യാസസമൂഹങ്ങളെയും, സ്ഥാപനങ്ങളെയും, ഭക്തസംഘടനകളെയും ഞാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. തടവുകാർക്കും അവരുടെ കുടുംബങ്ങൾക്കുംവേണ്ടി നമുക്ക് പ്രാർഥിക്കാം. തടവറശുശ്രൂഷയിലെ എല്ലാ സന്നദ്ധപ്രവർത്തകരെയും നമുക്കു പിന്തുണയ്ക്കാം. പുനരധിവാസവും നീതി പുനഃസ്ഥാപന പരിപാടികളും നമുക്കു പ്രോത്സാഹിപ്പിക്കാം. പുതിയ തുടക്കം ആഗ്രഹിക്കുന്ന തടവുകാരെ നമുക്കു സ്വാഗതം ചെയ്യാം. കാരുണ്യത്തിന്റെ സംസ്കാരം നമുക്കു പ്രോത്സാഹിപ്പിക്കാം. വിസ്മൃതിയിലായവരെ ശ്രവിക്കുന്ന, മുറിവേറ്റവരെ സുഖപ്പെടുത്തുന്ന, നിരാശരായവർക്കു പ്രത്യാശ നല്കുന്ന ഒരു സഭയായി നമുക്കു മാറാം.

**നന്ദിയും ആശീർവാദവും**

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ഓരോ ജയിൽ നമ്പറിനു പിന്നിലും ഒരു മനുഷ്യമുഖമുണ്ട്. ഓരോ ശിക്ഷാവിധിക്കു പിന്നിലും ഒരു കഥയുണ്ട്. ഓരോ ജയിൽമതിലിനു പിന്നിലും കേൾക്കപ്പെടാനും സുഖപ്പെടുത്തപ്പെടാനും നവീകരിക്കപ്പെടാനും കൊതിക്കുന്ന ഒരു ഹൃദയമുണ്ട്. ഈ തടവറപ്രേഷിതഞായറാഴ്ച (Prison Ministry Sunday), ക്രിസ്തുവിന്റെ കരുണാർദ്രമായ ഹൃദയം നമ്മിൽ നവീകരിക്കപ്പെടട്ടെ. തടവുപുള്ളിയുടെ നിലവിളി നമുക്കു കേൾക്കാം. തകർന്ന ജീവിതത്തിന്റെ മുറിവുണക്കാൻ നമുക്കു സഹായിക്കാം. തടവറപ്രേഷിതശുശ്രൂഷയുടെ മധ്യസ്ഥരായ വിശുദ്ധ മാക്സിമില്യൻ

കോൾബെയും ധന്യനായ വാൻ തുവാനും ഈ ശുശ്രൂഷയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാവർക്കുംവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ. കരുണയുടെ മാതാവായ പരിശുദ്ധകന്യകാമറിയം എല്ലാ തടവുകാരെയും അവരുടെ കുടുംബങ്ങളെയും ജയിൽജീവനക്കാരെയും സന്നദ്ധപ്രവർത്തകരെയും അനുഗമനം ചെയ്യട്ടെ.

പ്രാർഥനയിലൂടെയും സേവനത്തിലൂടെയും ഉദാരമനസ്കതയിലൂടെയും തടവറപ്രേഷിതശുശ്രൂഷയെ പിന്തുണയ്ക്കുന്ന എല്ലാ രൂപതകളോടും സമർപ്പിതസമൂഹങ്ങളോടും അഭ്യുദയകാംക്ഷികളോടും വിശ്വാസികളോടും എന്റെ സഹോദരമെത്രാന്മാർക്കൊപ്പം ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. യേശുസാഹോദര്യക്കൂട്ടായ്മയുടെ അർപ്പണബോധമുള്ള സന്നദ്ധപ്രവർത്തകരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

പ്രാർഥനാപൂർവകമായ ആശീർവാദങ്ങളോടെ, ബന്ധിതരെ മോചിപ്പിക്കുന്ന ക്രിസ്തുവിൽ,

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**

(ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുളിക്കൽ**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

NB: 2026 ഓഗസ്റ്റ് 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

No: 4227/K-5/KCBC/OL/DS 16.07.2026

# ജസ്റ്റിസ് സൺഡേ (നീതിഞായർ)
## 2026 ഓഗസ്റ്റ് 16

### കെസിബിസി എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ മധുരസ്മരണകൾ അയവിറക്കുന്ന ഈ വേളയിലും ഭാരതത്തിലെ പൗരന്മാരായ ദളിത്ക്രൈസ്തവർ പലവിധത്തിൽ അടിമത്തത്തിലും അവഗണനയിലും കഴിയുകയാണ്. ഇവരുടെ പ്രശ്നങ്ങളെക്കുറിച്ച് സഭാസമൂഹം ആഴത്തിൽ ചിന്തിക്കുന്നതിനും അവരുമായി ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനുംവേണ്ടിയാണ് ഓഗസ്റ്റ് 15നു ശേഷം വരുന്ന ഞായറാഴ്ച 'ജസ്റ്റിസ് സൺഡേ' ആയി സഭ ആചരിക്കുവാൻ CBCI (ഭാരത കത്തോലിക്കാ മെത്രാൻ സമിതി) 1986ൽ തീരുമാനം എടുത്തത്. ഈ വർഷം ഓഗസ്റ്റ് 16-ാം തീയതി ജസ്റ്റിസ് സൺഡേ ആയി നാം ആചരിക്കുകയാണ്.

ജാതിയുടെ അടിസ്ഥാനത്തിൽ നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട അവശലക്ഷങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഇന്ത്യൻ ഭരണഘടനയിൽ പ്രത്യേക വ്യവസ്ഥകളും പരിരക്ഷകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും 1950ലെ പട്ടികജാതി ഉത്തരവിൻപ്രകാരം മേല്പറഞ്ഞ ആനുകൂല്യങ്ങളും, പ്രത്യേക സംരക്ഷണവും പ്രസ്തുത വിഭാഗത്തിലെ ഹിന്ദു, സിഖ്, ബുദ്ധ മത വിശ്വാസികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. തത്ഫലമായി ഇന്ത്യയിലെ പട്ടികജാതിവംശജരായ ക്രിസ്ത്യാനികൾക്ക് പട്ടികജാതിക്കാർക്കു നൽകുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതു വെറും മതവിവേചനമല്ല; പ്രത്യുത പരോക്ഷമായ മതപീഡനമാണ്. ഈ നടപടി അപരിഷ്കൃതവും, വിവേചനപരവും നിന്ദ്യവുമാണ്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളുടെ ലംഘനവും ഭാരതത്തിന്റെ മതേതരത്വത്തിനു കളങ്കം ചാർത്തുന്ന തീരുമാനവുമാണ്.

ക്രിസ്തുമതവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ മതേതര രാജ്യമായ ഭാരതത്തിൽ നമ്മുടെ ദളിത്ക്രൈസ്തവസഹോദരങ്ങൾ ഇന്നും അവഗണനയും വിവേചനവും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. പട്ടികജാതിലിസ്റ്റിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ദളിത്ക്രൈസ്തവർക്ക് സമൂഹത്തിൽ നീതിയും പരിരക്ഷയും ലഭിക്കുകയുള്ളൂ. ദളിത്ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് തലത്തിൽ സമ്മർദം ചെലുത്തിവരുന്നു. ഈ ആവശ്യത്തിലേക്ക് സഭാമക്കൾ എല്ലാവരുടെയും കൂട്ടായ പരിശ്രമവും നിരന്തരമായ പ്രാർത്ഥനയും ആവശ്യമാണ്.

ദളിത്ക്രൈസ്തവവിദ്യാർത്ഥികളുടെ വിദ്യാഭ്യാസവളർച്ചയിൽ കേരളസഭ വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്. എങ്കിലും അവരുടെ ഉയർച്ചയ്ക്കായി സഭ ഇനിയും കൂടുതൽ ചെയ്യേണ്ടിയിരിക്കുന്നു. KCBC SC, ST/ BC കമ്മീഷൻ ദളിത്ക്രൈസ്തവവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഓരോ രൂപതകളും വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തികസഹായങ്ങളും ചെയ്തുവരുന്നു. യോഗ്യതയുള്ള ദളിത് ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ സഭാസ്ഥാപനങ്ങളിലെ തസ്തികകളിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

ദളിത്ക്രൈസ്തവരുടെ പ്രശ്നം നമ്മുടെ സഭയുടെ മുഴുവൻപ്രശ്നമായി ഏറ്റെടുക്കുകയും അവരോടുള്ള നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്തുകയും മുൻവിധി കൂടാതെ അവരോടു കരുണാപൂർവ്വം പെരുമാറുകയും അവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനങ്ങളും സഹായസഹകരണങ്ങളും നൽകുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. ദളിത്ക്രൈസ്തവരുടെ ക്ഷേമത്തിനായി KCBC യുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണ് DCMS (ദളിത് കത്തോലിക്കാ മഹാജനസഭ). സംഘടനയുടെ ശാഖകൾ ഇല്ലാത്ത ദളിത്ക്രൈസ്തവരുള്ള ഇടവകകളിൽ അവ രൂപീകരിച്ചു പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ദളിത് കത്തോലിക്കാവിദ്യാർത്ഥികളുടെ ശക്തീകരണത്തിന് SC, ST / BC കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന അക്കാദമികവും കലാപരവുമായ നാലു പദ്ധതികൾ - T.S.D.T.P ഡവലപ്മെന്റ് ടാലന്റ് പ്രോഗ്രാം, സിംഫണി, കരിയർ ഓറിയന്റേഷൻ, മെഡിക്കൽ എഞ്ചിനീയറിങ് എൻട്രൻസ് കോച്ചിങ് ഉടൻ പ്രായോഗികമാക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുകയാണ്. ജെ.ബി. കോശി കമ്മീഷൻ ദളിത്ക്രൈസ്തവർക്കുവേണ്ടി നൽകിയ ശിപാർശ നടപ്പിലാക്കുവാൻ സർക്കാരിന്റെ മേൽ കൂടുതൽ സമ്മർദം ചെലുത്തേണ്ടിയിരിക്കുന്നു. നീതിഞായറായി ഈ വർഷം ആഘോഷിക്കുന്ന ഓഗസ്റ്റ് 16-ാം തീയതി കേരള കത്തോലിക്കാസഭയിലെ ഇടവകകളിൽ DCMS പതാക ഉയർത്തുകയും ഈ ദിവസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ദൈവജനത്തെ ബോധവത്കരിക്കുകയും, പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. കാരണം, നമ്മുടെ ദളിത്കത്തോലിക്കാസഹോദരങ്ങൾ സഭാഗാത്രത്തിന്റെ അഭിഭാജ്യഘടകമാണല്ലോ. അന്നത്തെ സ്തോത്രക്കാഴ്ച പ്രത്യേകമായി നമ്മുടെ ദളിത്സഹോദരങ്ങളുടെ ശക്തീകരണത്തിനായി മാറ്റിവയ്ക്കപ്പെടുന്നതാണ്.

മിശിഹായിൽ സ്നേഹപൂർവം,

**ബിഷപ് ഗീവർഗീസ് മാർ അപ്രേം**
ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
വൈസ്ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് രാജപ്പൻ**
വൈസ്ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

NB: 2026 ഓഗസ്റ്റ് 16-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

Ref: 4229/K-35/KCBC/OL/DS 29.07.2026

## 2026 ഓഗസ്റ്റ് 17

# കർഷകദിനം

### കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ചിങ്ങം ഒന്ന്, കർഷകദിനം. ദൈവത്തിൽ പ്രത്യാശയർപ്പിച്ച് നിരന്തരം അധ്വാനിച്ച് കൃഷിയിറക്കാനും പ്രതീക്ഷയോടെ കാത്തിരിക്കാനുമുള്ള ദൈവികസ്വരം അനുസരിച്ച് ജീവിതം സമർപ്പിച്ച കർഷകരെ ഓർമ്മിക്കാനുള്ള ദിനമാണ്. കർഷകരുടെ ജീവിതമെന്നത് അതിജീവനത്തിന്റെ വിജയഗാഥയാണ്. 'രാവിലെ വിത്തുവിതയ്ക്കുക, വൈകുന്നേരവും കൈപിൻവലിക്കരുത്, കാരണം, ഏതാണ് സഫലമാകുക, ഇതോ, അതോ, അഥവാ രണ്ടുമോ എന്ന് നീ അറിയുന്നില്ലല്ലോ' എന്ന സഭാപ്രസംഗകന്റെ പ്രത്യാശയുടെ സന്ദേശം സ്വീകരിച്ച് കൃഷിയെ ഒരു ദൈവവിളിയായിക്കണ്ട് ജീവിതം മാറ്റിവച്ച കർഷകസമൂഹത്തെ ഒപ്പം ചേർത്തുപിടിക്കുന്നതിനുവേണ്ടി കെ.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ രൂപീകൃതമായ കർഷകസംഘടനയാണ് ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് അഥവാ ഇൻഫാം. സുസ്ഥിരവും സുരക്ഷിതവും സുസംഘടിതവുമായ ഒരു കർഷകസമൂഹത്തെ രൂപപ്പെടുത്തുക എന്ന ദർശനത്തോടെ ജാതിമത വർഗ വർണ കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാവരെയും ഇൻഫാം ചേർത്തുപിടിക്കുന്നു. പരിസ്ഥിതിയെ പരിപാലിക്കുക, സമൂഹത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഉൽപാദിച്ചുകൊണ്ട് ക്ഷേമരാഷ്ട്ര നിർമിതിയിൽ പങ്കാളികളാവുക, കൃഷിയുത്പ്പന്നങ്ങൾ സംഭരിക്കുകയും സംസ്കരിക്കുകയും മൂല്യവർധിതമാക്കുകയും ചെയ്തുകൊണ്ട് രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുക,

കാർഷികവിഭവങ്ങൾ വിപണനം നടത്തി ന്യായമായ വില കർഷകർക്കു ലഭ്യമാക്കുക, കർഷകരുടെയും കൃഷിയുടെയും നിലനില്പിനും വളർച്ചയ്ക്കും വിഘാതമായി വരുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുക തുടങ്ങിയവയെല്ലാമാണ് ഈ കർഷകസംഘടനയുടെ ലക്ഷ്യം.

**സംഘടനാവ്യാപനവും ശക്തീകരണവും**

ഇൻഫാം ഒരു ദേശീയസംഘടനയാണെന്നതിൽ നമുക്ക് അഭിമാനിക്കാം. കേരളത്തിലെ വിവിധ രൂപതകളിലും കേരളത്തിനു പുറത്ത് 11 സംസ്ഥാനങ്ങളിലും പ്രവർത്തനം വ്യാപിപ്പിച്ചുകൊണ്ട് ചെറുകിടകർഷകരെ സഹായിക്കുന്നതിൽ ഇൻഫാം പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ദേശീയതലം മുതൽ കുടുംബതലം വരെ വിവിധ മേഖലകളിൽ കർഷകരുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സംഘടന, ഇതിനായി വിവിധ കർമപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

**മണ്ണ് സംരക്ഷണവും പരിസ്ഥിതിപരിപാലനവും**

രാസവള - കീടനാശിനി ഉപയോഗത്തിലൂടെ മൃതപ്രായമായ മണ്ണിനെ വീണ്ടെടുക്കുന്നതിനും പുനർജനിപ്പിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'ഭൂമി പുനർജനി' പദ്ധതി. 'ധരണീ സമൃദ്ധി' പദ്ധതി, മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിക്കുന്നതിന് ജൈവവളങ്ങൾ, ജീവാണുവളങ്ങൾ തുടങ്ങിയവ നിർമിക്കുവാനും ഉപയോഗിക്കുവാനും കർഷകരെ പരിശീലിപ്പിച്ചു പ്രാപ്തരാക്കുന്ന പദ്ധതിയാണ്. 'വൃക്ഷോത്സവ്' എന്ന പദ്ധതിയിലൂടെ കേരളത്തിൽ ഇതിനോടകം അഞ്ചുലക്ഷത്തിൽപരം തൈകൾ വിതരണം ചെയ്യുകയും നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ കർഷകർ പരിസ്ഥിതിയെ സംരക്ഷിക്കുന്നവരാണ്, നശിപ്പിക്കുന്നവരല്ല എന്നു പ്രഖ്യാപിക്കുകയാണ് സംഘടന.

**'പച്ചപ്പൊലിമ' പദ്ധതി**

'സുഭിക്ഷഭാരതത്തിന് സുരക്ഷിതഭക്ഷണമൊരുക്കുക' എന്ന

ലക്ഷ്യവുമായി അഞ്ചു വർഷം നീണ്ടുനിൽക്കുന്ന 'പച്ചപ്പൊലിമ' എന്ന പദ്ധതി കർഷകകുടുംബങ്ങളിലൂടെ നടപ്പിൽ വരുത്തുന്നു. തെങ്ങു കൃഷി പ്രോത്സാഹിപ്പിച്ച് കർഷകർക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരഗ്രാമങ്ങൾ രൂപീകരിക്കുക, ചെറുധാന്യങ്ങളുടെ കൃഷിയോടൊപ്പം ഭക്ഷ്യധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, പശുവളർത്തൽ പ്രോത്സാഹിപ്പിച്ച് അവർക്ക് സ്ഥിരവരുമാനം ഉണ്ടാക്കുക, ഫലവൃക്ഷക്കൃഷിയിലൂടെ കർഷകകുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കുക, തേനീച്ചക്കൃഷി പ്രോത്സാഹിപ്പിക്കുക, വിഷരഹിത പച്ചക്കറിയുൽപ്പാദനത്തിനായി അടുക്കളത്തോട്ടങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുക തുടങ്ങിയവയൊക്കെയാണ് പച്ചപ്പൊലിമയിലൂടെ ലക്ഷ്യമിടുന്നത്.

**വിളസംസ്കരണവും മൂല്യവർധിത ഉൽപന്നനിർമാണ പദ്ധതിയും**

കാർഷികോൽപന്നങ്ങൾ സംഭരിക്കുകയും, അവയെ സംസ്കരിച്ച് മൂല്യവർധിത ഉൽപന്നമാക്കുകയും ചെയ്യുന്ന പ്രക്രിയയും ഇൻഫാം ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. കാർഷികവിളകളുടെ സംസ്കരണത്തിനും മൂല്യവർധനവിനുമുള്ള നടപടികൾ വിവിധ സംസ്ഥാനങ്ങളിലെ കാർഷിക ജില്ലകളുടെ നേതൃത്വത്തിൽ, സാമൂഹിക സന്നദ്ധസംഘടനകൾ വഴിയും സമാനസ്വഭാവമുള്ള സ്ഥാപനങ്ങൾ വഴിയുമാണ് ഇൻഫാം നടപ്പിലാക്കുന്നത്.

**കാർഷികവിഭവങ്ങളുടെ വിപണനസംവിധാനം**

കർഷകരുടെ സംസ്കൃതവും മൂല്യവർധിതവുമായ ഉൽപന്നങ്ങളുടെ വിപണനത്തിനുവേണ്ടി ഇൻഫാം മാളുകൾ ആരംഭിക്കുന്നതിനും കാർഷികവിഭവങ്ങളുടെ സംഭരണത്തിനും അവയുടെ അസംസ്കൃത രീതിയിലുള്ള വിപണനത്തിനും അതോടൊപ്പം കൃഷിക്കാവശ്യമായ വളങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായി ഇൻഫാം അഗ്രിമാർട്ടു

കൾ ആരംഭിക്കുന്നതിനും ഇൻഫാം പദ്ധതിയിടുന്നു. കാർഷികോൽപന്നങ്ങളുടെയും മൂല്യവർധിത ഉൽപന്നങ്ങളുടെയും വിപണനത്തിനും വിതരണത്തിനുമായി സംസ്ഥാനതലത്തിലും അന്തർസംസ്ഥാനതലത്തിലും നിലവിലുള്ള വ്യാപാര വിപണന ശൃംഖലകൾ ഉപയോഗപ്പെടുത്തുന്ന ഇൻഫാമിന്റെ പുതിയ പദ്ധതിയാണ് 'കിസാൻ ദോസ്ത് നെറ്റ്‌വർക്ക്'. കാർഷികവിളകളുടെ വിപണനത്തിനുവേണ്ടി മറ്റ് ഓൺലൈൻ സംവിധാനങ്ങളും ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

**വിളഭൂമിയുടെ സംരക്ഷണവും ജീവന്റെ സുരക്ഷിതത്വവും**

കർഷകരുടെയും കൃഷിയുടെയും നിലനില്പിനും വളർച്ചയ്ക്കും വിഘാതമായി നിൽക്കുന്ന, കർഷകന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന വന്യമൃഗശല്യം, പൊതുസമൂഹത്തിന്റെയും അധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവരാനും പരിഹാരമാർഗങ്ങൾ കണ്ടെത്താനും ഇൻഫാം നടത്തിയ ചുവടുവയ്പുകൾ വളരെ ശ്രദ്ധേയമാണ്. ബഫർസോൺ, പരിസ്ഥിതിലോല മേഖല, പരിസ്ഥിതിദുർബലപ്രദേശം, വനസംരക്ഷണം തുടങ്ങിയ നിർദേശങ്ങളിലൂടെ വനവിസ്തൃതി വർധിപ്പിക്കുക എന്ന ഗൂഢലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന തൽപരകക്ഷികളെ പൊതുസമൂഹത്തിനു മുമ്പിൽ തുറന്നുകാട്ടാനും, വന്യജീവിസങ്കേതങ്ങൾക്കും പരിസ്ഥിതിദുർബലപ്രദേശങ്ങൾക്കും ഒരു മറുപുറമുണ്ടെന്നും അവിടം ലക്ഷോപലക്ഷം കർഷകജനതയുടെ വാസഗേഹങ്ങൾ ഉൾപ്പെടുന്നതാണെന്നും, ഈ ഗൂഢലക്ഷ്യങ്ങൾ പ്രാവർത്തികമാക്കിയാൽ അവരുടെ ജീവിതം അനിശ്ചിതത്വത്തിലാകുമെന്നുമുള്ള സത്യം പൊതുസമൂഹത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നതിൽ ഇൻഫാം എടുത്ത ചുവടുവയ്പുകൾ അവിസ്മരണീയമാണ്. കർഷകജനതയുടെ ആവശ്യങ്ങളിൽ ഒപ്പം നിൽക്കാൻ ഈ സംഘടന എന്നും ബദ്ധശ്രദ്ധരാണ്.

**ഉപസംഹാരം**

മണ്ണിൽനിന്നു ഫലങ്ങൾ കൊയ്തെടുത്ത് തങ്ങളുടെ സഹോദരങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും ഭക്ഷണം വിളമ്പുന്ന

കർഷകസഹോദരങ്ങളുടെ കരങ്ങൾക്കു കരുത്തുപകരാനും അവരുടെ മനസ്സുകളെ ബലപ്പെടുത്താനും നമുക്ക് ഒരുമിച്ചു നിൽക്കാം. ഇൻഫാം ഇനിയും രൂപീകൃതമാകാത്ത മേഖലകളിൽ യൂണിറ്റുകൾ ആരംഭിച്ചുകൊണ്ട് കെ.സി.ബി.സി. നേതൃത്വം നൽകുന്ന ഈ കർഷകസംഘടനയെ നമുക്കു ശക്തിപ്പെടുത്താം. ചെറുകിട കർഷക ഉന്നമനത്തിനുവേണ്ടി ഇൻഫാം വിഭാവനം ചെയ്തു നടപ്പാക്കുന്ന കർമപദ്ധതികൾ പൂർണമായ ഫലപ്രാപ്തിയിൽ എത്തിക്കുവാൻ അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും അല്മായസഹോദരങ്ങളുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

കൃഷിയെയും കർഷകനെയും ഹൃദയത്തിൽ ചേർത്തുപിടിച്ച് നമുക്കുവേണ്ടി ജീവന്റെ അപ്പമായിത്തീർന്ന ഈശോയുടെ സമാധാനം നിങ്ങളോടുകൂടെ ഉണ്ടാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും സുരക്ഷിത വിളഭൂമിയായി നമ്മുടെ കൃഷിഭൂമി മാറട്ടെയെന്നും സഹോദരങ്ങളായ കർഷകർക്ക് പ്രത്യാശയും സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ ജീവിതം കർത്താവ് നൽകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

**✠മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2026 ഓഗസ്റ്റ് മാസം സൗകര്യപ്രദമായ ഒരു ഞായറാഴ്ച ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

# Transfers and Appointments

| | |
|---|---|
| Fr Mathew Mathilakath | Sick leave - Residence at Casa del Clero |
| Fr George Ponnamvarickayil | Vicar, Ullanad |
| Fr Mathew Punnathanathukunnel | Chaplain, St Joseph Mission Home, Puthenpallikunnu, Lalam |
| Fr Francis Mattel | Librarian in Charge, Alphonsa College, Pala. Residence at Philips Hostel, Arunapuram |

## സംഭാവനശേഖരണം
## തടവറപ്രേഷിതദിനം, ജസ്റ്റിസ് സൺഡേ

ഓഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച തടവറപ്രേഷിതദിനത്തോടനുബന്ധിച്ചും ഓഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച ജസ്റ്റിസ് സൺഡേയോടനുബന്ധിച്ചും മുൻകൂട്ടി അറിയിച്ച് ആ ദിവസങ്ങളിൽ വി. കുർബാനമധ്യേ പ്രത്യേക സംഭാവനശേഖരണം നടത്തുകയും ലഭിക്കുന്ന തുക സെപ്റ്റംബർ 20-നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

# പാലാ ഹോം പ്രോജക്ട്

| സാമ്പത്തികസഹായം ലഭിച്ചവർ | Amount From Centre | Amount From Parish / Congregation |
|---|---|---|
| ഉഷാ മോഹനൻ, പൂഞ്ഞാർ | | 1000 |
| ആലീസ്, പൂഞ്ഞാർ | | 3000 |
| ബാബു, പൂഞ്ഞാർ | | 3000 |
| പ്രിൻസ്, പൂഞ്ഞാർ | | 2000 |
| മേരി മത്തായി, അരുണാപുരം | 24994 | |
| ജോസ് കെ.എസ്., തുരുത്തിപ്പള്ളി | 24902 | |
| ബിന്ദു ബാബു, വയലാ | 20000 | |
| പ്രശാന്ത് സ്റ്റഫി, മാൻവെട്ടം | 25093 | |
| ജോയി വർക്കി, ഇളംന്തോട്ടം | 25831 | |
| സന്തോഷ് പി.എസ്., ഇളംന്തോട്ടം | 25273 | |
| കുഞ്ഞൂഞ്ഞ്, പൂഞ്ഞാർ | | 3778 |
| കുഞ്ഞൂഞ്ഞ്, പൂഞ്ഞാർ | | 8340 |
| അച്ചാമ്മ ജോയി, പൂഞ്ഞാർ | | 15000 |
| സിബി, പൂഞ്ഞാർ | | 10000 |
| ബാബു, പൂഞ്ഞാർ C/o വിൻസെന്റ് ഡി പോൾ | | 5000 |
| അച്ചാമ്മ,പൂഞ്ഞാർ, C/o വിൻസെന്റ് ഡി പോൾ | | 15000 |
| ജോമോൾ, പൂഞ്ഞാർ C/o വിൻസെന്റ് ഡി പോൾ | | 6250 |
| റെജി, പൂഞ്ഞാർ, C/o വിൻസെന്റ് ഡി പോൾ | | 5000 |
| ജെസ്സി, പൂഞ്ഞാർ, C/o വിൻസെന്റ് ഡി പോൾ | | 96325 |
| ലിജോസ്, പൂഞ്ഞാർ, AKCC | | 310000 |
| കുഞ്ഞമ്മ, പൂഞ്ഞാർ, AKCC | | 20000 |
| റോസമ്മ ജോസഫ്, മുട്ടം | | 10000 |

| | | |
|---|---|---|
| അന്നമ്മ ആന്റണി, മുട്ടം | | 25000 |
| നോബിൻ, മുട്ടം | | 110000 |
| സതീഷ്, മുട്ടം | | 8000 |
| ഷാജി, മുട്ടം | | 10000 |
| ജോസ്, മുട്ടം | | 160000 |
| നിബിൻ, മുട്ടം | | 122000 |
| ഷെബിൻ, മുട്ടം | | 14000 |
| സോണി, മുട്ടം | | 728000 |
| മാരിയപ്പൻ, മുട്ടം | | 10000 |
| മാത്യു, മുട്ടം | | 105000 |
| റൂണി, മുട്ടം | | 2500 |

**റവ. ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**റവ. ഫാ. ജോസഫ് കണിയോടിക്കൽ**
കോർഡിനേറ്റർ

## Collections from Praishes as per Diocesan Order (January to April)

| No | Parish | Bible Sunday | Holy Childhood | Madya-virudha Dinam | Hunger & Disease | Holy Land | Seminar-in's Aid Fund | AKCC |
|---|---|---|---|---|---|---|---|---|
| 1 | Adivaram | 500.00 | 550.00 | 450.00 | 600.00 | 2,000.00 | 2,000.00 | 250.00 |
| 2 | Adukkam | 500.00 | 500.00 | 500.00 | 500.00 | 500.00 | 2,500.00 | 500.00 |
| 3 | Aimkombu | 1,000.00 | 1,000.00 | 1,200.00 | 3,000.00 | 6,000.00 | 4,000.00 | 2,500.00 |
| 4 | Alphonsagiri | 500.00 | 500.00 | 300.00 | 500.00 | 2,130.00 | 3,810.00 | 500.00 |
| 5 | Alphonsapuram | 500.00 | 500.00 | 500.00 | 500.00 | 5,303.00 | 4,435.00 | 500.00 |
| 6 | Amparanirappel | 1,000.00 | 800.00 | 700.00 | 1,000.00 | 2,500.00 | 6,162.00 | 1,000.00 |
| 7 | Anthialam | 1,000.00 | 500.00 | 750.00 | 600.00 | 7,000.00 | 9,400.00 | 1,000.00 |
| 8 | Anthinad | 2,052.00 | 755.00 | 1,369.00 | 2,512.00 | 10,783.00 | 40,455.00 | 635.00 |
| 9 | Arakkulam New | 5,000.00 | 5,000.00 | 3,000.00 | 7,000.00 | 7,500.00 | 15,000.00 | 3,000.00 |
| 10 | Arakkulam Old | 900.00 | 900.00 | 920.00 | 800.00 | 3,500.00 | 4,500.00 | 900.00 |
| 11 | Arunapuram | 5,420.00 | 1,500.00 | 3,000.00 | 7,000.00 | 8,316.00 | 7,100.00 | 2,000.00 |
| 12 | Arunnoottimangalam | 3,234.00 | 1,000.00 | 1,000.00 | 1,500.00 | 16,938.00 | 13,238.00 | 1,000.00 |
| 13 | Aruvithura | 3,000.00 | 3,600.00 | 9,600.00 | 32,100.00 | 46,000.00 | 10,000.00 | 4,000.00 |
| 14 | Ayyampara | 600.00 | 600.00 | 600.00 | 500.00 | 1,400.00 | 2,400.00 | 400.00 |
| 15 | Bharananganam | 3,500.00 | 3,000.00 | 3,000.00 | 3,000.00 | 10,000.00 | 20,000.00 | 3,000.00 |
| 16 | Chakkampuzha | 2,000.00 | 9,250.00 | 9,500.00 | 9,750.00 | 7,730.00 | 9,500.00 | 8,000.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 17 | Chemmalamattam | 6,700.00 | 7,150.00 | 6,900.00 | 39,728.00 | 24,987.00 | 30,818.00 | 7,800.00 |
| 18 | Chempilavu | 2,042.00 | 2,030.00 | 2,715.00 | 5,920.00 | 5,800.00 | 5,470.00 | 2,250.00 |
| 19 | Chennadu | 3,000.00 | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 5,000.00 | 1,000.00 |
| 20 | Cherpunkal | 22,700.00 | 24,250.00 | 23,000.00 | 24,000.00 | 82,000.00 | 48,500.00 | 21,500.00 |
| 21 | Chettuthodu | 3,000.00 | 1,000.00 | 1,000.00 | 1,000.00 | 6,405.00 | 13,245.00 | 1,000.00 |
| 22 | Chittar | 1,500.00 | 3,000.00 | 2,500.00 | 3,000.00 | 11,200.00 | 14,000.00 | 1,600.00 |
| 23 | Cholathadam | 200.00 | 200.00 | 200.00 | 200.00 | 250.00 | 2,000.00 | 200.00 |
| 24 | Choondacherry | 1,000.00 | 1,000.00 | 1,000.00 | 1,500.00 | 3,300.00 | 4,420.00 | 1,000.00 |
| 25 | Edadu | 400.00 | 400.00 | 500.00 | 400.00 | 2,200.00 | 3,200.00 | 400.00 |
| 26 | Edamaruku | 2,000.00 | 2,000.00 | 2,000.00 | 3,000.00 | 10,110.00 | 7,788.00 | 2,000.00 |
| 27 | Edappady | 1,500.00 | 600.00 | 600.00 | 600.00 | 4,000.00 | 2,000.00 | 700.00 |
| 28 | Elamthottam | 500.00 | 500.00 | 500.00 | 1,000.00 | 13,000.00 | 20,000.00 | 500.00 |
| 29 | Elanji | 7,000.00 | 3,500.00 | 5,000.00 | | 28,000.00 | 30,000.00 | 5,000.00 |
| 30 | Elappally | 500.00 | 500.00 | 450.00 | 550.00 | 1,710.00 | 1,820.00 | 500.00 |
| 31 | Eravimangalam | 750.00 | 900.00 | 810.00 | 750.00 | 1,000.00 | 740.00 | 850.00 |
| 32 | Ezhacherry | 2,500.00 | 2,500.00 | 1,500.00 | 2,500.00 | 4,500.00 | 5,000.00 | 1,500.00 |
| 33 | Fathimapuram | 500.00 | 500.00 | 500.00 | 1,000.00 | 5,500.00 | 4,000.00 | 500.00 |
| 34 | Gagultha (Mattathippara) | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 2,436.00 | 2,787.00 | 1,000.00 |
| 35 | Geovalley | 5,500.00 | 1,000.00 | 500.00 | 5,000.00 | 4,000.00 | 4,000.00 | 500.00 |
| 36 | Idamattom | 3,000.00 | 3,500.00 | 2,500.00 | 3,000.00 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 37 | Jaigiri | 1,500.00 | 2,342.00 | 1,796.00 | 2,371.00 | 5,000.00 | 11,000.00 | |
| 38 | Jose Mount (Illiary) | 1,200.00 | 850.00 | 750.00 | 860.00 | 960.00 | 1,600.00 | 790.00 |
| 39 | Josegiri | 1,000.00 | 1,000.00 | 1,000.00 | 1,100.00 | 8,000.00 | 7,000.00 | 900.00 |
| 40 | Kadanad | 4,500.00 | 10,000.00 | 4,500.00 | 5,000.00 | 5,000.00 | 5,000.00 | 2,500.00 |
| 41 | Kadaplamattam | 2,000.00 | 2,000.00 | 2,000.00 | 2,000.00 | 18,000.00 | 17,000.00 | 2,000.00 |
| 42 | Kaduthuruthy | 5,500.00 | 4,500.00 | 5,000.00 | 6,000.00 | 26,263.00 | 24,550.00 | 6,000.00 |
| 43 | Kaippally | 500.00 | 500.00 | 500.00 | 500.00 | 1,500.00 | 2,000.00 | 500.00 |
| 44 | Kakkoor | 1,000.00 | 1,000.00 | 750.00 | 2,000.00 | 16,500.00 | 12,000.00 | 750.00 |
| 45 | Kakombu | 900.00 | 1,200.00 | 800.00 | 900.00 | 3,500.00 | 2,100.00 | 800.00 |
| 46 | Kalathookadavu | 2,000.00 | 1,500.00 | 1,500.00 | 1,500.00 | 5,376.00 | 6,920.00 | 1,500.00 |
| 47 | Kalathoor | 6,069.00 | 3,140.00 | 3,895.00 | 6,190.00 | 8,771.00 | 17,505.00 | 2,600.00 |
| 48 | Kalikavu | 7,000.00 | 6,000.00 | 6,000.00 | 10,000.00 | 13,500.00 | 9,800.00 | 3,000.00 |
| 49 | Kanjiramattam | 2,000.00 | 2,000.00 | 2,000.00 | 2,500.00 | 6,000.00 | 25,000.00 | 2,000.00 |
| 50 | Kanjirathanam | 3,000.00 | 3,500.00 | 3,500.00 | 4,000.00 | 7,000.00 | 15,000.00 | 5,200.00 |
| 51 | Karimpani | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 2,000.00 | 5,500.00 | 1,000.00 |
| 52 | Karoor | 3,000.00 | 2,000.00 | 2,500.00 | 3,000.00 | 8,000.00 | 7,500.00 | 1,500.00 |
| 53 | Kattampak | 1,400.00 | 1,200.00 | 1,200.00 | 1,300.00 | 5,000.00 | 5,000.00 | 1,500.00 |
| 54 | Kavaly | 1,000.00 | 750.00 | 750.00 | 750.00 | 1,500.00 | 1,000.00 | 750.00 |
| 55 | Kaveekunnu | 2,000.00 | 1,500.00 | 2,000.00 | 2,500.00 | 3,000.00 | 4,000.00 | 2,000.00 |
| 56 | Kavumkandam | 2,500.00 | 500.00 | 500.00 | 500.00 | 500.00 | 3,000.00 | 500.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 57 | Kayyoor | 1,000.00 | 500.00 | 500.00 | 500.00 | 5,000.00 | 5,000.00 | 500.00 |
| 58 | Keezhoor | 700.00 | 500.00 | 500.00 | 500.00 | 10,000.00 | 25,000.00 | 500.00 |
| 59 | Kizhaparayar | 1,250.00 | 1,000.00 | 1,500.00 | 2,500.00 | 10,880.00 | 7,670.00 | 1,850.00 |
| 60 | Kizhathadiyoor | 11,718.00 | 10,681.00 | 11,803.00 | 10,510.00 | 25,466.00 | 17,056.00 | 10,105.00 |
| 61 | Kondadu | 300.00 | 300.00 | 300.00 | 500.00 | 4,500.00 | 2,000.00 | 350.00 |
| 62 | Koodaloor | 6,000.00 | 5,000.00 | 5,000.00 | 30,000.00 | 30,000.00 | 32,000.00 | 5,000.00 |
| 63 | Koothattukulam | 8,000.00 | 10,000.00 | 5,000.00 | 5,000.00 | 20,000.00 | 12,000.00 | 10,000.00 |
| 64 | Koottikkal | 1,400.00 | 2,100.00 | 1,800.00 | 1,200.00 | 7,200.00 | 7,550.00 | 1,200.00 |
| 65 | Kothanalloor | 17,500.00 | 15,000.00 | 15,000.00 | 5,000.00 | 22,410.00 | 22,000.00 | |
| 66 | Kozhuvanal | 12,000.00 | 11,000.00 | 4,000.00 | 14,000.00 | 41,915.00 | 32,530.00 | 5,000.00 |
| 67 | Kudakkachira | 1,800.00 | 1,300.00 | 1,120.00 | 1,225.00 | 14,720.00 | 14,620.00 | 1,470.00 |
| 68 | Kudayathoor | 1,500.00 | 1,000.00 | 1,300.00 | 1,200.00 | 6,000.00 | 5,000.00 | 1,200.00 |
| 69 | Kulamavu | 500.00 | 300.00 | 300.00 | 400.00 | 500.00 | 1,000.00 | 500.00 |
| 70 | Kunnonni | 1,500.00 | 1,500.00 | 1,500.00 | 2,000.00 | 8,996.00 | 1,367.00 | 1,500.00 |
| 71 | Kuravilangadu | 23,160.00 | 25,260.00 | 23,140.00 | 24,810.00 | 40,560.00 | 88,200.00 | |
| 72 | Kurichithanam | 3,000.00 | 2,600.00 | | 3,000.00 | 13,400.00 | 18,140.00 | 2,800.00 |
| 73 | Kurinji | 1,000.00 | 500.00 | 500.00 | 500.00 | 6,000.00 | 5,000.00 | 500.00 |
| 74 | Kurumannu | 1,500.00 | 1,000.00 | 2,000.00 | 1,000.00 | 9,258.00 | 6,280.00 | 1,000.00 |
| 75 | Kuruvinal | 1,500.00 | 1,000.00 | 1,000.00 | 1,500.00 | 10,642.00 | 8,000.00 | |
| 76 | Lalam New | 17,395.00 | 14,502.00 | 14,496.00 | 16,192.00 | 24,555.00 | 15,355.00 | 13,342.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 77 | Lalam Old | 7,815.00 | 8,778.00 | 6,761.00 | 8,006.00 | 10,347.00 | 25,018.00 | 8,941.00 |
| 78 | Lourds Mount | 400.00 | 400.00 | 400.00 | 400.00 | 1,750.00 | 2,000.00 | 400.00 |
| 79 | Malapuram | 2,500.00 | 2,000.00 | 2,500.00 | 3,000.00 | 13,190.00 | 8,491.00 | 2,000.00 |
| 80 | Malayinchippara | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 4,500.00 | 4,500.00 | 1,000.00 |
| 81 | Mallikassery | 1,000.00 | 750.00 | 1,250.00 | 1,250.00 | 11,787.00 | 4,194.00 | 2,500.00 |
| 82 | Manalumkal | 1,200.00 | 1,250.00 | 1,250.00 | 2,000.00 | 16,000.00 | 13,400.00 | 1,500.00 |
| 83 | Manathoor | 1,000.00 | 1,000.00 | 1,000.00 | 3,400.00 | 10,210.00 | 9,730.00 | 1,000.00 |
| 84 | Mangalagiri | 1,000.00 | 1,000.00 | 2,700.00 | 5,000.00 | 4,000.00 | 4,000.00 | 1,000.00 |
| 85 | Mangalaram | 11,950.00 | 1,200.00 | 1,200.00 | 1,300.00 | 11,000.00 | 8,000.00 | 1,500.00 |
| 86 | Maniyamkulam | 500.00 | 500.00 | 510.00 | 750.00 | 3,537.00 | 7,010.00 | 520.00 |
| 87 | Maniyamkunnu | 3,000.00 | 1,200.00 | 1,200.00 | 1,300.00 | 7,896.00 | 7,916.00 | 1,000.00 |
| 88 | Manjamattam | 1,356.00 | 1,112.00 | 1,206.00 | 1,208.00 | 3,725.00 | 4,320.00 | |
| 89 | Mannakanad | 3,000.00 | 1,500.00 | 1,500.00 | 1,500.00 | 10,000.00 | 10,000.00 | 1,500.00 |
| 90 | Mannar | 3,000.00 | 3,000.00 | 2,000.00 | 17,717.00 | 11,748.00 | 26,108.00 | 2,000.00 |
| 91 | Mannarappara | 10,000.00 | 7,000.00 | 5,250.00 | 9,500.00 | 10,000.00 | 25,000.00 | 7,500.00 |
| 92 | Manvettom | 3,000.00 | 3,000.00 | 4,000.00 | 4,000.00 | 22,638.00 | 15,448.00 | 3,000.00 |
| 93 | Marangattupally | 5,400.00 | 6,477.00 | 5,300.00 | 7,900.00 | 33,510.00 | 25,382.00 | 9,200.00 |
| 94 | Marangoly | 3,000.00 | 3,100.00 | 4,222.00 | 6,000.00 | 6,725.00 | 5,765.00 | |
| 95 | Maryland | 2,200.00 | 1,600.00 | 2,200.00 | 1,800.00 | 12,332.00 | 12,110.00 | 1,500.00 |
| 96 | Mattakkara | 700.00 | 800.00 | 650.00 | 800.00 | 10,910.00 | 12,564.00 | 500.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 97 | Mavady | 500.00 | 500.00 | 500.00 | 600.00 | 4,972.00 | 3,360.00 | 500.00 |
| 98 | Meenachil | 1,000.00 | 1,100.00 | 1,150.00 | 1,200.00 | 7,000.00 | 5,000.00 | 1,250.00 |
| 99 | Melukavumattom | 2,000.00 | 1,250.00 | 1,000.00 | 2,000.00 | 25,027.00 | 16,773.00 | 1,250.00 |
| 100 | Mevada | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 9,300.00 | 6,200.00 | 1,000.00 |
| 101 | Monippally | 6,020.00 | 5,032.00 | 5,902.00 | 9,307.00 | 26,174.00 | 20,585.00 | 5,696.00 |
| 102 | Moolamattom | 6,000.00 | 5,000.00 | 5,000.00 | 8,000.00 | 18,400.00 | 15,200.00 | 17,000.00 |
| 103 | Moonnani | 500.00 | 500.00 | 500.00 | 700.00 | 4,000.00 | | 500.00 |
| 104 | Moonnilavu | 9,000.00 | 2,500.00 | 3,000.00 | 2,800.00 | 11,900.00 | 7,683.00 | 3,000.00 |
| 105 | Moozhoor | 1,200.00 | 1,300.00 | 1,050.00 | 1,200.00 | 10,500.00 | 11,000.00 | 1,100.00 |
| 106 | Mulakulam | 1,500.00 | 800.00 | 900.00 | | 5,600.00 | 7,800.00 | 850.00 |
| 107 | Mundankal | 2,000.00 | 2,000.00 | 3,500.00 | 2,500.00 | 12,850.00 | 25,000.00 | 2,000.00 |
| 108 | Mutholapuram | 4,500.00 | 4,500.00 | 5,200.00 | 10,800.00 | 24,999.00 | 17,456.00 | 5,000.00 |
| 109 | Mutholy | 7,872.00 | 5,032.00 | 6,232.00 | 6,713.00 | 10,004.00 | 12,850.00 | 4,437.00 |
| 110 | Muttuchira | 7,555.00 | 3,710.00 | 3,510.00 | 5,958.00 | 30,100.00 | 41,753.00 | 4,410.00 |
| 111 | Nambiakulam | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 5,000.00 | 10,000.00 | 1,000.00 |
| 112 | Narianganam | 500.00 | 500.00 | 500.00 | 500.00 | 9,250.00 | 8,050.00 | 500.00 |
| 113 | Neeloor | 3,000.00 | 2,000.00 | 2,000.00 | 6,000.00 | 8,000.00 | 12,000.00 | 3,000.00 |
| 114 | Neeranthanam | 1,250.00 | 1,300.00 | 1,400.00 | 1,200.00 | 12,000.00 | 14,000.00 | 1,500.00 |
| 115 | Nellappara | 987.00 | 953.00 | 850.00 | 1,430.00 | 3,839.00 | 2,335.00 | 940.00 |
| 116 | Nelliyani | 1,000.00 | 800.00 | 500.00 | 2,000.00 | 500.00 | 10,000.00 | 500.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 117 | Paduva | 1,270.00 | 1,405.00 | 1,674.00 | 1,194.00 | 1,645.00 | 1,787.00 | 1,305.00 |
| 118 | Paika | 1,000.00 | 2,000.00 | 1,000.00 | 3,000.00 | 10,000.00 | 10,000.00 | 1,500.00 |
| 119 | Paingulam | 1,000.00 | 1,000.00 | 500.00 | 1,000.00 | 1,000.00 | 2,500.00 | 650.00 |
| 120 | Pala Cathedral | 32,800.00 | 32,785.00 | 36,580.00 | 35,640.00 | 41,440.00 | 82,730.00 | 32,770.00 |
| 121 | Palakad | 250.00 | 250.00 | 250.00 | 250.00 | 3,300.00 | 9,800.00 | 250.00 |
| 122 | Palakattumala | 1,200.00 | 1,000.00 | 800.00 | 900.00 | 5,075.00 | 2,062.00 | 800.00 |
| 123 | Palayam | 1,000.00 | 1,000.00 | 900.00 | 1,200.00 | | 5,000.00 | |
| 124 | Parathanam | 1,100.00 | 1,100.00 | 1,200.00 | 1,200.00 | 10,000.00 | 7,000.00 | 1,100.00 |
| 125 | Payyanithottam | 800.00 | 800.00 | 800.00 | 800.00 | | 2,000.00 | |
| 126 | Periappuram | 1,300.00 | 1,200.00 | 1,200.00 | 1,300.00 | 10,800.00 | 8,600.00 | |
| 127 | Peringulam | 800.00 | 800.00 | 1,800.00 | 1,000.00 | 7,100.00 | 20,200.00 | 1,100.00 |
| 128 | Perumthuruth | 1,000.00 | 500.00 | 1,500.00 | 500.00 | 2,500.00 | 2,500.00 | 500.00 |
| 129 | Piravom | 1,000.00 | 500.00 | 500.00 | 500.00 | 10,158.00 | 10,312.00 | 500.00 |
| 130 | Piusmount | 500.00 | 500.00 | 200.00 | 600.00 | 4,000.00 | 5,000.00 | 300.00 |
| 131 | Pizhaku (Urumpukavu) | 1,000.00 | 1,000.00 | 1,000.00 | 2,000.00 | 5,000.00 | 8,000.00 | 1,000.00 |
| 132 | Plassanal | 5,000.00 | 2,000.00 | 2,000.00 | 2,500.00 | 18,200.00 | 14,100.00 | 3,000.00 |
| 133 | Poonjar | 5,000.00 | 2,500.00 | 4,000.00 | 29,000.00 | 24,000.00 | 14,000.00 | 2,500.00 |
| 134 | Poovakkulam | 500.00 | 500.00 | 500.00 | 500.00 | 1,000.00 | 1,000.00 | 500.00 |
| 135 | Poovarany | 2,300.00 | 1,800.00 | 1,700.00 | 2,600.00 | 24,840.00 | 13,500.00 | |
| 136 | Poovathod | 1,640.00 | 1,740.00 | 1,800.00 | 2,430.00 | 3,200.00 | 10,138.00 | 1,800.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 137 | Poozhikkol | 500.00 | 500.00 | 500.00 | 500.00 | 9,000.00 | 11,000.00 | 1,000.00 |
| 138 | Pravithanam | 1,500.00 | 1,450.00 | 1,100.00 | 1,250.00 | 15,580.00 | 15,220.00 | 3,050.00 |
| 139 | Ramapuram | 19,250.00 | 4,000.00 | 8,000.00 | 5,000.00 | 41,087.00 | 42,450.00 | 5,200.00 |
| 140 | Retnagiri | 15,611.00 | 14,816.00 | 12,250.00 | 11,900.00 | 20,100.00 | 30,280.00 | |
| 141 | Santhigiri | 350.00 | 300.00 | 450.00 | 750.00 | 2,150.00 | 4,100.00 | 500.00 |
| 142 | Santhipuram | 500.00 | 1,000.00 | 500.00 | 1,000.00 | 4,900.00 | 4,600.00 | 1,000.00 |
| 143 | Sibigiri (Muttom) | 3,000.00 | 2,000.00 | 2,000.00 | 5,000.00 | 21,846.00 | 12,692.00 | 5,000.00 |
| 144 | Sleevapuram | 500.00 | 500.00 | 500.00 | 500.00 | 8,971.00 | 3,300.00 | 500.00 |
| 145 | Teekoy | 2,700.00 | 2,200.00 | 1,500.00 | 2,400.00 | 22,124.00 | 23,904.00 | 1,800.00 |
| 146 | Thakidi | 500.00 | 200.00 | 200.00 | 200.00 | | 2,000.00 | 1,000.00 |
| 147 | Thidanadu | 2,500.00 | 2,500.00 | 2,500.00 | 3,000.00 | 24,000.00 | 10,000.00 | 2,500.00 |
| 148 | Thirumarady | 800.00 | 800.00 | 800.00 | | 600.00 | 2,000.00 | 700.00 |
| 149 | Thodanal | 2,500.00 | 4,227.00 | 4,733.00 | 9,500.00 | 8,925.00 | 9,910.00 | |
| 150 | Thudanganad | 3,638.00 | 4,007.00 | 3,510.00 | 3,780.00 | 18,045.00 | 13,376.00 | |
| 151 | Thuruthippally | 1,500.00 | 1,500.00 | 2,000.00 | 2,000.00 | 5,000.00 | 6,000.00 | 2,000.00 |
| 152 | Udayagiri | 2,200.00 | 2,000.00 | 2,000.00 | 2,300.00 | 7,000.00 | 5,200.00 | 1,500.00 |
| 153 | Ullanad | 4,000.00 | 1,500.00 | 2,000.00 | 4,000.00 | 10,240.00 | 15,720.00 | 2,000.00 |
| 154 | Urulikunnam | 1,000.00 | 1,100.00 | 1,800.00 | 1,100.00 | 6,800.00 | 2,400.00 | 1,300.00 |
| 155 | Vadakara | 2,200.00 | 2,000.00 | 2,100.00 | 2,800.00 | 15,000.00 | 14,300.00 | 2,100.00 |
| 156 | Vagamon | 320.00 | 860.00 | 870.00 | 1,010.00 | 1,200.00 | 2,100.00 | 800.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 157 | Vakakkad | 2,000.00 | 1,100.00 | 1,000.00 | 2,000.00 | 5,845.00 | 5,655.00 | 1,000.00 |
| 158 | Vakkad | 900.00 | 850.00 | 800.00 | 850.00 | 900.00 | 1,100.00 | 1,500.00 |
| 159 | Valachira | 900.00 | 1,100.00 | 900.00 | 1,300.00 | 4,000.00 | 5,000.00 | 500.00 |
| 160 | Valavoor | 1,500.00 | 1,200.00 | 2,400.00 | 1,400.00 | 13,790.00 | 9,510.00 | 1,300.00 |
| 161 | Varianikkad | 500.00 | 500.00 | 500.00 | 500.00 | 1,000.00 | 2,000.00 | 500.00 |
| 162 | Vayala | 3,200.00 | 3,000.00 | 2,600.00 | 3,258.00 | 7,922.00 | 5,755.00 | 3,200.00 |
| 163 | Vedagiri | 500.00 | 500.00 | 500.00 | 500.00 | 11,800.00 | 9,270.00 | 500.00 |
| 164 | Velanilam | 500.00 | 500.00 | 500.00 | 500.00 | 8,940.00 | 8,500.00 | 500.00 |
| 165 | Velliamattom | 2,000.00 | 5,000.00 | 2,000.00 | 5,000.00 | 6,000.00 | 5,373.00 | 2,000.00 |
| 166 | Vellikulam | 2,500.00 | 2,500.00 | 2,500.00 | 2,000.00 | 6,000.00 | 4,000.00 | 2,500.00 |
| 167 | Vezhanganam | 200.00 | 150.00 | 150.00 | 150.00 | 2,780.00 | 2,800.00 | 150.00 |
| 168 | Vilakkumadom | 1,000.00 | 1,000.00 | 1,500.00 | 1,000.00 | 7,697.00 | 7,000.00 | 1,000.00 |
| 169 | Vimalagiri (Chakkikkavu) | 200.00 | 200.00 | 200.00 | 200.00 | 200.00 | 1,000.00 | 200.00 |
| 170 | Xavierpuram | 589.00 | 512.00 | 519.00 | 512.00 | 7,660.00 | 6,393.00 | 512.00 |
| 171 | Yenthayar | 5,000.00 | 4,000.00 | 4,000.00 | 6,000.00 | 10,000.00 | 25,000.00 | |
| 172 | Kalloorkulam Chapel | | | | | 2,190.00 | | |
| 173 | Valakattukunnu Chapel | 1,000.00 | | | | 1,330.00 | 2,250.00 | |




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**നടക്കാൻ സാധിക്കാതെ വരുമെന്ന ആശങ്കയ്ക്കു വിരാമം; മാർ സ്ലീവാ മെഡിസിറ്റിയിലെ ശസ്ത്രക്രിയയിൽ യുവാവിന് പുതുജീവിതം**

വാഹനാപകടത്തിൽ കാൽമുട്ടിനും കാലിനും ഗുരുതരമായി പരുക്കേറ്റു നടക്കാൻ സാധിക്കാതെ വരുമെന്ന ആശങ്കയിൽ കഴിഞ്ഞിരുന്ന യുവാവിന് മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ സങ്കീർണശസ്ത്രക്രിയ പുതുജീവിതമായി. മൂന്ന് വർഷത്തിനിടെ മാസങ്ങളോളം മറ്റു രണ്ട് ആശുപത്രികളിൽ ശസ്ത്രക്രിയകളും ചികിത്സകളും നടത്തിയിട്ടും ഫലം കാണാതിരുന്ന മണിമലസ്വദേശിയായ 26 കാരനാണ് വീണ്ടും കാൽമുട്ട് മടക്കി നടക്കാൻ തുടങ്ങിയത്. ഓർത്തോപീഡിക്സ്വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ഒ.ടി. ജോർജിന്റെ നേതൃത്വത്തിൽ നടത്തിയ വിദഗ്ധ ശസ്ത്രക്രിയയാണ് യുവാവിനെ സാധാരണജീവിതത്തിലേക്കു തിരിച്ചെത്തിച്ചത്. 3 വർഷം മുമ്പുണ്ടായ അപകടത്തിൽ യുവാവിന്റെ കാൽമുട്ടിന് ഗുരുതരപരുക്കേൽക്കുകയും കാലിൽ മൂന്ന് ഒടിവുകൾ സംഭവിക്കുകയും ചെയ്തിരുന്നു. തുടർന്ന് ശസ്ത്രക്രിയകളും മാസങ്ങളോളം ചികിത്സയും നടത്തിയെങ്കിലും കാൽമുട്ടിന്റെ പ്രവർത്തനം വീണ്ടെടുക്കാനായില്ല. പരിക്ക് കൂടുതൽ സങ്കീർണമാകുകയും ഇനി സാധാരണരീതിയിൽ നടക്കാൻ സാധിക്കാതെ വരുമെന്ന ആശങ്ക ഉയരുകയും ചെയ്തു. ഇതേത്തുടർന്നാണ് യുവാവ് മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സ തേടിയത്. തുടർന്നു നടത്തിയ പരിശോധനയിൽ കാൽമുട്ടിലെ സന്ധികൾ യോജിപ്പിക്കുന്ന എല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട അവസ്ഥയിലാണെന്നു കണ്ടെത്തി.

മുട്ടിനു ചുറ്റും രക്തയോട്ടവും കുറഞ്ഞിരുന്നു.മുറിവിന്റെ പാടുകളും നില നിന്നിരുന്നു. ഗുരുതരമായ സാഹചര്യത്തിൽ അസ്ഥികളും സന്ധിഭാഗവും സങ്കീർണ്ണമായ ശസ്ത്രക്രയയിലൂടെ മാറ്റിവച്ചശേഷം യുവാവിന്റെ കാൽ മുട്ടും മാറ്റിവയ്ക്കാൻ തീരുമാനിക്കുകയായിരുന്നു. കാൽമുട്ടിന്റെ പ്രവർ ത്തനം പുനഃസ്ഥാപിച്ചതോടെ 3 വർഷത്തിനുശേഷം കാൽമുട്ട് മടക്കി നടന്ന യുവാവിനു സാധാരണജീവിതത്തിലേക്കുള്ള മടങ്ങിവരവിന് വഴി യൊരുങ്ങി. ഓർത്തോപീഡിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ. റിക്കി രാജ്, അനസ്തേഷ്യോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.അനു ജനാർദനൻ  എന്നിവരും ശസ്ത്രക്രിയയുടെ ഭാഗമായി. സുഖം പ്രാപിച്ച യുവാവ് വീട്ടിലേക്കു മടങ്ങുകയും ചെയ്തു. ഓർത്തോപീഡിക്സ് വിഭാഗ ത്തിൽ മികവിന്റെ കേന്ദ്രമായ മാർ സ്ലീവാ മെഡിസിറ്റിയിൽ അപകടങ്ങളിൽ ഗുരുതരപരുക്കേറ്റ ഒട്ടേറെ ആളുകളാണ് സങ്കീർണ്ണവും നൂതനവുമായ ശസ്ത്രക്രിയകളിലൂടെ ജീവിതത്തിലേക്കു തിരിച്ചെത്തിയിട്ടുള്ളത്. മുട്ടു മാറ്റിവയ്ക്കലിന് അത്യാധുനിക റോബോട്ടിക് സർജറിയും മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിവരുന്നു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഹിയറിങ് എയ്ഡ് ക്ലിനിക്ക് ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഹിയറിങ് എയ്ഡ് ക്ലിനിക്ക് പ്രവർ ത്തനം ആരംഭിച്ചു. കേൾവിവൈകല്യമുള്ള കുട്ടികൾക്കും മുതിർന്നവർക്കും ആധുനികസാങ്കേതികവിദ്യയുടെ സഹായത്തോടെ മികച്ച ശ്രവണപരി ചരണസേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ലിനിക്ക് ആരംഭിച്ചിരിക്കുന്നത്. പരിചയസമ്പന്നരായ ഇ.എൻ.റ്റി ഡോക്ടർമാരുടെയും ഓഡിയോളജിസ്റ്റുകളുടെയും നേതൃത്വത്തിൽ സമഗ്രമായ ശ്രവണപരി ശോധന, വ്യക്തിഗത ആവശ്യങ്ങൾക്കനുസരിച്ചുള്ള ഹിയറിങ് എയ്ഡ് തിരഞ്ഞെടുക്കൽ, ഫിറ്റിങ്, പ്രോഗ്രാമിങ്, തുടർപരിശോധന, സർവീസിങ്, കൗൺസലിങ് തുടങ്ങിയ സേവനങ്ങൾ ക്ലിനിക്കിൽ ലഭ്യമാണ്. ഓഗസ്റ്റ് 30 വരെ ഹിയറിങ് എയ്ഡുകൾ വാങ്ങുന്നവർക്കു 30 ശതമാനം ഡിസ്കൗണ്ടും ആശുപത്രിയിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രമുഖ കമ്പനികളുടെ പ്രിമീയം മോഡ ലുകൾ ഉൾപ്പെടെ ലഭ്യമാണ്. കേൾവിയുടെ കുറവ് നേരത്തേ കണ്ടെത്തി കൃത്യമായ ചികിത്സയും ഹിയറിങ് എയ്ഡും ഉപയോഗിക്കുന്നതിലൂടെ ആശയവിനിമയശേഷിയും ജീവിതനിലവാരവും ഗണ്യമായി മെച്ചപ്പെടു ത്താൻ സാധിക്കും. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ ക്ലിനിക്കിന്റെ ആശീർവാദം നിർവഹിച്ചു. പാലാ രൂപത ഫിനാൻസ് ഓഫീസർ റവ.ഫാ. ജോസഫ് മുത്തനാട്ട്, ആശുപത്രി ഓപ്പറേഷൻസ്, പ്രോജക്ട്സ്, ലീഗൽ ആൻഡ് ലെയ്സൺ അസോ. ഡയ റക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ, നഴ്സിങ് ആൻഡ് എച്ച്.ആർ അസോ.

ഡയറക്ടർ റവ.ഡോ. ജോസഫ് കരികുളം, ഫിനാൻസ് ആൻഡ് മെറ്റീരിയൽസ് വിഭാഗം അസോ. ഡയറക്ടർ റവ.ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, ആയുഷ് വിഭാഗം അസോ. ഡയറക്ടർ റവ.ഫാ. മാത്യു ചേന്നാട്ട്, ഹെൽത്ത് കെയർ പ്രമോഷൻസ് ആൻഡ് ഐ.ടി.വിഭാഗം അസോ. ഡയറക്ടർ റവ.ഫാ. മാത്യു തുരുത്തിപ്പള്ളിൽ, ഇ.എൻ.റ്റി വിഭാഗം മേധാവി ഡോ.ജോൺ മാത്യു, കൺസൾട്ടന്റുമാരായ ഡോ. ലിനു തോമസ്, ഡോ.മാനസ കൃഷ്ണ തുടങ്ങിയവർ പങ്കെടുത്തു.

**ഡോക്ടേഴ്സ് ദിനാചരണം സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഡോക്ടേഴ്സ് ദിനാചരണം വർണാഭമായ പരിപാടികളോടെ സംഘടിപ്പിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ അധ്യക്ഷത വഹിച്ചു. സഫാരി ടെലിവിഷൻ ചാനൽ ഉടമ സന്തോഷ് ജോർജ് കുളങ്ങര മുഖ്യസന്ദേശം നൽകി. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ.പോളിൻ ബാബു, അക്കാദമിക്സ് ആൻഡ് പ്രഫഷണൽ വിഭാഗം ഓണററി സീനിയർ കൺസൾട്ടന്റ് പ്രഫ.ഡോ.പി.ടി.തോമസ്, മെഡിക്കൽ സൂപ്രണ്ടന്റ് ഡോ.നിതീഷ് പി.എൻ എന്നിവർ പ്രസംഗിച്ചു. ഡോക്ടർമാരും കുടുംബാംഗങ്ങളും പങ്കെടുത്തു. ഡോക്ടർമാരുടെ നേതൃത്വത്തിൽ വിവിധ കലാവിരുന്നുകളും അരങ്ങേറി.

**മാർ സ്ലീവാ മെഡിസിറ്റി ആയുഷ് വിഭാഗത്തിൽ കർക്കടകചികിത്സ ആരംഭിച്ചു.**

ശരീരത്തിനും മനസ്സിനും പുത്തനുണർവ്വ് പകരുന്ന പരമ്പരാഗത കർക്കടകചികിത്സ മാർ സ്ലീവാ മെഡിസിറ്റി ആയുഷ്വിഭാഗത്തിൽ ആരംഭിച്ചു. ശരീരശുദ്ധീകരണം, രോഗപ്രതിരോധശേഷി വർധിപ്പിക്കൽ, ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കൽ, സമഗ്ര ആരോഗ്യസംരക്ഷണം എന്നിവ ലക്ഷ്യമിട്ടുള്ള പ്രത്യേക ചികിത്സാപദ്ധതികളാണ് ഒരുക്കിയിരിക്കുന്നത്. സൗകര്യപ്രദമായ ദിവസങ്ങളിലുള്ള വിവിധ പാക്കേജുകൾ ലഭ്യമാണ്.ധാര, സർവാംഗധൂമം, വിരേചനം, നസ്യം, വസ്തി, കിഴി, ഉത്സാദനം, ഔഷധ ഓയിൽ മസാജ് എന്നിവയ്ക്കൊപ്പം വ്യക്തിഗത ഭക്ഷണക്രമനിർദേശം, പ്രാണായാമം, യോഗ, കൗൺസലിങ് എന്നിവയും ചികിത്സയുടെ ഭാഗമാക്കുന്നു.പരിചയസമ്പന്നരായ ആയുർവേദ വിദഗ്ധഡോക്ടർമാരുടെയും തെറാപ്പിസ്റ്റുകളുടെയും നേതൃത്വത്തിലാണ് ചികിത്സകൾ നടക്കുന്നത്.ആയുഷ് വകുപ്പിൽ നാച്ചുറോപ്പതി, സിദ്ധ വിഭാഗങ്ങളുടെ നേതൃത്വത്തിലും ചികിത്സകൾ ലഭ്യമാണ്.

**സൗജന്യമെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളുമായി സഹകരിച്ചു സൗജന്യമെഡിക്കൽ ക്യാമ്പുകൾ നടത്തി. വാഴൂർ തീർത്ഥപാദപുരം മിഥുല ചാരിറ്റിബിൾ സൊസൈറ്റിയുമായി സഹകരിച്ചു നടത്തിയ സൗജന്യമെഡിക്കൽ ക്യാമ്പ് ചാമംപതാൽ ഫാത്തിമമാതാ പള്ളി വികാരി റവ.ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ ഉദ്ഘാടനം ചെയ്തു. ഇടുക്കി വെള്ളയാംകുടി സെന്റ് ജോർജ് ഫൊറോന ചർച്ചിൽ ക്യാമ്പ് നടത്തി. കമ്യൂണിറ്റി മെഡിസിൻ വിഭാഗം നേതൃത്വം നൽകി. വ്യാപാരി വ്യവസായി ഏകോപനസമിതി പൈക യൂണിറ്റുമായി സഹകരിച്ചു നടത്തിയ ക്യാമ്പിനു കാർഡിയോളജി, ജനറൽ മെഡിസിൻ, ഗ്യാസ്ട്രോഎൻട്രോളജി വിഭാഗങ്ങൾ നേതൃത്വം നൽകി. വെള്ളിയാമറ്റം സെന്റ് ജോർജ് ചർച്ചിൽ നടത്തിയ മെഡിക്കൽ ക്യാമ്പിനു കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗം നേതൃത്വം നൽകി. കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി തേക്കടി ഡെസ്റ്റിനേഷൻ പ്രമോഷൻ കൗൺസിലുമായി ചേർന്നു തേക്കടി അബാദ്ഗ്രീൻ ഫോറസ്റ്റിൽ വച്ച് സൗജന്യമെഡിക്കൽ ക്യാമ്പ് നടത്തി. കാർഡിയോളജി ,ജനറൽ മെഡിസിൻ, പൾമനോളജി വിഭാഗങ്ങൾ നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മാർ സ്ലീവാ കോളജ് ഓഫ് നഴ്സിങ്ങിൽ യോഗദിനത്തോടനുബന്ധിച്ചു സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. ആയുർവേദവിഭാഗം കോഓർഡിനേറ്റർ ഡോ.പൂജ.ടി.അമൽ ക്ലാസ്സ് നയിച്ചു. ക്ലിനിക്കൽ സൈക്കോളജി വിഭാഗത്തിൽ നടത്തിയ ബോധവൽക്കരണക്ലാസ്സ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സിസ്റ്റർ ജൂലി എലിസബത്ത് നയിച്ചു. കല്ലറ സിസ്റ്റർ സാവിയോ പബ്ലിക് സ്കൂളിൽ നടത്തിയ ബോധവൽക്കരണക്ലാസ്സ് ഡയറ്റീഷ്യൻ റിന്റ റോയി നയിച്ചു. കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ നടത്തിയ ക്ലാസ്സ് സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.എയ്ഞ്ചൽ തോമസ് നയിച്ചു. കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടയം ബി.എസ്.എൻ.എൽ പെൻഷനേഴ്സ് അസോസിയേഷനുമായി ചേർന്നു സ്ട്രോക്ക് സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി.ന്യൂറോ സർജറി വിഭാഗം മേധാവി ഡോ.സരീഷ് കുമാർ എം.കെ.ക്ലാസ്സ് നയിച്ചു. യോഗദിനത്തോടനുബന്ധിച്ചു ഫെഡറൽ ബാങ്ക് കോട്ടയം സോണൽ ഓഫീസുമായി ചേർന്നു നടത്തിയ ബോധവൽക്കരണക്ലാസ്സ് ആയുർവേദവിഭാഗം കോഓർഡിനേറ്റർ ഡോ.പൂജ.ടി.അമൽ നയിച്ചു. കോട്ടയം മിഡാസ് ട്രേഡ്സ് പ്രൈവറ്റ് ലിമിറ്റഡിൽ ജീവിതശൈലീരോഗങ്ങളെക്കുറിച്ചു നടത്തിയ ക്ലാസ്സ്

കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗം കൺസൾട്ടന്റ് ഡോ.കെലീറ്റ ജോർജ് നയിച്ചു. കോട്ടയം സി.എൻ.ആർ കെമിക്കൽ പ്രൈവറ്റ് ലിമിറ്റഡിലും ജീവിതശൈലീരോഗങ്ങളെക്കുറിച്ചു ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനങ്ങൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ ബ്രില്യന്റ് സ്റ്റഡി സെന്ററിൽ ബി.എൽ.എസ്. പരിശീലനം നൽകി. എമർജൻസി മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ജെറിൻ മറിയം ജോൺസൺ നേതൃത്വം നൽകി.വെള്ളൂർ ന്യൂസ്പ്രിന്റ് നഗർ ഭവൻസ് സ്കൂൾ ഓഡിറ്റോറിയത്തിൽ മേവെള്ളൂർ സുകൃതം ചാരിറ്റബിൾ സൊസൈറ്റിയുമായി സഹകരിച്ചു നടത്തിയ ബി.എൽ.എസ് പരിശീലനത്തിനു അനസ്തേഷ്യോളജി വിഭാഗം ഡോക്ടർമാർ നേതൃത്വം നൽകി. കെ.ബിനിമോൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി കുമരകം താജ് റസിഡന്റ്സിയിൽ ബി.എൽ.എസ്. പരിശീലനം സംഘടിപ്പിച്ചു.

**രക്തദാനക്യാമ്പുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മാർ സ്ലീവാ കോളജ് ഓഫ് നഴ്സിങ്ങിൽ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു. നഴ്സിങ് കോളജ് വിദ്യാർത്ഥികൾ രക്തം ദാനം ചെയ്തു. വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ് പാമ്പാടി യൂണിറ്റിൽ നടത്തിയ രക്തദാനക്യാമ്പിൽ വ്യാപാരികൾ രക്തം ദാനം ചെയ്തു.

**ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി റേഡിയേഷൻ ഓങ്കോളജിവിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി ഡോ.ആന്റോ ബേബി, ന്യൂറോളജി വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ.അലൻ ജെയിംസ് എന്നിവർ ചുമതലയേറ്റു.

**ഫാ. മാത്യു തെക്കേൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**തിരുനാൾ**

ജൂലൈ 19 ഞായറാഴ്ച അൽഫോൻസാമ്മയുടെ തിരുനാളിന് കൊടിയേറി. രാവിലെ 11.15 ന് പാലാ രൂപത ബിഷപ് എമിരിറ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മഹനീയസാന്നിധ്യത്തിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് തിരുനാൾ കൊടിയേറ്റി. ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ ജോസഫ് കൊല്ലംപറമ്പിൽ സന്നിഹിതനായിരുന്നു.

തിരുനാളിന്റെ ഓരോ ദിവസവും ഓരോ പ്രത്യേകനിയോഗങ്ങൾക്കായി സമർപ്പിച്ചിരുന്നു.

ജൂലൈ 19: അൽഫോൻസിയൻ ശിശുദിനം
ജൂലൈ 20: അൽഫോൻസിയൻ ബാലദിനം
ജൂലൈ 21: അൽഫോൻസിയൻ വൈദികദിനം
ജൂലൈ 22: അൽഫോൻസിയൻ പ്രവാസിദിനം
ജൂലൈ 23: അൽഫോൻസിയൻ കുടുംബദിനം
ജൂലൈ 24: അൽഫോൻസിയൻ സമർപ്പിതദിനം
ജൂലൈ 25: അൽഫോൻസിയൻ നാമധാരിസംഗമം
ജൂലൈ 26: അൽഫോൻസിയൻ യുവജനദിനം
ജൂലൈ 27: അൽഫോൻസിയൻ രോഗിദിനം
ജൂലൈ 28: അൽഫോൻസിയൻ സഭാദിനം

**തിരുനാൾദിവസങ്ങളിൽ തീർത്ഥാടനകേന്ദ്രത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച അഭിവന്ദ്യപിതാക്കന്മാർ**

* മേജർ ആർച്ച് ബിഷപ് H.B. മാർ റാഫേൽ തട്ടിൽ (മേജർ ആർച്ചുബിഷപ്, സീറോ മലബാർസഭ)
* കർദിനാൾ മാർ ജോർജ് ആലഞ്ചേരി (മേജർ ആർച്ചുബിഷപ് എമിരിറ്റസ്, സീറോ മലബാർസഭ)
* മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപതാധ്യക്ഷൻ)
* യുഹാനോൻ മാർ തെയോഡോഷ്യസ് (മൂവാറ്റുപുഴ രൂപതാധ്യക്ഷൻ)
* മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ (താമരശ്ശേരി രൂപതാധ്യക്ഷൻ)
* മാർ ജോസഫ് കൊല്ലംപറമ്പിൽ (സഹായമെത്രാൻ, ഷംഷാബാദ് രൂപത)
* മാർ ആൻറണി കാട്ടിപ്പറമ്പിൽ (കൊച്ചി രൂപതാധ്യക്ഷൻ)
* മാർ ജോർജ് മഠത്തിക്കണ്ടത്തിൽ (കോതമംഗലം രൂപതാധ്യക്ഷൻ)
* മാർ ജോസഫ് പുളിക്കൽ (കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ)
* മാർ ജോസ് അഗസ്റ്റിൻ ചരണകുന്നേൽ (ആർച്ച് ബിഷപ്പ് എമിരിറ്റസ്, റായ്പ്പൂർ)
* മാർ ജേക്കബ് മുരിക്കൻ (മുൻസഹായമെത്രാൻ, പാലാരൂപത, നല്ലതണ്ണി ആശ്രമം)
* മാർ തോമസ് തറയിൽ (ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ)

**അൽഫോൻസാതീർത്ഥാടനം**

തിരുനാൾദിവസങ്ങളിൽ അൽഫോൻസാമ്മയുടെ കബറിടദേവാലയത്തിലേക്കു തീർത്ഥാടനം നടത്തിയവർ

* മാതൃവേദി, പാലാ രൂപത
* സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, അരീപ്പറമ്പ്, കൊച്ചി രൂപത

* അൽഫോൻസാ കോളേജ്, പാലാ
* ഫ്രാൻസിസ്കൻ മൂന്നാംസഭ
* സെന്റ് ആന്റണീസ് തീർത്ഥാടനദേവാലയം, ചെങ്ങളം, കാഞ്ഞിരപ്പള്ളി രൂപത
* സെന്റ് ജോസഫ്സ് ചർച്ച്, പൈക
* സേക്രട്ട്ഹാർട്ട് ഗേൾസ് ഹൈസ്കൂൾ, ഭരണങ്ങാനം
* സെന്റ് മേരീസ് ബോയ്സ് ഹൈസ്കൂൾ, ഭരണങ്ങാനം
* സാൻജോസ് പബ്ലിക് സ്കൂൾ, ചൂണ്ടച്ചേരി

**രാത്രിയാരാധന**

അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 24 വെള്ളിയാഴ്ച, FCC പാലാ പ്രൊവിൻസിന്റെ ആഭിമുഖ്യത്തിൽ രാത്രിയാരാധന നടത്തി.

ജൂലൈ 25 ശനിയാഴ്ച എഫ്സിസി ഭരണങ്ങാനം പ്രൊവിൻസിന്റെ ആഭിമുഖ്യത്തിലും രാത്രിയാരാധന നടത്തപ്പെട്ടു. വൈകിട്ട് 8 മണി മുതൽ രാവിലെ 5 മണിവരെ ആയിരുന്നു ആരാധന നടത്തിയത്.

**മാതൃവേദി തീർഥാടനം**

പാലാ രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ജൂലൈമാസം 10-ാം തീയതി അൽഫോൻസാതീർത്ഥാടനം നടത്തി. രാവിലെ 10 മണിക്ക് വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന ജപമാലപ്രദക്ഷിണത്തിൽ 3000 ത്തോളം മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. മാതൃവേദി പാലാ രൂപത ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ ചടങ്ങുകൾക്കു നേതൃത്വം നൽകി.

**വിവിധ ഭാഷകളിൽ വിശുദ്ധ കുർബാന**

തീർത്ഥാടനദേവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് അതിഥിത്തൊഴിലാളികൾക്കായി ജൂലൈ 19 ഞായറാഴ്ച ഹിന്ദിഭാഷയിൽ വി.കുർബാന നടത്തി. റവ.ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

ജൂലൈ 25 ശനിയാഴ്ച തമിഴ്ഭാഷയിലും വി. കുർബാന ഉണ്ടായിരുന്നു. മേവിട പള്ളി വികാരി റവ.ഫാ. അഗസ്റ്റിൻ തലോടിൽ വി. കുർബ്ബാനയർപ്പിച്ചു.

**ശ്രവണപരിമിതർക്കുവേണ്ടിയുള്ള വിശുദ്ധ കുർബാന**

തിരുനാളിന്റെ 7- ാം ദിവസമായ ജൂലൈ 25 ശനിയാഴ്ച ശ്രവണപരിമിതർക്കുവേണ്ടി പ്രത്യേക വി. കുർബാന ഉണ്ടായിരുന്നു. റവ. ഫാ.

ജോർജ് കളരിമുറിയി (ഡയറക്ടർ, ആദം മിനിസ്ട്രി, തലശ്ശേരി) ലാണ് വിശുദ്ധ കുർബാന അർപ്പിച്ചത്.

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**കലോത്സവം 2026 – 27**

ഈ വർഷത്തെ രൂപത കലോത്സവം സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ ബുള്ളറ്റിൻ (Bulletin No. 1/2026-27) Pdf രൂപത്തിൽ വികാരിയച്ചന്മാരുടെയും ഡയറക്ടർ അച്ചന്മാരുടെയും പ്രഥമാധ്യാപകരുടെയും WhatsApp ഗ്രൂപ്പുകളിലേക്കു നൽകിയിട്ടുണ്ട്. മത്സരയിനങ്ങളും മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകളും വിശദാംശങ്ങളും ഈ വാർത്താപത്രികയിൽനിന്നു വായിച്ചു മനസ്സിലാക്കാവുന്നതാണ്. ഈ വർഷത്തെ രൂപതാ രചന മത്സരങ്ങൾ 2026 ഓഗസ്റ്റ് 30 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ചും കലാമത്സരങ്ങൾ 2026 ഒക്ടോബർ 10-ാം തീയതി ശനിയാഴ്ച രാവിലെ 8:15 മുതൽ ചേർപ്പുങ്കൽ ഹോളിക്രോസ് H.S.Sൽ വച്ചും നടത്തപ്പെടും.

**രൂപത വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം സമ്മേളനം**

രൂപത വിശ്വാസപരിശീലന പ്രമോട്ടർമാരുടെ സൺഡേസ്കൂൾ സന്ദർശനത്തിനു മുന്നോടിയായി രൂപതയിലെ വിശ്വാസപരിശീലനപ്രമോട്ടേഴ്സ് ടീം അംഗങ്ങളുടെ മീറ്റിങ് 2026 ജൂലൈ 25-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

**ക്രിസ്റ്റ്യൻ ബോർഡ് മീറ്റിങ്**

2026-27 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന-സന്മാർഗ പാഠ്യപദ്ധതിയുടെ ഭാഗമായുള്ള ക്രിസ്റ്റ്യൻ ബോർഡ് മീറ്റിങ് 2026 ജൂലൈ 18 ശനിയാഴ്ച 2.30 ന് ഷലോം പാസ്റ്ററൽ സെൻററിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സിസ്റ്റർ ആൻസ് പൈകട എന്നിവർ നേതൃത്വം നൽകി.

**CTP കോഴ്സ് 2026-27**

2026-27 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ജൂലൈമാസത്തിലെ ക്ലാസുകൾ 2026 ജൂലൈ പതിനൊന്നാം തീയതി ഭരണങ്ങാനം മാതൃഭവനിൽ നടന്നു. ഡോ. ടി.സി. തങ്കച്ചൻ, റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

**ഓഗസ്റ്റ് മാസത്തിലെ ക്ലാസ്**

ഓഗസ്റ്റ് 8 ശനിയാഴ്ച

Session I - Fundementals of faith formation - ഡോ. ടി. സി തങ്കച്ചൻ,

Session II - Liturgy - റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

ഓഗസ്റ്റ് 12 – ബുധൻ Liturgy - റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

ഓഗസ്റ്റ് 25 – ചൊവ്വ Liturgy - റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

ഓഗസ്റ്റ് 27 – വ്യാഴം Liturgy - റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

**സ്കോളർഷിപ്പ് വിതരണം**

2025–26 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന–സന്മാർഗ പരിശീലന പരീക്ഷയിൽ സമ്മാനാർഹരായവർക്ക് സ്കോളർഷിപ്പ് വിതരണം 2026 ഓഗസ്റ്റ് 15 ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നതാണ്.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത സമിതിയുടെ 2026 ജൂലൈ മാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂലൈമാസം അഞ്ചാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ച് നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ ചെമ്മലമറ്റം ശാഖയിൽവച്ച് ഓഗസ്റ്റ്മാസം എട്ടാം തീയതി കുഞ്ഞേട്ടൻ അനുസ്മരണം നടക്കുന്നു.

**കുഞ്ഞുമിഷനറി**

മിഷൻ ലീഗ് പാലാ രൂപതയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ കുഞ്ഞുമിഷനറി മാസികയുടെ 2026 ജൂലൈമാസത്തിലെ പതിപ്പ് പ്രസിദ്ധീകരിച്ചു. മാസിക രൂപതാ മേഖല ഭാരവാഹികളുടെ നേതൃത്വത്തിൽ ശാഖകളിൽ എത്തിച്ചു വിതരണം ചെയ്തു.

**മേഖല വാർത്തകൾ**

**അരുവിത്തുറ മേഖല**

ചെറുപുഷ്പ മിഷൻ ലീഗ് അരുവിത്തുറ മേഖലയുടെ 2025–2026 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം ജൂലൈമാസം പന്ത്രണ്ടാം തീയതി

ഞായറാഴ്ച തിടനാട് സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ചു നടന്നു. പ്രസിഡന്റ് ജോണി മുണ്ടമറ്റം അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ റവ. ഡോ ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തിടനാട് ഇടവകവികാരി റവ.ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ, അരുവിത്തുറ മേഖലാഡയറക്ടർ റവ. ഫാ. ജോസഫ് ചെങ്ങഴശ്ശേരിൽ, തിടനാട് ശാഖാഡയറക്ടർ റവ. ഫാ. പോൾ ഇരട്ടമാക്കിൽ എന്നിവർ പ്രസംഗിച്ചു.

**ഇലഞ്ഞി മേഖല**

**പ്രവർത്തനവർഷം ഉദ്ഘാടനം**

ഇലഞ്ഞിമേഖലയുടെ 2025-2026 പ്രവർത്തനവർഷം ഉദ്ഘാടനം ജൂലൈ 5 ന് മുത്തോലപുരം സെന്റ് സെബാസ്റ്റ്യൻസ് സൺഡേസ്കൂൾ ഓഡിറ്റോറിയത്തിൽവച്ചു നടന്നു. CML സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി ശ്രീമതി ലിഷ വർഗീസ് ഓലിക്കൽ ഉദ്ഘാടനം നിർവഹിച്ചു.

**വൈസ് ഡയറക്ടേഴ്സ് സമ്മേളനം**

മേഖലയിലെ വിവിധ യൂണിറ്റുകളിലെ വൈസ് ഡയറക്ടേഴ്സ് സമ്മേളനം ജൂലൈ 5 ന് മുത്തോലപുരത്തു വച്ചു നടന്നു. പ്രസ്തുത യോഗത്തിൽ മേഖലാ ഡയറക്ടർ റവ. ഫാദർ ജോസഫ് തയ്യിൽ വൈസ് ഡയറക്ടർമാരെ പൊന്നാടയണിയിച്ച് ആദരിച്ചു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

---

# കെ.സി.എസ്.എൽ.

---

**അൽഫോൻസാ കളറിങ്**

കെ.സി.എസ്.എൽ ന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നടത്താറുള്ളതുപോലെ ഈ വർഷവും അൽഫോൻസാ കളറിങ് മത്സരം സ്കൂളുകളിൽ നടത്തി. 15000 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**വിതരണം ചെയ്തു**

കെ.സി.എസ്.എൽ പഠനപുസ്തകം സ്കൂളുകളിൽ വിതരണം നടത്തി.

**ലീഡേഴ്സ് ഇലക്ഷൻ ക്യാമ്പ്**

ഈ വർഷത്തെ കെ.സി.എസ്.എൽ ലീഡേഴ്സ് ക്യാമ്പ് ഭരണങ്ങാനം മാതൃഭവനിൽവച്ച് ജൂലൈ 10, 11 തീയതികളിലായി നടത്തപ്പെട്ടു. 10 ന് യു.പി. വിഭാഗത്തിനും 11 ന് എച്ച്.എസ്.എസ്, എച്ച്.എസ് വിഭാഗത്തിനുമായാണ് ക്യാമ്പ് നടത്തിയത്. 190 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പും ക്യാമ്പിൽ നടത്തപ്പെട്ടു. ചെയർമാനായി എമിൽ സിബിയും (സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസ്, രാമപുരം)

ജനറൽ സെക്രട്ടറിയായി ഹന്ന മരിയ ജോസഫും (സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്.എസ്, കടനാട്) തിരഞ്ഞെടുക്കപ്പെട്ടു. ഓരോ വിഭാഗത്തിൽ നിന്നും സെക്രട്ടറി, എക്സിക്യൂട്ടീവ് അംഗങ്ങളും തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. യു.പി. കുട്ടികൾക്കായി സനു തോമസും എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങൾക്കായി ബ്രിസ്റ്റോ മാത്യുവും ക്ലാസ്സുകൾ എടുത്തു.

**സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പ്**

ഈ വർഷത്തെ സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പ് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്നും 11 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസി. ഡയറക്ടർ)

## എസ്.എം.വൈ.എം. - കെ.സി.വൈ.എം.

**1. YATP സെഷൻ**

33-ാമത് YATP ബാച്ചിന്റെ മൂന്നാമത്തെ സെഷൻ ജൂൺ 27 ന് തൊടുപുഴ യൂണിറ്റിൽവച്ച് നടത്തപ്പെട്ടു. കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് അഷ്ന സി. കണ്ടത്തിക്കുടിയിൽ ലൈഫ് സ്കിൽസിനെക്കുറിച്ചുള്ള ക്ലാസ് എടുത്തു.

**2. നിവേദനം നൽകി**

ജൂലൈ 3 ദുക്റാനത്തിരുനാൾ പൊതു അവധിയായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പാലാ രൂപത സമിതി മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ, ഉന്നതവിദ്യാഭ്യാസമന്ത്രി ശ്രീ റോജി എം. ജോൺ, വിദ്യാഭ്യാസമന്ത്രി ശ്രീ എം. ഷംസുദീൻ എന്നിവർക്കു നിവേദനം നൽകി.

**3. നിവേദനം**

എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുക എന്ന ആവശ്യം മുൻനിർത്തി ഗവൺമെന്റ് ചീഫ് വിപ്പ് അഡ്വ. ജോൺ ജോസഫ്, വൈദ്യുതിവകുപ്പുമന്ത്രി അഡ്വ. സണ്ണി ജോസഫ്, ഉന്നത വിദ്യാഭ്യാസമന്ത്രി റോജി എം. ജോൺ, ജലവിഭവവകുപ്പുമന്ത്രി മോൻസ് ജോസഫ് എന്നിവർക്കു നിവേദനം സമർപ്പിച്ചു.

**4. ദുക്റാനത്തിരുനാൾ**

മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ചു നടത്തപ്പെട്ട സഭാദിനാചരണത്തിൽ പാലാ രൂപതാസമിതിയിലെ അംഗങ്ങളായ ജെസ്സറ്റ്, സക്കറിയാസ്, സിജോ എന്നിവർ പങ്കെടുത്തു.

**5. യുവജനദിനാഘോഷം**

ജൂൺ 5-ാം തീയതി മുരിക്കാശേരിയിൽവച്ചു നടത്തപ്പെട്ട KCYM സംസ്ഥാനസമിതിയുടെ യുവജനദിനാഘോഷത്തിൽ SMYM പാലാ രൂപതയെ പ്രതിനിധീകരിച്ച് KCYM സ്റ്റേറ്റ് സെക്രട്ടറി സെഞ്ചു ജേക്കബ്, സ്റ്റേറ്റ് സിൻഡിക്കേറ്റംഗം റോബിൻ ടി. ജോസ്, എബിൻ തോമസ്, ജോസ് ചാൾസ്, ജോസ് ആന്റണി, സാം സണ്ണി എന്നിവർ പങ്കെടുത്തു.

**6. ബാഡ്മിന്റൺ ടൂർണമെന്റ്**

പാലാ രൂപതയുടെ SPL പാറേമ്മാക്കൽ തോമാ കത്തനാർ ബാഡ്മിന്റൺ ഡബിൾസ് ടൂർണമെന്റ് ജൂലൈ 11-ാം തീയതി ശനിയാഴ്ച കടപ്ലാമറ്റം ഫൊറോനയുടെ ആതിഥേയത്വത്തിൽ കിടങ്ങൂർ ലയൺസ് ക്ലബ് മംഗളാരത്തു വച്ചു നടത്തപ്പെട്ടു. ടൂർണമെന്റ് ഉദ്ഘാടനം രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി നിർവഹിച്ചു.

ബാഡ്മിന്റൺ ഡബിൾസ് വിമൻസിൽ ചാമ്പ്യന്മാരായി മണ്ണാറപ്പാറ യൂണിറ്റും, രണ്ടാം സ്ഥാനം മീനച്ചിൽ യൂണിറ്റും, മൂന്നാം സ്ഥാനം കളത്തൂർ യൂണിറ്റും കരസ്ഥമാക്കി.

ബാഡ്മിന്റൺ ഡബിൾസ് മെൻസിൽ ചാമ്പ്യന്മാരായി പ്രവിത്താനം ഫൊറോനയും, രണ്ടാം സ്ഥാനം കടപ്ലാമറ്റം യൂണിറ്റും, മൂന്നാം സ്ഥാനം ഇലഞ്ഞി ഫൊറോനയും കരസ്ഥമാക്കി.

**7. ലോഗോ പ്രകാശനം**

പാലാ രൂപത 2026 പ്രവർത്തനവർഷത്തിലെ രൂപതാകലോത്സവം ബസർഗതരംഗം 2026 ന്റെ ലോഗോ പ്രകാശനം ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു.

**8. YATP**

33-ാമത് YATP ബാച്ചിന്റെ നാലാമത്തെ സെഷൻ മലയിഞ്ചിപ്പാറ യൂണിറ്റിൽവച്ച് ജൂലൈ 18-ാം തീയതി നടത്തപ്പെട്ടു. CV & ഇന്റർവ്യൂ ട്രെയിനിങ് സെഷൻ PSWS പ്രോജക്ട് മാനേജർ ശ്രീ ടോണി സണ്ണിയും, കരിയർ ഗൈഡൻസ് സെഷൻ കരിയർ കൗൺസെലർ ശ്രീമതി ജയമോൾ മാത്യുവും നയിച്ചു.

**9. അൽഫോൻസാ തീർത്ഥാടനം**

ജൂലൈ 26-ാം തീയതി ഭരണങ്ങാനം അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ അൽഫോൻസാ തീർത്ഥാടനം നടത്തി. അന്നേദിവസം രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് പരിശുദ്ധ കുർബാന അർപ്പിക്കുകയും, തുടർന്ന് രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി ജപമാലപ്രദക്ഷിണത്തിനു നേതൃത്വം നൽകുകയും ചെയ്തു.

**10. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിനെ എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിച്ചു**

എക്സിക്യൂട്ടീവ് അംഗങ്ങൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിനെ സന്ദർശിക്കുകയും കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കുകയും തുടർപ്രവർത്തനങ്ങളെക്കുറിച്ച് പിതാവുമായി ചർച്ച നടത്തുകയും ചെയ്തു.

**11. KCYM സംസ്ഥാന ഡയറക്ടർ രൂപത SMYM ഓഫീസ് സന്ദർശിച്ചു**

KCYM സംസ്ഥാന ഡയറക്ടർ ഡിറ്റോ അച്ചൻ രൂപത SMYM ഓഫീസ് സന്ദർശിക്കുകയും ഓഗസ്റ്റ് മാസത്തിൽ നടക്കാനിരിക്കുന്ന KCYM സംസ്ഥാന സെനറ്റ്സമ്മേളനത്തെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തു.

**12. SMYM രൂപത എക്സിക്യൂട്ടീവ് മീറ്റിങ്**

SMYM രൂപത എക്സിക്യൂട്ടീവ് മീറ്റിങ് ജൂലൈ 25 ശനിയാഴ്ച ഷലോമിൽ വച്ചു നടത്തപ്പെട്ടു. കഴിഞ്ഞമാസത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തുകയും അടുത്ത മാസങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

---

# ജീസസ് യൂത്ത്

---

**GOOOOSPEL - അരുവിത്തുറ ജീസസ് യൂത്ത് പ്രോഗ്രാം**

ജൂലൈ 2-ാം തീയതി വൈകുന്നേരം ആരംഭിച്ച് ജൂലൈ 3-ാം തീയതി ഉച്ചവരെ അരുവിത്തുറ സെൻ്റ് ജോർജ് കോളേജിൽ ജീസസ് യൂത്ത് അരുവിത്തുറയുടെ നേതൃത്വത്തിൽ GOOOOSPEL എന്ന പേരിൽ അരുവിത്തുറ ഇടവകയിലെ കുട്ടികൾക്കായി പ്രോഗ്രാം സംഘടിപ്പിച്ചു. ജപമാലപ്രദക്ഷിണം, പ്രാർത്ഥന, ദിവ്യകാരുണ്യ ആരാധന, വചനാധിഷ്ഠിതക്ലാസുകൾ, സംഗീതം, പങ്കുവയ്ക്കലുകൾ എന്നിവ പരിപാടിയുടെ ഭാഗമായി നടന്നു. ദൈവത്തിൻ്റെ അതിരില്ലാത്ത സ്നേഹം അനുഭവിക്കുന്നതിനും സുവിശേഷം ജീവിതത്തിലൂടെ സാക്ഷ്യം വഹിക്കേണ്ടതിൻ്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും സഹായകമായ വിവിധ സെഷനുകൾ പരിപാടിയിൽ ക്രമീകരിച്ചിരുന്നു. യുവജനങ്ങളെ ക്രിസ്തുവിനോടു കൂടുതൽ അടുപ്പിക്കാനും വിശ്വാസത്തിൽ ആഴപ്പെടാനും സുവിശേഷത്തിൻ്റെ സാക്ഷികളായി ജീവിക്കുവാനും പ്രചോദനം നൽകുന്ന അനുഗ്രഹപൂർണമായ അനുഭവമായി ഈ പ്രോഗ്രാം മാറി.

**Rosary Crusades**

പരി. അമ്മയോടുള്ള സ്നേഹവും ഭക്തിയും പ്രചരിപ്പിക്കുക, കുട്ടികൾക്കും യുവജനങ്ങൾക്കും ഇടയിൽ വിശുദ്ധി വളർത്തുക എന്നീ

ലക്ഷ്യങ്ങളോടെ പാലാ ജീസസ് യൂത്ത് ഇന്റർസെഷൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ടീൻസ് മിനിസ്ട്രിയുടെയും പാരിഷ് മിനിസ്ട്രിയുടെയും സഹകരണത്തോടെ ആരംഭിച്ച ഒരു ജപമാലയാത്രയാണ് Rosary Crusades. June 29 ന് പാലാ മേരി മാതാ പബ്ലിക് സ്കൂളിൽനിന്നാരംഭിച്ച ഈ യാത്ര സെന്റ് ജോസഫ്സ് എച്ച്എസ്എസ് വിളക്കുമാടം, സെന്റ് തെരേസാസ് യു.പി സ്കൂൾ വിളക്കുമാടം, സെന്റ് മേരീസ് എച്ച്എസ്എസ്, ഭരണങ്ങാനം, സെന്റ് മേരീസ് ബോയ്സ് സ്കൂൾ എന്നീ സ്കൂളുകളിലൂടെയും അരുവിത്തുറ, കൊഴുവനാൽ എന്നീ ഇടവകകളിലൂടെയും കടന്നു പോകാൻ ദൈവം തിരുമനസ്സായി. തിങ്കൽ മുതൽ വെള്ളി വരെ സ്കൂളിലും ശനി, ഞായർ ദിവസങ്ങളിൽ ഇടവകകളിലും എന്ന രീതിയിലാണ് ഈ യാത്ര നടത്തപ്പെട്ടത്.

**വാകക്കാട് ഇടവക പ്രോഗ്രാം**

ജൂൺ 28-ാം തീയതി വാകക്കാട് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായി അർധദിന പ്രോഗ്രാം സംഘടിപ്പിച്ചു. വികാരി ഫാ. മാത്യു കോലത്തിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ 80 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രാർത്ഥന, ഗാനങ്ങൾ, ക്ലാസുകൾ, ഗ്രൂപ്പ് ആക്ടിവിറ്റികൾ, വിവിധ സെഷനുകൾ എന്നിവ പരിപാടിയുടെ ഭാഗമായി നടന്നു.

ദൈവസ്നേഹം, ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം, പ്രാർത്ഥനാജീവിതത്തിന്റെ പ്രാധാന്യം എന്നീ വിഷയങ്ങൾ വിദ്യാർത്ഥികളുമായി പങ്കു വച്ചു. കുട്ടികളുടെ വിശ്വാസജീവിതം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഈശോയോടുള്ള വ്യക്തിപരമായ ബന്ധം വളർത്തുന്നതിനും ഈ പരിപാടി സഹായകമായി. പങ്കെടുത്ത എല്ലാവർക്കും അനുഗ്രഹപൂർണ്ണവും സന്തോഷകരവുമായ അനുഭവമായി ഈ പ്രോഗ്രാം മാറി.

**രാമപുരം തീർഥാടനം**

ജൂലൈ 3-ാം തീയതി ജീസസ് യൂത്ത് രാമപുരം ഇടവകയുടെ നേതൃത്വത്തിൽ പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിനായി പ്രത്യേക തീർഥാടനം സംഘടിപ്പിച്ചു. രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം കുഞ്ഞച്ചന്റെ പള്ളിയിൽനിന്നാരംഭിച്ച തീർഥാടനം ഫൊറോനാ ദേവാലയത്തിലേക്കും തുടർന്ന് സി.എം.സി ഹോസ്റ്റൽ കോൺവെന്റിലേക്കും ക്രമീകരിച്ചു.

പരിപാടിയുടെ ഭാഗമായി പ്രാർത്ഥന, വിശുദ്ധ കുർബാന, പരിശുദ്ധ കുർബാനസ്വീകരണം, തീർഥാടനം എന്നിവ നടന്നു. വിശുദ്ധ കുർബാനയിലൂടെ ലഭിക്കുന്ന കൃപയെ കൂടുതൽ ആഴത്തിൽ അനുഭവിക്കുവാനും ദൈവത്തോടുള്ള ഐക്യം പുതുക്കുവാനും ഈ ആത്മീയ യാത്ര പങ്കെടുത്തവർക്ക് അനുഗ്രഹപൂർണമായ അനുഭവമായി.

**HIDE & SEEK**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5 മുതൽ 12 വരെ ക്ലാസു കളിലെ കുട്ടികൾക്ക് പഠനരംഗത്തു പിന്തുണ നൽകുക എന്ന ലക്ഷ്യ ത്തോടെ മിഷൻ ടീം ആരംഭിച്ച ഓൺലൈൻ പദ്ധതിയാണ് HIDE & SEEK. ജീസസ് യൂത്തിലെ അധ്യാപകരുടെ സഹകരണത്തോടെ കുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസസഹായം, വിഷയങ്ങളിൽ വ്യക്തത ലഭിക്കാനുള്ള മാർഗനിർദേശം, പഠനത്തിൽ ആത്മവിശ്വാസം വർധിപ്പിക്കുന്ന പിന്തുണ എന്നിവ നൽകിവരുന്നു.

**ACT SIXTEEN**

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെൻറ് അൽഫോൻ സാ ഷ്റൈനിനോട് ചേർന്നുള്ള സ്പിരിച്വാലിറ്റി സെന്ററിൽ വെച്ച് പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ -'ACT SIXTEEN', ഒരു മണിക്കൂർ Praise & Worship നടത്തപ്പെടുന്നു.

**ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചു ചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോ ഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ശനിയാഴ്ചകളിൽ രാത്രി 9മണി ക്ക് ഗൂഗിൾ മീറ്റിൽ വച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതെറിങ് നടത്തിവരുന്നു.ക്രിസ്ത്യൻ സംഗീതമേഖലയിലുള്ളവർ ക്ഷണിക്കപ്പെടു കയും അവർ പങ്കെടുക്കുന്നവരുമായി സംവദിക്കുകയും ചെയ്യുന്നു.

**Sing 4 Gsus**

പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ക്രിസ്തീയഗാനങ്ങളിലൂടെ പ്രാർത്ഥിക്കുവാൻ എന്ന ആശയത്തോടെ നടത്തപ്പെടുന്ന 'Sing 4 Gsus-' എന്ന വാട്സാപ്പ് ഗ്രൂപ്പ് എല്ലാ ദിവസവും ഒരു ക്രിസ്തീയഗാനവും, അതിന്റെ വരികളും ട്രാക്കും ഒപ്പം ഒരു ചെറിയ പ്രാർത്ഥനയും ഷെയർ ചെയ്യുന്നു.

**ഇംഗ്ലീഷ് ക്വയർ**

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിൽ വച്ച്, പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃ ത്വത്തിൽ, സീറോ മലബാർ കുർബാനയുടെ ഇംഗ്ലീഷ് വേർഷൻ ജന കീയമാക്കുന്നതിനും ആളുകളിലേക്ക് എത്തിക്കുന്നതിനുമായി സിറോ മലബാർ ഇംഗ്ലീഷ് ക്വയർ നടന്നുവരുന്നു.

**AVIV**

ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂൺ 13, രണ്ടാം ശനിയാഴ്ച അരുണാപുരം സെന്റ് തോമസ് ദേവാലയത്തിൽ വച്ച് AVIV എന്ന പേരിൽ സ്കൂൾകുട്ടികൾക്കായി ഗാതറിങ് നടത്തപ്പെട്ടു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കു ശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ ബുധനാഴ്ചക്കൂട്ടായ്മ നടത്തിവരുന്നു. പ്രാർത്ഥന, വചനംപങ്കിടൽ, ഗാനങ്ങൾ, അനുഭവസാക്ഷ്യങ്ങൾ എന്നിവയിലൂടെ യുവജനങ്ങളെ ഈശോയുടെ സ്നേഹത്തിലേക്കു കൂടുതൽ അടുപ്പിക്കാൻ ഈ കൂട്ടായ്മ സഹായിക്കുന്നു. ആത്മീയവളർച്ചയ്ക്കും വിശ്വാസജീവിതത്തിലെ സ്ഥിരതയ്ക്കും ഈ കൂട്ടായ്മ വലിയ അനുഗ്രഹമായി മാറുന്നുണ്ട്.

**ഹൗസ്ഹോൾഡ്**

ജൂലൈ 5 ഞായറാഴ്ച ഹൗസ് ഹോൾഡുകൾ സംഘടിപ്പിച്ചു. ജീസസ് യൂത്തിലെ പ്രാർത്ഥനാജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഹൗസ് ഹോൾഡുകൾ സഹായകമായി.

**മധ്യസ്ഥപ്രാർത്ഥന**

പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ചു പ്രാർത്ഥിക്കാനുമായി എല്ലാ തിങ്കളാഴ്ചയും 4 മുതൽ 5 മണി വരെ പാലാ SH മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തിവരുന്നു. എല്ലാ ദിവസവും രാത്രി 9 മണിക്ക് ഓൺലൈനായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. പാലാ സോൺ ഒന്നിച്ച് വിവിധ നിയോഗങ്ങൾക്കും ശുശ്രൂഷകൾക്കും കുടുംബങ്ങൾക്കും യുവജനങ്ങൾക്കുംവേണ്ടി സമർപ്പിച്ചു നടത്തുന്ന ഈ പ്രാർത്ഥന നിരവധി ആളുകൾക്ക് അനുഗ്രഹമാകുന്നുണ്ട്.

**അനുദിനവിശുദ്ധർ**

വിശുദ്ധരാകാനും വിശുദ്ധിയിൽ വളരാനും അനേകരെ പ്രചോദിപ്പിക്കുവാൻ ജീസസ് യൂത്ത് പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ EVERYDAY SAINTS എന്ന പേരിൽ ഒരു വാട്സാപ്പ് കൂട്ടായ്മ നടന്നുപോകുന്നു. പല പേരുകളിൽ, പല ജീവിതങ്ങളിലൂടെ ക്രിസ്തുവിനെ ലക്ഷ്യമാക്കി ജീവിച്ച സഭയുടെ വിശുദ്ധരെ ഓരോ ദിവസവും അടുത്തറിയുവാനും അവരുമായുള്ള സൗഹൃദത്തിൽ ഈ കാലഘട്ടത്തിന്റെ വിശുദ്ധരായി മാറുവാനുമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

## കുടുംബക്കൂട്ടായ്മ

1. ഇലഞ്ഞി ഫൊറോനായിലെ കുടുംബക്കൂട്ടായ്മ വാർഷികസമ്മേളനം രൂപതാഡയറക്ടർ റവ.ഫാ. തോമസ് ഓലായത്തിൽ ഉദ്ഘാടനം ചെയ്തു. കൂട്ടായ്മ പ്രസിഡൻറ് ഷിജോ ജോൺ പാറക്കണ്ടത്തിൽ അധ്യക്ഷത വഹി

ച്ചു. വികാരി വെരി. റവ. ഫാ.ജോസഫ് ഇടത്തുംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോസഫ് ചീനോത്തുപറമ്പിൽ സ്വാഗതവും ബാബു നരിക്കുന്നേൽ നന്ദിയും പറഞ്ഞു .

2. കടുത്തുരുത്തി ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം സെന്റ് ആന്റണീസ് പാരീഷ് ഹാളിൽ വച്ചു നടന്നു. വികാരി റവ.ഫാ. ജോൺ പാളിത്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു. ബെന്നി പുതുമന അധ്യക്ഷത വഹിച്ചു. സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ ക്ലാസ് എടുത്തു.

3. കുടുംബക്കൂട്ടായ്മ രൂപത എക്സിക്യൂട്ടീവ്സമ്മേളനവും റിസോഴ്സ് ടീം അംഗങ്ങളുടെ സമ്മേളനവും നടന്നു. സമ്മേളനത്തിൽ ഫാ. തോമസ് ഓലായത്തിൽ, ഫാ. പോൾ കുന്നുംപുറം എന്നിവർ സംസാരിച്ചു. കൂട്ടായ്മക്ലാസുകൾ കൂടുതൽ സജീവമാക്കാൻ തീരുമാനിച്ചു.

4. 12/7/2026 മംഗളാരാം ഇടവകയിലെ വാർഡുതല കുടുംബക്കൂട്ടായ്മ ക്ലാസുകൾ നടന്നു. വികാരി റവ. ജോസഫ് മുണ്ടയ്ക്കലിന്റെ പ്രാർത്ഥനാശീർവാദത്തോടെ ക്ലാസ്സുകൾ ആരംഭിച്ചു .15 വാർഡുകളിലും കുടുംബക്കൂട്ടായ്മ അംഗങ്ങൾ ക്ലാസെടുത്തു.

5. 19/07/2026 പൈങ്ങുളം സെൻറ് മേരീസ് ഇടവകയിൽ വാർഡുതലകുടുംബക്കൂട്ടായ്മ ക്ലാസുകൾ നടന്നു. വികാരി റവ. ഫാ. ആന്റണി വാഴയിലിന്റെ പ്രാർത്ഥനാശീർവാദത്തോടെ ക്ലാസുകൾ ആരംഭിച്ചു. ഇടവകയിലെ 9 വാർഡുകളിലും കൂട്ടായ്മ റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസെടുത്തു.

6. 24/7/2026 2 pm ന് കുടുംബക്കൂട്ടായ്മ എക്സിക്യൂട്ടീവ് യോഗം ഷലോമിൽ ചേർന്നു. 3 pm ന് രൂപത കൗൺസിൽ യോഗം ചേർന്നു.

7. 6/07/2026 വാക്കാട് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം റവ ഫാ. മാത്യു കോലത്ത് ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപത്തിൽ ക്ലാസ് നയിച്ചു.

**ഫാ. തോമസ് ഓലായത്തിൽ** (ഡയറക്ടർ)

**ഫാ. പോൾസൺ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

## ഫാമിലി അപ്പോസ്തലേറ്റ്

**1. പിതൃവേദി, മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിങ്**

1/7/2026 (ബുധൻ) ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃവേദി, മാതൃവേദിയുടെ സംയുക്ത എക്സിക്യൂട്ടീവ് യോഗം കൂടുകയുണ്ടായി. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംസാരിച്ചു. പ്രസ്തുത യോഗത്തിൽ വച്ച്

ജൂലൈ 19 ന് നടക്കാനിരിക്കുന്ന കുടുംബസംഗമത്തെക്കുറിച്ച് ചർച്ച ചെയ്തു.

**2. സഭാദിനം**

ജൂലൈ 3 വെള്ളിയാഴ്ച കാക്കനാട് സീറോ മലബാർ സഭാ കാര്യാലയത്തിൽവച്ചു നടത്തപ്പെട്ട സഭാദിനത്തിൽ ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ പങ്കെടുത്തു.

**3. വാർഷികധ്യാനം**

ജൂലൈ 6 മുതൽ 10 വരെ നടത്തപ്പെട്ട അച്ചൻമാരുടെ ആദ്യ ബാച്ച് വാർഷികധ്യാനത്തിൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറും അസി. ഡയറക്ടറും പങ്കെടുത്തു.

**4. സംയുക്ത എക്സിക്യൂട്ടീവ്**

ജൂലൈ 15 ബുധനാഴ്ച ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് പിതൃവേദിയുടെയും മാതൃവേദിയുടെയും സംയുക്ത എക്സിക്യൂട്ടീവ് നടത്തപ്പെട്ടു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറും അസി. ഡയറക്ടറും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ജൂലൈ 19 ഞായറാഴ്ച നടക്കാനിരിക്കുന്ന കുടുംബസംഗമത്തിന്റെ ക്രമീകരണങ്ങളെക്കുറിച്ചും അന്ന് ആരംഭിക്കാനിരിക്കുന്ന പാലാ രൂപത കുടുംബവൃക്ഷത്തെക്കുറിച്ചും സംസാരിച്ചു.

**5. കുടുംബസംഗമം**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷാമേഖലകളായ പിതൃവേദി, മാതൃവേദി പ്രോലൈഫ് സമിതികളുടെ നേതൃത്വത്തിൽ കുടുംബസംഗമം ജൂലൈ 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ച് ഡീക്കൻ തീർത്ഥാടനദേവാലയ പാരിഷ് ഹാളിൽവച്ചു നടത്തപ്പെട്ടു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. പിതൃവേദി, മാതൃവേദി, പ്രോലൈഫ് പ്രസിഡന്റുമാരും സെക്രട്ടറിമാരും കുറവിലങ്ങാട് മേഖല, യുണിറ്റ് സംഘടനാഭാരവാഹികളും ജോയിന്റ് ഡയറക്ടർ സിസ്റ്റർമാരും കുറവിലങ്ങാട് മാതൃവേദി ഡയറക്ടർ റവ. ജോവാനി കുറുവാച്ചിറയും യോഗത്തിൽ പങ്കെടുത്തു. പാലാ രൂപതയിലെ ഇരുപത് ഫൊറോനയിൽ നിന്നുമുള്ള, കുടംബത്തിനു നേതൃത്വം നൽകുന്ന നാലായിരത്തോളം മാതാപിതാക്കന്മാർ സംഗമത്തിനു സാക്ഷികളായി. അതോടൊപ്പം പാലാ

രൂപതയുടെ കുടുംബവൃക്ഷം എന്ന പദ്ധതിയും ഉദ്ഘാടനം ചെയ്തു.

**6. മാര്യേജ് കോഴ്സ്**

ജൂലൈ 24, 25, 26 തീയതികളിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹ ഒരുക്കധ്യാനം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടത്തപ്പെട്ടു.

**മാതൃവേദി**

**1. എ.ഐ. പഠനശിബിരം**

ജൂലൈ 1,13,15,18 തീയതികളിൽ അമ്മമാർക്കായി നവമാധ്യമ മായ ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സു കൾ നടത്തി. 150 ഓളം അമ്മമാർ പ്രസ്തുത ക്ലാസ്സിൽ പങ്കെടുത്തു. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടത്തിൽ ക്ലാസ്സുകൾക്കു നേതൃത്വം നല്കി. രൂപതാ സമിതി ഭാരവാഹികൾ ക്ലാസ്സുകൾക്കുവേണ്ട ക്രമീകര ണങ്ങൾ നടത്തി.

**2. അൽഫോൻസിയൻ തീർത്ഥാടനം**

ജൂലൈ 10 വെള്ളിയാഴ്ച ഭരണങ്ങാനം അൽഫോൻസാ തീർത്ഥാ ടനകേന്ദ്രത്തിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അൽഫോൻസിയൻ തീർത്ഥാടനം നടത്തി. മൂവായിരത്തോളം അമ്മമാർ തീർത്ഥാടനത്തിൽ പങ്കുചേർന്നു. ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ വിശുദ്ധബലി അർപ്പിച്ചു പ്രാർത്ഥിച്ചു. ഫാമിലി അപ്പോ സ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വചനസന്ദേശം നൽകി.

**3. ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂലൈ 16 വ്യാഴാഴ്ച വൈകിട്ട് 8.30 ന് മാതൃവേദി രൂപത എക് സിക്യൂട്ടീവ് അംഗങ്ങൾ ജൂലൈ 19 ന് നടക്കുന്ന കുടുംബസംഗമത്തെക്കു റിച്ചുള്ള ചർച്ചകൾക്കുവേണ്ടി ഓൺലൈനിൽ ഒരുമിച്ചുകൂടി.

**പിതൃവേദി**

**1. പ്രസിഡന്റുമാരുടെ യോഗം**

ജൂലൈ 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃവേദി യൂണിറ്റ്പ്രസിഡന്റുമാരുടെ യോഗം നടത്ത പ്പെട്ടു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരി തൂക്കിൽ യോഗത്തിൽ സംസാരിച്ചു. ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ സ്വാഗതം ആശംസിച്ചു. പിതൃവേദി രൂപതാ പ്രസിഡന്റ് ശ്രീ. ജോസ് തോമസ് മുത്തനാട്ട് യോഗത്തിൽ അധ്യക്ഷത വഹിച്ചു. തൊ

ണ്ണൂറോളം ഭാരവാഹികൾ യോഗത്തിൽ പങ്കുചേർന്നു. ജൂലൈ 19 ലെ കുടുംബസംഗമത്തെക്കുറിച്ചു ചർച്ചകൾ നടത്തി.

**2. വി. അൽഫോൻസാമ്മയുടെ തിരുനാൾ**

ജൂലൈ 26 ഞായറാഴ്ച തിടനാട് സെന്റ് ജോസഫ് തീർത്ഥാടനകേന്ദ്രത്തിൽ വച്ച് പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വി. അൽഫോൻസാമ്മയുടെ തിരുനാൾദിനത്തിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**3. പിതൃവേദി യോഗം**

ജൂലൈ 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 5 മണിക്ക് പെരിങ്ങുളം ഇടവകയിൽവച്ചു നടത്തപ്പെട്ട പിതൃവേദിയോഗത്തിൽ പാലാരൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ പങ്കെടുത്തു സംസാരിച്ചു.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

## കത്തോലിക്കാ കോൺഗ്രസ്

**1. സീറോ മലബാർ സഭാദിനാഘോഷം**

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ, സീറോ മലബാർ സഭാദിനമായി ആഘോഷിച്ചു. രൂപതാസമിതിയുടെ നേതൃത്വത്തിൽ ചെമ്മലമറ്റം 12 ശ്ലീഹന്മാരുടെ ഇടവകയൂണിറ്റിന്റെ സഹകരണത്തോടെ നടത്തിയ ആഘോഷങ്ങൾ കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ബെന്നി കിണറ്റുകര തുടങ്ങിയവർ സംസാരിച്ചു.

**2. പുസ്തകപ്രകാശനം**

ഭാരതസഭയിലെ വലിയ മല്പാനും പൗരസ്ത്യവിദ്യാപീഠത്തിലെ പ്രൊഫസറുമായിരുന്ന കൂനമ്മാക്കൽ തോമ്മാക്കത്തനാർ, നിധീരിക്കൽ മാണിക്കത്തനാരെക്കുറിച്ചെഴുതിയ പുസ്തകം രൂപതാ ചാൻസലർ ഫാ. ഡോ. ജോസഫ് കുറ്റിയാങ്കൽ, രൂപതാ ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലിനു നല്കി പ്രകാശനം ചെയ്തു. രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി, ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, രൂപതാഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**3. അടുക്കളത്തോട്ടമത്സരം-2026**

**വിത്തുവിതരണ ഉദ്ഘാടനം**

കത്തോലിക്കാകോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന 12-ാമത് 'അടുക്കളത്തോട്ടമത്സരം 2026' ന് തുടക്കം കുറിച്ചു. രൂപതാതലവിതരണം പാലാ ബിഷപ്സ് ഹൗസ് ഹാളിൽ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ചടങ്ങിൽ എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ഫാ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ടോമി കണ്ണീറ്റുമ്യാലിൽ, ജോയി കണിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

രൂപതയിലെ 5 കേന്ദ്രങ്ങളിൽവച്ച് കാർഷികസെമിനാറും വിത്തുവിതരണവും നടത്തും. പാലാ സോണിലെ യൂണിറ്റുകൾക്കുള്ള വിത്തുവിതരണം അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

**പാലാ സോൺ**

പാലാ, കൊഴുവനാൽ, ഭരണങ്ങാനം, പ്രവിത്താനം ഫൊറോനകൾ.

**ഇലഞ്ഞി സോൺ**

ഇലഞ്ഞി, മുട്ടുചിറ, കടുത്തുരുത്തി, കൂത്താട്ടുകുളം, ഫൊറോനകൾ ഓഗസ്റ്റ് 9 ന് കൂത്താട്ടുകുളം പള്ളി ഹാളിൽ.

**മൂലമറ്റം സോൺ**

മൂലമറ്റം, തുടങ്ങനാട്, രാമപുരം, കടനാട്, ഫൊറോനകൾ- ഓഗസ്റ്റ് 15 ന് സിബിഗിരി പള്ളി ഹാൾ.

**അരുവിത്തുറ സോൺ**

അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ ഫൊറോനകൾ - ഓഗസ്റ്റ് 16 ന് തീക്കോയി പള്ളി ഹാൾ.

**കുറവിലങ്ങാട് സോൺ**

കുറവിലങ്ങാട്, കോതനല്ലൂർ, കടപ്ലാമറ്റം, ചേർപ്പുങ്കൽ ഫൊറോനകൾ - ഓഗസ്റ്റ് 23 ന് കടപ്ലാമറ്റം പള്ളിഹാൾ.

**4. പൊളിറ്റിക്കൽ അക്കാദമി**

രാഷ്ട്രീയരംഗത്ത് മൂല്യബോധവും സാമൂഹികബോധവും വളർത്തി പുതുതലമുറയെ വാർത്തെടുക്കാൻ കത്തോലിക്കാ കോൺഗ്രസ് പഠനപരിശീലനപദ്ധതികൾ നടപ്പാക്കുന്നതിനായി പൊളിറ്റിക്കൽ അക്കാദമി രൂപീകരിച്ചു. ഗ്ലോബൽ വൈസ് പ്രസിഡന്റ് ഷെവലിയാർ കെ. എം. ഫ്രാൻസിസ് അതിനു നേതൃത്വം നല്കും. ഔപചാരികോദ്ഘാടനം പാലാരിവട്ടം പിഒസിയിൽ നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ മേജർ

ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ നിർവഹിച്ചു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു. ബിഷപ് ഡെലഗേറ്റ് മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ മുഖ്യപ്രഭാഷണം നടത്തി. ഓരോ രൂപത യിൽനിന്നും തിരഞ്ഞെടുത്ത 5 പേർ വീതം ഒരുവർഷം നീളുന്ന പരിശീ ലനപരിപാടിയിൽ പങ്കെടുക്കും.

**5. ദേശീയസമ്മേളനം**

'സമുദായശക്തീകരണം രാഷ്ട്രപുരോഗതിക്ക്' എന്ന മുദ്രാവാ ക്യവുമായി ഇന്ത്യയിലെ എല്ലാ സീറോ മലബാർരൂപതകളിൽനിന്നുമുള്ള കത്തോലിക്കാ കോൺഗ്രസ് പ്രതിനിധികളെ ഒന്നിപ്പിച്ചുകൊണ്ട് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ സീറോ മലബാർ സമുദായദേശീയസമ്മേ ളനം സംഘടിപ്പിക്കുന്നു. 2026 ഓഗസ്റ്റ് 1, 2 തീയതികളിലായി കല്യാൺ രൂപതയുടെ ആതിഥേയത്വത്തിൽ മുംബൈയിൽവച്ചാണ് സമ്മേളനം നടത്തുന്നത്. മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, കർദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ്, ആർച്ചുബിഷപ് മാർ സെബാസ്റ്റ്യൻ വാ ണിയപ്പുരയ്ക്കൽ, ബിഷപ്പുമാരായ മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ, മാർ തോമസ് ഇലവനാൽ, മാർ ജോസഫ് അരുമച്ചാടത്ത്, മാർ ജെയിംസ് പട്ടേരിൽ, മാർ തോമസ് പാടിയത്ത് എന്നിവരും സമുദായ-സാമൂഹിക-രാഷ്ട്രീയ-സാംസ്കാരികനേതാക്കളും പങ്കെടുക്കും.

**6. ഗ്ലോബൽസമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമ്മേളനം 2026 ഒക്ടോ ബർ 19-23 ന് റോമിൽവച്ചു നടക്കുന്നു.

**7. ഫൊറോനാ വാർത്തകൾ**

**കൂത്താട്ടുകുളം**

കൂത്താട്ടുകുളം ഫൊറോന മീറ്റിങ്, ഫൊറോന ഡയറക്ടർ ഫാ. ജെയിംസ് കുടിലിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ബേബി ആലുങ്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ബിജു തേർമഠം തുടങ്ങിയവർ സംസാ രിച്ചു.

**കടനാട്**

കടനാട് ഫൊറോനയുടെ വിശേഷാൽയോഗം ഫൊറോന പ്രസി ഡന്റ് ബിനു വള്ളോംപുരയിടത്തിലിന്റെ അധ്യക്ഷതയിൽ പിഴകുപള്ളി ഹാളിൽ നടത്തി. രൂപതാ ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് തെക്കേൽ മുഖ്യപ്രഭാഷ ണവും ജോസ് ജോസഫ് മലയിൽ, എം.എം. ജേക്കബ്, അൽഫോൻസാ ദാസ് തുടങ്ങിയവർ ആശംസകൾ നേർന്നു.

**8. യൂണിറ്റ് വാർത്തകൾ**

**തിടനാട്**

തിടനാട് യൂണിറ്റിന്റെ പ്രത്യേകസമ്മേളനം സെബാസ്റ്റ്യൻ കൊല്ലികുളവിന്റെ അധ്യക്ഷതയിൽ ചേർന്നു. ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ വൈസ്പ്രസിഡന്റ് ജോൺസൺ ചെറുവള്ളി, രൂപതാ സെക്രട്ടറി ബെന്നി കിണറ്റുകര, ഫൊറോന സെക്രട്ടറി ടോമിച്ചൻ പഴയമഠത്തിൽ തുടങ്ങിയവർ സംസാരിച്ചു.

**തീക്കോയി**

തീക്കോയി യൂണിറ്റിന്റെ വാർഷികസമ്മേളനവും പ്രതിഭാസംഗമവും നടത്തി. ഡയറക്ടർ ഫാ. ജോർജ് വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരി സമ്മാനങ്ങൾ വിതരണം ചെയ്തു.

രൂപതാ വൈസ്പ്രസിഡന്റ് പയസ് കവളംമാക്കൽ, ഫൊറോന പ്രസിഡന്റ് ജോ സെബാസ്റ്റ്യൻ, അസി. വികാരി ജേക്കബ് കരിനാട്ട് തുടങ്ങിയവർ സംസാരിച്ചു.

**പൂഞ്ഞാർ**

പൂഞ്ഞാർ യൂണിറ്റിന്റെ പുതിയ ഓഫീസ് വികാരി ഫാ. തോമസ് പനയ്ക്കക്കുഴിയിൽ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ രൂപതാ വൈസ്പ്രസിഡന്റ് ജോൺസൺ ചെറുവള്ളി, ഫാ. ജോസഫ് വിളക്കുന്നേൽ, ജോർജ് തൊടുവനാൽ, ക്ലിന്റ് അരീപ്ലാക്കൽ എന്നിവർ സന്നിഹിതരായിരുന്നു. യൂണിറ്റ് പ്രസിഡന്റ് ജോയി കല്ലാറ്റ് അധ്യക്ഷത വഹിച്ചു.

**ചെമ്മലമറ്റം**

*ചെമ്മലമറ്റം വനിതാ യൂണിറ്റിന്റെ പുതിയ ഭാരവാഹികൾ*

പ്രസിഡന്റ്: ശ്രീമതി ജോസി പ്രിൻസ്, വാളിയപാറക്കാട്ട്

സെക്രട്ടറി: ശ്രീമതി ജീന സാജൻ. ചക്കാലയിൽ

ട്രഷറർ: ശ്രീമതി ജിജി റ്റോമി, പൊരിയത്ത്

വൈസ് പ്രസിഡന്റ്: ശ്രീമതി നിസി തോമസ് തൂങ്കുഴിയിൽ.

ജോ. സെക്രട്ടറി: ശ്രീമതി ജയ്മോൾ സജീവ് മണ്ണൂരെട്ടൊന്നിൽ

**കാവുംകണ്ടം**

കാവുംകണ്ടം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 10,+2 ക്ലാസുകളിൽ എ+ വാങ്ങിയവരെയും ഉന്നതവിജയം നേടിയവരെയും ആദരിച്ചു. വികാരി ഫാ. ജോർജ് പോളച്ചിറ കുന്നുംപുറം സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോജോ പടിഞ്ഞാറയിൽ, അധ്യക്ഷത വഹിച്ചു. ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി സമ്മാനങ്ങൾ വിതരണം ചെയ്തു.

**കടപ്ലാമറ്റം**

യൂണിറ്റിന്റെ മീറ്റിങ് അഡ്വ. സജീവ് മാത്യുവിന്റെ അധ്യക്ഷതയിൽ നടത്തി. വികാരി ഫാ. ജോസഫ് മുളഞ്ഞനാൽ ഉദ്ഘാടനം ചെയ്തു. ലഹരിവിരുദ്ധസന്ദേശവും റാലിയും കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ കത്തോലിക്കാകോൺഗ്രസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 10-ാം തീയതി നടത്തി.

**ഏഴാച്ചേരി**

പ്രതിഭാസംഗമം നടത്തി. ഏഴാച്ചേരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 10,+2 ഡിഗ്രി ക്ലാസുകളിൽ ഉന്നതവിജയം നേടിയവർക്ക് അവാർഡുകൾ നല്കി ആദരിച്ചു. രൂപതാ ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ബിനോയി പള്ളത്ത് അധ്യക്ഷത വഹിച്ചു. ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി, ഫൊറോന പ്രസിഡന്റ് അജോ തൂണുങ്കൽ തുടങ്ങിയവർ ആശംസകൾ നേർന്നു.

**മുട്ടുചിറ**

വനിതാ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെമിനാർ നടത്തി. പ്രസിഡന്റ് വൽസ ജോസ് കാപ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ശ്രീമതി ആൻസമ്മ സാബു സെമിനാർ നയിച്ചു.

**കോതനല്ലൂർ**

യൂണിറ്റിന്റെയും കർഷകവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ അടുക്കളത്തോട്ടം മത്സരം 2026 ന് വിതരണം ചെയ്യേണ്ട വിത്തുകളുടെ പായ്ക്കിങ് നടത്തി. ഫാ. മൈക്കിൾ നടുവിലേക്കുറ്റ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ജോസഫ് ചീനോത്തുപറമ്പിൽ അധ്യക്ഷത വഹിച്ചു. കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ നേതൃത്വം നൽകി. ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം ആശംസകൾ നേർന്നു. എസ്എംവൈഎം യൂണിറ്റംഗങ്ങളും പങ്കെടുത്തു.

**ജയ്ഗിരി**

ജയ്ഗിരി യൂണിറ്റിന്റെ സമ്മേളനം ഫാ. തോമസ് മലയിൽപുത്തൻപുര ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് സുജിത് മരങ്ങോലിൽ അധ്യക്ഷത വഹിച്ചു. തദവസരത്തിൽ മുട്ടുചിറ ഫൊറോനയുടെ നേതൃത്വത്തിൽ കാഞ്ഞിരത്താനം ഇടവകയിൽ നിർമിക്കുന്ന കത്തോലിക്കാകോൺഗ്രസ് പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരകമന്ദിരം ജയ്ഗിരി യൂണിറ്റിന്റെ വിഹിതം ഭാരവാഹികൾ ഫൊറോനപ്രസിഡന്റ് രാജ് അരുകുഴിപ്പിലിനു

കൈമാറി. രൂപതാ ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ഫൊറോന സെക്രട്ടറി സാബു കല്ലിരിക്കുംകാല, നോബി കാഞ്ഞിരത്തുങ്കൽ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**ഫാ.ജോസഫ് വാട്ടപ്പിള്ളിൽ പുതിയ ഡയറക്ടർ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പുതിയ ഡയറക്ടറായി മുത്തോലപുരം ഇടവകാംഗമായ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ നിയമിതനായി.

**ഫാ. തോമസ് കിഴക്കയിലിന് യാത്രാമംഗളങ്ങൾ**

PSWS ഡയറക്ടർപദവിയിൽനിന്നു സ്ഥലം മാറി അമേരിക്കയിലേക്കുപോയ ഫാ. തോമസ് കിഴക്കയിലിന് PSWS കുടുംബാംഗങ്ങളുടെ നേതൃത്വത്തിൽ യാത്രായയപ്പ് നടത്തി.

പാലാ സാൻതോം ഫുഡ് ഫാക്ടറി സമയബന്ധിതമായി യാഥാർത്ഥ്യമാക്കാനായത് തോമസ് കിഴക്കേലച്ചന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലമാണെന്നും കർഷകർക്ക് ആത്മവിശ്വാസവും പ്രത്യാശയും നൽകാൻ കിഴക്കേലച്ചനു സാധിച്ചതായും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. അസിസ്റ്റന്റ് ഡയറക്ടറച്ചൻമാരെയും സ്റ്റാഫംഗങ്ങളെയും ചേർത്ത് നല്ലൊരു ടീം വർക്കിനു നേതൃത്വം കൊടുക്കാൻ കിഴക്കേലച്ചനു സാധിച്ചുവെന്ന് പിതാവ് അഭിപ്രായപ്പെട്ടു.

കാർഷികമേഖലയിൽ ഫലപ്രദമായ ഇടപെടലുകൾക്കു നേതൃത്വം കൊടുത്തുകൊണ്ട് ഈ രംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിക്കാൻ ഫാ. തോമസ് കിഴക്കയിലിനു കഴിഞ്ഞതായി മുൻ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ അഭിപ്രായപ്പെട്ടു.

**'പാലനോവ ഫുഡ്സ്' PALANOVA FOODS- റിലീസിങ്ങും ഔട്ട്ലെറ്റ് ഉദ്ഘാടനവും**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ സാൻതോം ഫുഡ് ഫാക്ടറി ഉൽപന്നങ്ങളുടെ 'പാലനോവ' PALANOVA- എന്ന ബ്രാന്റ് നെയിമിന്റെ ഔപചാരികമായ പ്രകാശനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. പാലാ സെന്റ് തോമസ് പ്രസ്സിനു സമീപം കേരളാഗ്രോ സ്റ്റോറിനോടനുബന്ധിച്ച് ഫാക്ടറിയുടെ ഔട്ട്ലെറ്റും അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ

വേത്താനത്ത് അധ്യക്ഷനായിരുന്നു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ പി.എ. നജീബിനു നൽകിക്കൊണ്ട് ഔട്ട്‌ലെറ്റിലെ ആദ്യവില്പന യും നടന്നു.

**സോൺ വാർഷികങ്ങൾ**

പാലാ സോൺ പ്രൊമോഷൻ കൗൺസിൽ വാർഷികം സോണൽ ഡയറക്ടർ ഫാ. ഐസക് പെരിങ്ങാമലയിലിന്റെ അധ്യക്ഷതയിൽ മുനി സിപ്പൽ ചെയർപേഴ്സൺ ദിയാ ബിനു പുളിക്കക്കണ്ടം ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ, മുൻ ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ളാലം പുത്തൻപള്ളി വികാരി ഫാ. ജോർജ് മൂലേച്ചാലിൽ, പഴയപള്ളി അസിസ്റ്റന്റ് വികാരി ഫാ. കുര്യാക്കോ സ് കൂട്ടുങ്കൽ, പി.എസ്.ഡബ്ല്യു.എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു പുളിക്കപ്പറമ്പിൽ, പബ്ലിക് റിലേഷൻസ് ഓഫീസർ ഡാന്റീസ് കൂനാനിക്കൽ, സോണൽ കൺവീനർ സി.സി ജോസ്, കോർഡിനേറ്റർ സൗമ്യാ ജയിംസ്, ജോയിന്റ് കൺവീനർ നിത്യ എസ് തുടങ്ങിയവർ പ്രസംഗിച്ചു. രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ മുനിസിപ്പൽ ചെയർപേഴ്സണായ ദിയാബി നു പുളിക്കക്കണ്ടത്തിലിനെയും ആറരവർഷക്കാലം പി.എസ്. ഡബ്ല്യു. എസ് ഡയറക്ടറായി സേവനമനുഷ്ഠിച്ച ഫാ. തോമസ് കിഴക്കേലിനെയും പൊന്നാട അണിയിച്ച് ആദരിച്ചു. പരുമലക്കുന്ന് ആയുഷ്മാൻ സെന്ററി ന്റെ സഹകരണത്തോടെ ജീവിതശൈലീരോഗനിർണ്ണയക്യാമ്പും നടത്ത പ്പെട്ടു. മയക്കുമരുന്നുവിരുദ്ധദിനം പ്രമാണിച്ച് സമൂഹപ്രതിജ്ഞയും നടന്നു.

തീക്കോയി സോൺ വാർഷികസമ്മേളനം സോൺ ഡയറക്ടർ ഫാ. ജേക്കബ് കരിനാട്ടിന്റെ അധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ രക്ഷാധികാരി ഫാ. ജോർജ് വെട്ടുകല്ലേൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു പുളിക്കപ്പറമ്പിൽ, വെള്ളികുളംസംഘം ഡയറക്ടർ ഫാ. സ്കറിയ വേകത്താനം, സി. ടെസി ജോസ്, കോർഡിനേറ്റർ ജയ്സി മാത്യു എന്നിവർ പ്രസംഗിച്ചു. ബെസ്റ്റ് സംഘമായി വെള്ളികുളം സെന്റ് ആന്റണീസ് സ്വാശ്രയസംഘവും, രണ്ടാം സ്ഥാനത്തേക്ക് തീക്കോയി കർ ഷകദള ഫെഡറഷനും, ബെസ്റ്റ് പുരുഷഗ്രൂപ്പായി എവർഗ്രീൻ മാവടിയും ഫീമെയിൽ ഗ്രൂപ്പായി അമല തീക്കോയിയും തിരഞ്ഞെടുക്കപ്പെട്ടു.

പ്രവിത്താനം സോൺ വാർഷികം രൂപതാ ഡയറക്ടർ ഫാ. ജോ സഫ് വാട്ടപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു.

തുടങ്ങനാട് സോൺ വാർഷികം രക്ഷാധികാരി ഫാ. ജോൺസൺ പുള്ളീറ്റിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

**സോൺ ഉദ്ഘാടനം**

കൊഴുവനാൽ സോണിന്റെ ഉദ്ഘാടനവും പ്രഥമ അവലോകനവും കൊഴുവനാൽ പള്ളി ഹാളിൽ ഫൊറോനാവികാരിയും സോണൽ രക്ഷാധികാരിയുമായ ഫാ. ജോസ് നെല്ലിക്കത്തെരുവിലിന്റെ അധ്യക്ഷതയിൽ PSWS ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ നിർവഹിച്ചു. മൂഴൂർ പള്ളിവികാരി ഫാ.സെബാസ്റ്റ്യൻ കണിയാംപടി, പി.എസ്. ഡബ്ല്യു. എസ് അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, ഫാ. മാത്യു പുളിക്കപ്പറമ്പിൽ, സോൺ ഡയറക്ടർ ഫാ. ജോൺ വയലിൽ, പബ്ലിക് റിലേഷൻസ് ഓഫീസർ ഡാന്റീസ് കൂനാനിക്കൽ, സോൺ കോർഡിനേറ്റർ ജിജി സിന്റോ എന്നിവർ പ്രസംഗിച്ചു. ജയ്മോൻ പുത്തൻപുരയ്ക്കൽ കാഞ്ഞിരമറ്റം കൺവീനറും, തങ്കമ്മ ജോണി കൊഴുവനാൽ ജോയിന്റ് കൺവീനറുമായി പ്രഥമ സോണൽ പ്രൊമോഷൻ കൗൺസിലിനെയും തിരഞ്ഞെടുത്തു.

കൂത്താട്ടുകുളം സോൺ പ്രൊമോഷൻ കൗൺസിൽ രൂപീകരണവും പ്രഥമ സോണൽ അവലോകനവും ഫൊറോനാവികാരി ഫാ. ജയിംസ് കുടിലിന്റെ അധ്യക്ഷതയിൽ PSWS അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ നിർവഹിച്ചു. ഫൊറോന അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് മരോട്ടിക്കൽ, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ജിനി ജിജോയ്, സോണൽ കോർഡിനേറ്റർ ഷിജി മാത്യു എന്നിവർ പ്രസംഗിച്ചു. കൂത്താട്ടുകുളത്ത് രണ്ടു പുതിയ ഗ്രൂപ്പുകൾ രൂപീകരിച്ചു.

**പാലാ അഗ്രിമയ്ക്ക് ബൊലേറോ പിക് അപ് ജീപ്പ്**

കാർഷികവിളകളും ഉൽപന്നങ്ങളും പച്ചക്കറിയിനങ്ങളും കർഷകരിൽനിന്നു സമാഹരിക്കാൻ ലക്ഷ്യം വച്ച് പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിന് ബൊലേറോ പിക് അപ് ജീപ്പ് വാങ്ങിച്ചു.

**സംരംഭകത്വ അറിവരങ്ങ്**

പഴം, പച്ചക്കറി മേഖലയിലെ സംരംഭകത്വസാധ്യതകൾ സംബന്ധിച്ച് സംഘടിപ്പിച്ച സംരംഭകത്വ അറിവരങ്ങിൽ - കേരള കാർഷിക സർവകലാശാലയുടെ ഇൻകുബേഷൻ മേധാവി ഡോ.കെ. പി. സുധീർ ക്ലാസ്സ് നയിച്ചു. അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന പ്രോഗ്രാം പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു.

**PSWS ഡയറക്ടറച്ചന്മാർ സംരംഭങ്ങൾ സന്ദർശിച്ചു**

രൂപതയുടെ വിവിധ ഇടവകകളിൽ പ്രവർത്തിക്കുന്ന മൂല്യവർദ്ധിതസംരംഭങ്ങൾ PSWS ന്റെ ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിയുടെ

നേതൃത്വത്തിൽ സന്ദർശിച്ചു. വയലാ, ഫാത്തിമാപുരം, മാൻവെട്ടം, കാഞ്ഞിരമറ്റം, മൂഴൂർ, അന്തീനാട്, വെള്ളിയാമറ്റം, തുടങ്ങനാട്, നീലൂർ എഫ്.പി.ഒ യൂണിറ്റ്, കാവുംകണ്ടം, കൊടുമ്പിടി എന്നിവിടങ്ങളിലെ ഫാക്ടറികളും ഔട്‌ലെറ്റുകളുമാണ് അസിസ്റ്റന്റ് ഡയറക്ടറച്ചന്മാരും പ്രോജക്ട് ഓഫീസർമാരും അടങ്ങുന്ന സംഘം സന്ദർശിച്ചത്.

**MEDP ട്രെയിനിങ്**

സ്നേഹഗിരി സിസ്റ്റേഴ്സ് നടത്തുന്ന കരൂർ സ്നേഹിതാ തയ്യൽ പരിശീലനകേന്ദ്രത്തിൽവച്ച് സംഘടിപ്പിച്ച ഫാഷൻ ഡിസൈനിങ് ട്രെയിനിങ്ങ് MEDP പ്രോഗ്രാം നബാർഡ് ജില്ലാ മാനേജർ റെജി വർഗീസ് ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ് രൂപതാ ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. 22 ദിവസം നീണ്ടുനിന്ന പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**ഹരിത സുഗന്ധഗ്രാമം പദ്ധതി**

'ഇറങ്ങാം മണ്ണിലേക്ക്, കടക്കാം കൃഷിയിലേക്ക്' എന്ന മുദ്രാവാക്യവുമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ആവിഷ്കരിച്ച 'ഹരിതസുഗന്ധഗ്രാമം' പദ്ധതിയുടെ ഉദ്ഘാടനം ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ നിർവഹിച്ചു. പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി പാലാ അഗ്രിമ നേഴ്സറിയിൽനിന്ന് രൂപതയിലുടനീളം വിതരണം ചെയ്യുന്ന ചന്ദനമരത്തൈകളുടെ വിതരണോദ്ഘാടനവും നടന്നു.

**സംരംഭകസംഗമം നടന്നു**

അഗ്രിമ കാർഷികനഴ്സറികളുടെ സഹകരണത്തോടെ കാഞ്ഞിരമറ്റം കർഷകദള ഫെഡറേഷനും അഗ്രോ പ്രൊഡ്യൂസർ കമ്പനിയും സംയുക്തമായി സംഘടിപ്പിച്ച കാഞ്ഞിരമറ്റം അഗ്രി ഫെസ്റ്റിനോടനുബന്ധിച്ച് സീറോ മലബാർ സഭയുടെ സമുദായശാക്തീകരണവർഷാചരണത്തിന്റെ ഭാഗമായി കത്തോലിക്കാ കോൺഗ്രസ്, പിതൃവേദി എന്നീ സംഘടനകളുടെ സഹകരണത്തോടെ സംഘടിപ്പിച്ച സംരംഭകവികസനസംഗമത്തിൽ പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ.ജോസഫ് വാട്ടപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. ഫെഡറേഷൻ രക്ഷാധികാരി ഫാ. ജോസഫ് മണ്ണനാൽ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ് അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, ഫാ. മാത്യു പുളിക്കപ്പറമ്പിൽ, ഫെഡറേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത്, പബ്ലിക് റിലേഷൻസ് ഓഫീസർ ഡാന്റീസ് കൂനാനിക്കൽ, പ്രോജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടം, കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ടോം ജേക്കബ് ആലയ്ക്കൽ, അകലക്കുന്നം അഗ്രോ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ഫിലിപ്പ് ജോൺ, പാലാ

ഹരിതം എഫ്.പി.ഒ. ചെയർമാൻ തോമസ് മാത്യു മണ്ഡപത്തിൽ, മുഴൂർ മിത്രം പ്രൊഡക്ഷൻ യൂണിറ്റ് മാനേജർ രാജു മാത്യു പറഞ്ഞാട്ട് എന്നിവർ പ്രസംഗിച്ചു. രൂപതാസംരംഭമായ സാൻതോം ഫുഡ് ഫാക്ടറിയുടെ പാല നോവ ഫുഡ്സിന്റെയും കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി യുടെ കാൻവേ റമ്പുട്ടാന്റെയും വിപണനോദ്ഘാടനവും തദവസരത്തിൽ നടന്നു.

**ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി**

സ്റ്റീൽ അലമാര, വാട്ടർ ടാങ്ക്, റഫ്രിജറേറ്റർ, വാഷിങ് മെഷീൻ, മൊബൈൽ ഫോൺ, ഓവൻ എന്നിവയുൾപ്പെടെയുള്ള ഗുണമേന്മയുള്ള ഗൃഹോപകരണങ്ങൾ ലളിതവും സൗകര്യപ്രദവുമായ തവണവ്യവസ്ഥ യിലൂടെ ഗുണഭോക്താക്കൾക്കു വിതരണം ചെയ്തു.

**താറാവ്, കോഴിക്കുഞ്ഞുങ്ങൾ വിതരണം**

മേൽത്തരം മുട്ടത്താറാവ്, BV380 കോഴിക്കുഞ്ഞുങ്ങൾ, ഗിനി കോ ഴിക്കുഞ്ഞുങ്ങൾ, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വിപണനവും അഗ്രിമയിൽ സംഘടിപ്പിച്ചു.

**അവലോകനയോഗങ്ങൾ**

സ്വയംസഹായസംഘങ്ങളുടെ അവലോകനയോഗങ്ങൾ വിവിധ ഇടവകകളിൽ സംഘടിപ്പിച്ചു. പുതിയ ഗ്രൂപ്പുകളുടെ രൂപീകരണവും കൃഷിസംബന്ധമായ ബോധവത്കരണക്ലാസുകളും  നടന്നു.

തുടങ്ങനാട് എട്ടു ഗ്രൂപ്പുകളുടെ ഓഡിറ്റിങ് വിജയകരമായി പൂർ ത്തിയാക്കി. ചക്കിക്കാവ് കർഷകദള ഫെഡറേഷൻ ഡയറക്ടറച്ചന്റെ സാന്നി ധ്യത്തിൽ അസ്സീസി സന്ദർശിച്ച് അന്തേവാസികൾക്കുവേണ്ട ദൈനംദിന സാധനങ്ങൾ കൈമാറി.

**കാറ്ററിംഗ് സർവീസ്**

കൂടല്ലൂർ അൽഫോൻസാ എസ്.എച്ച്.ജിയുടെ നേതൃത്വത്തിൽ കാറ്ററിങ് സർവീസ് ആരംഭിച്ചു.

**ആരോഗ്യസെമിനാർ**

'പ്രകൃതിജീവിതവും ആരോഗ്യവും' എന്ന വിഷയത്തെ അടി സ്ഥാനമാക്കി തീക്കോയിയിൽ സെമിനാർ നടന്നു. സോൺ ഡയറക്ടർ ഫാ.ജേക്കബ് കരിനാട്ടിലിന്റെ അധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഫാ.ജോ സഫ് വാട്ടപ്പിള്ളിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാ. സാജു തുരു ത്തിയിൽ MCBS ക്ലാസ്സ് നയിച്ചു.

**സാമ്പത്തിക സാക്ഷരതയും സൈബർ സെക്യൂരിറ്റിയും ക്ലാസ്സ്**

അരുവിത്തുറ സോണിൽ റിട്ട. ബാങ്ക് ഓഫീസർ ജയിംസ് മാത്യു മേൽവെട്ടം 'സാമ്പത്തികസാക്ഷരതയും സൈബർ സെക്യൂരിറ്റിയും' എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു.

**ദത്തുകുടുംബ പദ്ധതി**

'സേവ് എ ഫാമിലി പ്ലാൻ' എന്ന ദത്തുകുടുംബപദ്ധതിയുടെ വിലയിരുത്തലിനായി ഗുണഭോക്തൃ ഭവനസന്ദർശനപരിപാടി പുരോഗമിക്കുന്നു.

**പഴം, പച്ചക്കറി സംസ്കരണ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു**

കുമരകം കൃഷിവിജ്ഞാനകേന്ദ്രത്തിൽ വച്ച് അയർക്കുന്നത്തുള്ള പള്ളം ബ്ലോക്ക് എഫ്. പി.ഒ അംഗങ്ങൾക്കും ഫാത്തിമാപുരം കർഷക കമ്പനി ഷെയർ ഹോൾഡേഴ്സിനുമായി പഴം, പച്ചക്കറി സംസ്കരണ ദ്വിദിന ശിൽപശാല സംഘടിപ്പിച്ചു.

NCDC FPO കൾ: അയർക്കുന്നം, തോട്ടകം, വെള്ളികുളം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കർഷകകമ്പനികൾക്കായി വിവിധ രജിസ്ട്രേഷനുകൾ സമ്പാദിച്ചു. അയർക്കുന്നം FP0 'സുലഭം' എന്ന പേരിൽ ജൈവവളം വിപണിയിലിറക്കി.

NABARD FP0കൾ: കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി 'കാൻ വേ റമ്പുട്ടാൻ' വിപണിയിലിറക്കി. പാലാ ഹരിതം FP0 യുടെ തേൻ സംസ്കരണ യൂണിറ്റ് നിർമ്മാണം അന്തിമഘട്ടത്തിൽ പുരോഗമിക്കുന്നു. ഫാത്തിമാപുരം FP0 ജൈവവളങ്ങളുടെ നിർമ്മാണം ആരംഭിച്ചു.

**KERA അപേക്ഷ സമർപ്പിച്ചു**

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സംയുക്തപദ്ധതിയായ "KERA" യിൽ PSWS പ്രൊമോട്ടു ചെയ്യുന്ന പാലാ സാൻതോം, കാഞ്ഞിരമറ്റം കാൻവേ, പാലാ ഹരിതം, ഫാത്തിമാപുരം FP0 എന്നിവർ അപേക്ഷ സമർപ്പിച്ചു. ഓരോ കമ്പനിക്കും 2 കോടി വരെ സബ്സിഡി ലഭിക്കാവുന്ന സ്കീമാണ് 'KERA'.

**5% നിക്ഷേപം തിരിച്ചുനൽകി**

2026 മാർച്ചിൽ അഞ്ചു വർഷം പൂർത്തിയാക്കിയ സ്വയം സഹായ സംഘം / കർഷകദളങ്ങൾക്ക് കേന്ദ്രതലത്തിൽ നിക്ഷേപിക്കപ്പെട്ടിരുന്ന 5% തുക പലിശയോടുകൂടി തിരിച്ചുനൽകി. വാക്കാട് = 65137, അന്ത്യാളം = 21427, കൊണ്ടാട് = 9793, ജിയോവാലി = 10803, കൊഴുവനാൽ = 63214, രത്നഗിരി = 183579, നീറന്താനം = 48599, ചെമ്മലമറ്റം = 127801, മേലുകാവ് = 9389, ചേർപ്പുങ്കൽ = 41146, കരിമ്പാനി = 15593, തിരുമാറാടി = 41376,

പൈങ്ങുളം = 52152, ളാലം ഓൾഡ്= 30 ,000, രാമപുരം = 23223, ഫാത്തിമാപുരം = 42414, കാളികാവ് = 29216, മുണ്ടാങ്കൽ = 72718, വെള്ളിയാമറ്റം = 71934, പാലയ്ക്കാട്ടുമല = 43246, ചേറ്റുതോട്= 28351. ആകെ 10,31,111/ രൂപ വിതരണം ചെയ്തു.

**SHG/കർഷകദള വാർഷികങ്ങൾ**

കാളികാവ് കർഷകദളത്തിന്റെ വാർഷികം നടന്നു. ഫെഡറേഷൻ ഡയറക്ടർ ഫാ.ജോസഫ് പാണ്ടിയാമ്മാക്കലിന്റെ അധ്യക്ഷതയിൽ രൂപതാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ ഉദ്ഘാടനം നിർവഹിച്ചു. സോൺ ഡയറക്ടർ ഫാ.ജോസഫ് ചൂരയ്ക്കൽ ആശംസകൾ നേർന്നു.

**ഗ്രൂപ്പ് ഉദ്ഘാടനം**

കൂത്താട്ടുകുളത്ത് വനിതകളുടെ പുതിയ ഗ്രൂപ്പ് രൂപീകരിച്ചു. രക്ഷാധികാരി ഫാ. ജെയിംസ് കുടിലിൽ ഉദ്ഘാടനം ചെയ്തു. വടകര പള്ളിയിലെ പുതിയ രണ്ടു ഗ്രൂപ്പുകളുടെ ഉദ്ഘാടനം ഡയറക്ടർ ഫാ. സേവ്യർ മുക്കുടിയിൽ നിർവഹിച്ചു.

**അഗ്രി ഫെസ്റ്റുകൾ**

ഗ്രാമീണമേഖലയിൽ കാർഷികാഭിമുഖ്യം വളർത്താനാകുംവിധം അരുവിത്തുറ, അമ്പാറനിരപ്പേൽ, കടുത്തുരുത്തി, പ്രവിത്താനം, കാഞ്ഞിരമറ്റം, കോതനല്ലൂർ, പൂഞ്ഞാർ എന്നിവിടങ്ങളിൽ അഗ്രിഫെസ്റ്റുകൾ സംഘടിപ്പിച്ചു. മൂന്നുദിവസം നീണ്ടുനിന്ന അരുവിത്തുറ അഗ്രിഫെസ്റ്റിന്റെ ഉദ്ഘാടനം വികാരി ഫാ. മാത്യു ചന്ദ്രൻകുന്നേൽ നിർവഹിച്ചു. കോതനല്ലൂർ ഫെസ്റ്റ് രക്ഷാധികാരി ഫാ. കുര്യൻ കാലായിലും പ്രവിത്താനം ഫെസ്റ്റ് രക്ഷാധികാരി ഫാ. ജോർജ് വേളൂപ്പറമ്പിലും പൂഞ്ഞാർ ഫെസ്റ്റ് രക്ഷാധികാരി ഫാ.തോമസ് പനയ്ക്കക്കുഴിയും കടുത്തുരുത്തി ഫെസ്റ്റ് രക്ഷാധികാരി ഫാ. ജോൺ പാളിത്തോട്ടവും കാഞ്ഞിരമറ്റം ഫെസ്റ്റ് രക്ഷാധികാരി ഫാ. ജോസഫ് മണ്ണനാലും അമ്പാറനിരപ്പേൽ ഫെസ്റ്റ് ഡയറക്ടർ ഫാ. ജോർജ് കിഴക്കേ അരഞ്ഞാണിയും ഉദ്ഘാടനം ചെയ്തു.

**ഫാ. ജോസഫ് വാട്ടപ്പിള്ളിൽ** (ഡയറക്ടർ)

## ഡി.സി.എം.എസ്.

**യൂത്ത് എംപവർമെന്റ് പ്രോഗ്രാം**
**(കപ്പാസിറ്റി ബിൽഡിങ് ട്രെയിനിങ് പ്രോഗ്രാം)**

പാലാ രൂപത DCMS ന്റെ ആഭിമുഖ്യത്തിൽ, ബാംഗ്ലൂർ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടി (ISI) ന്റെ സഹകരണത്തോടെ ദളിത്, യുവജനങ്ങൾക്കായി കപ്പാസിറ്റി ബിൽഡിങ് ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു.

അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്ന ക്യാമ്പിന്റെ ഉദ്ഘാടനം പാലാ രൂപത വികാരി ജനറാൾ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു. 2026 ജൂലൈ 3 മുതൽ 5 വരെ തീയതികളിൽ നടന്ന ക്യാമ്പിൽ 35 യുവജനപ്രതിനിധികൾ പങ്കെടുത്തു.

DCMS പാലാ രൂപത ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത് യോഗത്തിന് സ്വാഗതം ആശംസിച്ചു. ISI കേരള റീജിയണൽ കോർഡിനേറ്റർ ജെഫിൻ സാം, ഫീൽഡ് ആക്ഷൻ കോർഡിനേറ്റർ ശിവലാൽ, DCMS STATE ഡയറക്ടർ ഫാ. ജോസകുട്ടി ഇടത്തിനകം എന്നിവർ ക്ലാസുകൾ നയിച്ചു. അസ്സിം പ്രേംജി ഫൗണ്ടേഷൻ ഫീൽഡ് കോർഡിനേറ്റർ ശ്രീമതി ശ്രീഷിത, സൗമ്യ, അശ്വതി, DCMS രൂപത സെക്രട്ടറി ബിന്ദു ആന്റണി, ജെഫിൻ ജോമോൻ, ജെറിൻ സണ്ണി, സുബിൻ ബാബു എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

**യൂത്ത് മീറ്റിംഗ്**

2026 ജൂലൈ 11 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് DCMS യുവജനങ്ങളുടെ നാലാമത് യുവജനക്കൂട്ടായ്മ നടത്തുകയുണ്ടായി. യുവജനങ്ങൾക്കായി വിവിധ ജോലിസാധ്യതകളെക്കുറിച്ച് ശ്രീ ടോണി സണ്ണി ക്ലാസ് എടുത്തു. അടുത്ത മീറ്റിങ് 2026 ഓഗസ്റ്റ് 9 ശനിയാഴ്ച രാവിലെ 10.30 നു കൂടുവാനും തീരുമാനായി.

**യൂണിറ്റ് രൂപീകരണം**

തുടങ്ങനാട് ഫൊറോനയിൽ സിബിഗിരി (മുട്ടം) ഇടവകയിൽ DCMS ന്റെ യൂണിറ്റ് ആരംഭിക്കുകയും കുടുംബസമ്മേളനം നടത്തുകയും ചെയ്തു.യൂണിറ്റ് രൂപീകരണത്തിനു നേതൃത്വം നൽകിയ ഇടവകവികാരി അഗസ്റ്റിൻ പീടികമലയിലച്ചനും, അസി. വികാരി ഫാ. ജോൺ പാക്കരമേലച്ചനും യൂണിറ്റ് അംഗങ്ങൾക്കും DCMS രൂപതാസമിതിയുടെ പേരിൽ നന്ദി അർപ്പിക്കുന്നു.

**കുടുംബസംഗമങ്ങൾ**

സിബിഗിരി (മുട്ടം), കൊഴുവനാൽ എന്നീ യൂണിറ്റുകളിൽ DCMS രൂപതാസമിതിയുടെ ആഹ്വാനപ്രകാരം കുടുംബസംഗമങ്ങൾ നടത്തി.

**ഫാ. തോമസ് കിഴക്കേകൊല്ലിത്താനം** (ഡയറക്ടർ)

# കെയർ ഹോംസ്

**എക്സിക്യൂട്ടീവ്**

13-07-2026 തിങ്കളാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ എക്സിക്യൂട്ടീവ് ചേർന്നു.

**മീറ്റിങ്**

സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ മീറ്റിങ്ങിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

**ട്രെയിനിങ് പ്രോഗ്രാം**

സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിന് ട്രെയിനിങ് രണ്ട് ബാച്ചായി നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## കെ.എൽ.എം.

**എക്സിക്യൂട്ടീവ്**

10-07-2026 വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ എക്സിക്യൂട്ടീവ് ചേർന്നു.

**എം പവർ പ്രോജക്ട്**

എം പവർ പ്രോജക്ടിന്റെ ഭാഗമായി അസംഘടിത തൊഴിലാളികൾക്കു നൽകുന്നതിനായി  ട്രോളിയും ഗ്രാസ്കട്ടറും ലഭിച്ചു.

**ക്ഷേമനിധി**

ക്ഷേമനിധി അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.

**വിവിധ ക്ഷേമനിധികൾ**

1. അസംഘടിത തൊഴിലാളി ക്ഷേമനിധി
2. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
3. തയ്യൽത്തൊഴിലാളി ക്ഷേമനിധി
4. സുരക്ഷാ ക്ഷേമനിധി

അംഗത്വം എടുക്കുവാൻ താത്പര്യമുള്ളവർ ഈ നമ്പറിൽ ബന്ധപ്പെടുക - 8304981275

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## അഡാർട്ട്

**അഡാർട്ട് നവീകരണം**

20/07/26 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് പാലാ രൂപത അഡാർട്ടിന്റെ നവീകരിച്ച ചാപ്പൽ അഭിവന്ദ്യപിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് വെഞ്ചരിച്ചു. വൈദികർ, അഭ്യുദയകാംക്ഷികൾ, സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്)**

ജൂലൈ 5,12,19,26 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ജൂലൈ 12-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് നടന്നു.

**സ്ഥാപിതദിനം**

ജൂലൈ 3 അഡാർട്ടിന്റെ സ്ഥാപിതദിനം ആഘോഷിച്ചു. അഡാർട്ട് ഡയറക്ടർ ഫാദർ ജെയിംസ് പൊരുന്നോലിൽ അധ്യക്ഷത വഹിച്ചു. സീനിയർ കൗൺസിലർ ജോയ് കെ. മാത്യു, കൗൺസിലർമാരായ ലിബി അഗസ്റ്റിൻ, ലിജോ ജോസ്, റിച്ചു എസ്. കാപ്പൻ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് കലാപരിപാടികളും നടന്നു.

**ബോധവൽക്കരണക്ലാസ്**

അറക്കുളം സെന്റ് മേരീസ് സ്കൂൾ പിടിഎ, കുട്ടികൾക്കും അധ്യാപകർക്കുമായി നടത്തിയ ബോധവൽക്കരണക്ലാസ് അഡാർട്ട് സീനിയർ കൗൺസിലർ ജോയ് കെ. മാത്യു നയിച്ചു.

**ഭവനസന്ദർശനം**

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്ട് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ ഏറ്റുമാനൂർ, കോട്ടയം ഭാഗത്തുള്ള എ.എ അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് 2026**

രക്ഷകനും നാഥനുമായ ഈശോയെ ആഴത്തിൽ അറിയുക, ബൈബിൾ പ്രാർത്ഥനാപൂർവം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തപ്പെടുന്ന ലോഗോസ് ക്വിസ് മത്സരത്തിന്റെ ഒരുക്കങ്ങൾ എല്ലാ ഇടവകകളിലും ആരംഭിച്ചു.

**2. ലോഗോസ് ക്വിസ് 2026**

പ്രമോ വീഡിയോ പ്രസിദ്ധീകരിച്ചു. പാലാ രൂപത ബൈബിൾ ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ലോഗോസ് ക്വിസ് 2026 ന്റെ AI പ്രമോ വീഡിയോ പ്രസിദ്ധീകരിച്ചു

**3.ബൈബിൾ കോഴ്സ്**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സ് ക്ലാസ്സ് 11.6.2026 രണ്ടാം ശനിയാഴ്ച പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെട്ടു.

**ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു**

ലോഗോസ് ക്വിസ് 2026 നോടനുബന്ധിച്ച് KCBC ബൈബിൾ കമ്മീഷൻ ജോയിന്റ് സെക്രട്ടറി ശ്രീ ജോസഫ് പന്തപ്ലാക്കലിന്റെ നേതൃത്വത്തിൽ ലോഗോസ് ക്വിസിന്റെ സൈറ്റിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചുമുള്ള നിർദേശങ്ങളും ക്രമീകരണങ്ങളും പറഞ്ഞുതന്നു.

**6. ലോഗോസ് ക്വിസ് 2026**

ലോഗോസ് ക്വിസ്സിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു ജൂലൈമാസം 31-ാം തീയതിയാണ് ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്നത്.

**ഫാ. പോൾ കുന്നുംപുറത്ത്** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**കരിസ്മാറ്റിക് പാലാ സോൺ**

കെസിബിസി നേതൃത്വത്തിൽ സോൺതലത്തിലുള്ള തിരഞ്ഞെടുപ്പ് ജൂൺ 18 വ്യാഴാഴ്ച എറണാകുളം ഇമ്മാവൂസ് ടീം വന്നു നടത്തുകയുണ്ടായി. കോർഡിനേറ്റർ മാത്തുക്കുട്ടി താന്നിക്കൽ, സെക്രട്ടറി രാജേഷ് പാട്ടത്തേക്കുഴി, ട്രഷറർ ബൈജു ഇടമുളയിൽ, എബിൻ ഇടശ്ശേരിയിൽ, ജോസ് പുത്തുപറമ്പിൽ, കുര്യാച്ചൻ വലിയമംഗലം, സുമം നെല്ലുവേലിൽ, ഷീജ മുത്തനാട്ട്, ലിൻസി കുരിശിങ്കൽ എന്നിവരെ തിരഞ്ഞെടുത്തു.

ഫൊറോന തലത്തിലുള്ള സബ്സോൺ തിരഞ്ഞെടുപ്പ് ജൂലൈ 13-ാം തീയതി മുതൽ ആരംഭിച്ചു. പാലാ സോൺ സേവനസമിതി നേതൃത്വം നൽകുന്നു. 20 ഫൊറോന പള്ളികളിൽ - പൂഞ്ഞാർ, അരുവിത്തുറ, തുടങ്ങനാട്, മൂലമറ്റം, പാലാ, ഭരണങ്ങാനം, പ്രവിത്താനം, കടനാട്, കൂട്ടിക്കൽ, തീക്കോയി, കൊഴുവനാൽ, കടപ്ലാമറ്റം, ചേർപ്പുങ്കൽ, കുറവിലങ്ങാട്, മുട്ടുചിറ, കോതനല്ലൂർ, ഇലഞ്ഞി, കടുത്തുരുത്തി, കൂത്താട്ടുകുളം, രാമപുരം - തിരഞ്ഞെടുപ്പ് ജൂലൈ 13 ന് ആരംഭിച്ചു. ജൂലൈ 30-ാം തീയതിയോടെ പൂർത്തിയാക്കപ്പെട്ടു.

**വെള്ളിയാഴ്ച കൺവെൻഷൻ**

പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിൽ എല്ലാ വെള്ളിയാഴ്ചയും രാവിലെ 9 മണി മുതൽ 1.30 വരെ ഇവാഞ്ചലൈസേഷൻ ഡയ

റക്ടർ ഫാദർ തോമസ് ഓലയത്തിലച്ചന്റെയും, അസി. ഡയറക്ടർ ഫാദർ പോൾ കുന്നുംപുറത്തിന്റെയും സോണൽ സേവനസമിതിയുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്നു. കുരിശിന്റെ വഴി, കരുണക്കൊന്ത, ജപമാല, നിയോഗപ്രാർത്ഥന, സ്തുതി ആരാധന, വചനപ്രഘോഷണം, ആരാധന, വി. കുർബാന, നേർച്ചക്കഞ്ഞി എന്നിവ നടത്തപ്പെടുന്നു. ജൂലൈ 10,17,24,31 തീയതികളിൽ കൺവെൻഷൻ നടത്തപ്പെട്ടു. ജൂലൈ 3 ദുക്റാനാ പ്രമാണിച്ചു കൺവെൻഷൻ ഇല്ലായിരുന്നു. ധാരാളം ആളുകൾ വന്നു പങ്കെടുത്ത് അനുഗ്രഹം നേടി മടങ്ങുന്നു.

**ഫാ. തോമസ് ഓലായത്തിൽ** (ഡയറക്ടർ)
**ഫാ. പോൾസൺ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

## ജീസസ് ഫ്രട്ടേണിറ്റി

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ജൂലൈ 5 ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ബോധവൽക്കരണക്ലാസ്**

ജൂലൈ 11, 25 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

**കൗൺസെലിങ്**

പാലാ മീനച്ചിൽ സബ് ജയിലിൽ കഴിയുന്ന അന്തേവാസികൾക്കായി ജൂലൈ 8, 22 തീയതികളിൽ കൗൺസെലിങ് നടത്തി.

**യൂണിറ്റ് സമ്മേളനം**

ജൂലൈ 24ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും പ്രാർത്ഥനായോഗങ്ങളും നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തി

യാകുന്ന ധ്യാനം - ജൂലൈ 4 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ചു നടത്തി.

**2. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം:**

ജൂലൈ 5 മുതൽ 11 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**3.** ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ Spiritual Theology MTh, Doctoral students ന് (IIS) ജൂലൈ 13 മുതൽ 17 വരെയും, 20 മുതൽ 23 വരെയും ക്ലാസ്സ് കൊടുത്തു.

**4.** കർണാടകയിലെ ചെന്നപട്ടണം അഭിഷേകാഗ്നി ധ്യാനകേന്ദ്രത്തിലെ കന്നടശുശ്രൂഷകർക്കായി ജൂലൈ 17 മുതൽ 19 വരെ വളർച്ചാധ്യാനം നടത്തി.

**5.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷ കൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2026 ഓഗസ്റ്റ് 23 ഞായർ, 5 pm - 29 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 സെപ്റ്റംബർ 13 ഞായർ, 5 pm - 19 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ഒക്ടോബർ 4 ഞായർ, 5 pm - 10 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ഒക്ടോബർ 25 ഞായർ, 5 pm - 31 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebovagamon.org
അന്വേഷണങ്ങൾക്ക്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

## ഫ്രാൻസിസ്കൻ അല്മായ സഭ

ഫ്രാൻസിസ്കൻ അൽമായ സഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസം തോറുമുള്ള പ്രാർത്ഥനാകൂട്ടായ്മ കളും യൂണിറ്റ് മീറ്റിംഗുകളും നടന്നുവരുന്നു. SFO രൂപത സ്പിരിചൽ അസിസ്റ്റന്റുമാരുടെ നേതൃത്വത്തിൽ രൂപത, റീജിയൻ ഭാരവാഹികൾ യൂ ണിറ്റുകൾ ആദ്ധ്യാത്മികവും ഭൗതികവുമായി ശക്തിപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും യൂണിറ്റുകൾ സന്ദർശനം നടത്തു കയും മരണപ്പെട്ട അൽമായ സഭാംഗങ്ങളുടെ സംസ്കാരശുശ്രൂഷകളിൽ സംബന്ധിക്കുകയും ചെയ്തുവരുന്നു.

കോട്ടയം സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രൊവിൻസിൽ നിന്നും SFO പാലാ രൂപതയുടെ ഡയറക്ടർ, അസി: ഡയറക്ടർ എന്നീ സ്ഥാനങ്ങളിലേക്ക് യഥാക്രമം ഫാ. ജെസ്‌വിൻ തോമസ് ചെറിയാൻ വാറ്റുകാട്ടിൽ OFM. Cap., ഫാ. ഹെൻസൺ തെള്ളിയാങ്കൽ OFM. Cap. എന്നിവരെ നിയമിക്കുകയും പ്രസ്തുത ഉത്തരവാദിത്വം ബഹു: വൈദികർ ഏറ്റെടുക്കുകയും ചെയ്തു. SFO യുടെ വിവിധ യൂണിറ്റുകളിൽ മൂന്നു വർഷത്തിലൊരിക്കൽ നടത്താറുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ബഹു: അച്ചന്മാരുടെയും യൂണിറ്റ് ഡയറക്ടർ ആയ ബഹു: വികാരിയച്ചന്മാരുടെയും സാന്നിധ്യത്തിൽ നടന്നുവരുന്നു.

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഭരണങ്ങാനം അസീസി ധ്യാനകേന്ദ്രത്തിൽ വെച്ച് SFO രൂപത, റീജിയൻ, യൂണിറ്റ് സമിതികൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2026 ജൂലൈ 23-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണി മുതൽ ഏകദിനസെമിനാറും ഉച്ചയ്ക്കുശേഷം വി. അൽഫോൻസാ തീർത്ഥാടന ദേവാലയത്തിലേക്ക് ജപമാല റാലിയും നടത്തപ്പെട്ടു. കോട്ടയം സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രൊവിൻസ് കൗൺസിലർ ഫാ. സോമി അബ്രഹാം പനംകാട്ട് OFM. Cap. സെമിനാറിൽ ക്ലാസ് നയിച്ചു. ജപമാലറാലിക്കുശേഷം അൽഫോൻസാ ചാപ്പലിൽ വെച്ച് നടന്ന വി. കുർബാനയിൽ SFO രൂപത ഡയറക്ടർമാരായ വൈദികർ സഹകാർമികരായിരുന്നു.

കഴിഞ്ഞ പതിമൂന്ന് വർഷക്കാലം SFO പാലാ രൂപതയുടെ ഡയറക്ടർ & സ്പിരിച്വൽ അസിസ്റ്റന്റായി സേവനം ചെയ്ത ഫാ. ആന്റണി വെച്ചൂർ OFM. Cap.ന് സ്നേഹോഷ്മളവും കൃതജ്ഞതാനിർഭരവുമായ യാത്രയയപ്പ് രൂപത സമ്മേളനത്തിൽ വച്ച് നൽകപ്പെട്ടു. സെമിനാർ, യാത്രയയപ്പ് സമ്മേളനം, വി. അൽഫോൻസാ തീർത്ഥാടനം തുടങ്ങിയ വിവിധ പരിപാടികൾക്ക് സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ, ടോമി കെ. മാത്യു കളപ്പുരയ്ക്കൽ, ടോമി സേവ്യർ തെക്കേൽ, സി.ജെ. കുര്യൻ ചെറുകാട്ടിൽ, റ്റിസി രാജു കടലംകാട്ട്, അന്നക്കുട്ടി തോമസ് പുത്തൻ പറമ്പിൽ, തോമസ് മാത്യു മടിയ്ക്കാങ്കൽ, ടോമി തോമസ് കുന്നത്തൂർ, V. P. മത്തായി വാളിയാങ്കൽ എന്നിവർ നേതൃത്വം നൽകി.

'സമാധാനവും സൗഭാഗ്യവും'

**ഫാ. ജെസ്‌വിൻ തോമസ് ചെറിയാൻ വാറ്റുകാട്ടിൽ OFM. Cap.**

(Director, SFO Pala Diocese).

# ദീപിക ഫ്രണ്ട്സ് ക്ലബ്

**എക്സിക്യൂട്ടീവ്**

7-07-2026 ചൊവ്വാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ എക്സിക്യൂട്ടീവ് ചേർന്നു.

**ഭാഷാപദ്ധതി**

ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഭാഗമായി രൂപതയിലെ വിവിധ സ്കൂളുകളിൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു.

**സ്കൂളുകൾ**

1. വിളയംകോട് ഔവർ ലേഡി ഓഫ് ഫാത്തിമ എൽ.പി സ്കൂൾ
2. ഭരണങ്ങാനം സെന്റ് ലിറ്റിൽ ത്രേസ്യാസ് എൽ.പി സ്കൂൾ
3. ഇടമറ്റം കെ.ടി.ജെ.എം. ഹൈസ്കൂൾ
4. കടപ്ലാറ്റം സെന്റ് ആന്റണീസ് ഹൈസ്കൂൾ
5. മൂലമറ്റം സെന്റ് ജോർജ് യു.പി. സ്കൂൾ
6. അരുവിത്തുറ സെന്റ് മേരീസ് എൽ.പി. സ്കൂൾ
7. കാഞ്ഞിരമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ

**ഡി.സി.എൽ**

കടപ്ലാറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ ഡി.സി.എൽ പ്രവർത്തനവർഷ ഉദ്ഘാടനം സംഘടിപ്പിച്ചു.

**എ.ഐ. ക്ലാസ്സ്**

15-07-2026 ബുധനാഴ്ച കോട്ടയം ദീപിക സ്റ്റാഫ് അംഗങ്ങൾക്ക് ഡയറക്ടറച്ചൻ ക്ലാസ്സ് എടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**ഇൻഫാം, P.S.W.S. സംയുക്തയോഗം**


ഇൻഫാം പാലാ കാർഷികജില്ലയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിനായി ഇൻഫാം ഭാരവാഹികളും P.S.W.S. ഭാരവാഹികളും ഒന്നിച്ചുചേർന്ന് ഒരു യോഗം 8-7-2026-ൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. ഇൻഫാമും P.S.W.S.-ഉം പരസ്പരം സഹകരിച്ചു പ്രവർത്തിക്കുന്നതിന് യോഗം തീരുമാനിച്ചു. ഇൻഫാം പാലാ ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, P.S.W.S. ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പള്ളി, അസി. ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, ഇൻഫാം ജില്ലാ പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, സംസ്ഥാന

വൈസ് പ്രസിഡന്റ് സണ്ണി അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര, ജില്ലാ സെക്രട്ടറി തോമസ് മറ്റം എന്നിവർ പങ്കെടുത്തു.

**ഗ്രാമസമിതി അസംബ്ലികൾ**

പാലാ കാർഷികജില്ലയിലെ എല്ലാ ഗ്രാമസമിതികളിലും ഗ്രാമസമിതി അസംബ്ലികൾ കൂടുന്നതിന്റെ ഭാഗമായി കാഞ്ഞിരമറ്റം, ഐങ്കൊമ്പ്, അരുണാപുരം, കടുത്തുരുത്തി, രാമപുരം, ഉദയഗിരി, ചെമ്മലമറ്റം എന്നിവിടങ്ങളിൽ ഗ്രാമസമിതി അസംബ്ലികൾ കൂടി. ഇൻഫാം ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, സെക്രട്ടറി തോമസ് മറ്റം എന്നിവർ പങ്കെടുത്തു. അരുണാപുരം ഇൻഫാമിന്റെയും, കർഷകദളത്തിന്റെയും ആഭിമുഖത്തിൽ ആരംഭിച്ച സൺഡേ മാർക്കറ്റ് 26-7-26-ൽ വികാരി ഫാ. അബ്രാഹം കുപ്പപ്പുഴയ്ക്കൽ ഉദ്ഘാടനം ചെയ്തു.

**ഫാ. ജോസഫ് തറപ്പേൽ** (ഡയറക്ടർ)



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## JULY 2026

| | | |
|---|---|---|
| 5 | 3.00 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് അല്മായർക്കുള്ള ദൈവശാസ്ത്രകോഴ്സിന്റെ പുതിയ അക്കാദമികവർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരിച്ച റെഫെക്ടറി വെഞ്ചരിച്ചു. |
| | 6.00 pm | ബേസ് ഇലവൻ കൺവെൻഷൻ ഹാളിൽ വച്ചു നടന്ന മാർ സ്ലീവാ മെഡിസിറ്റിയുടെ Doctors' Meet ൽ പങ്കെടുത്തു. |
| 6-10 | | പാലാ രൂപതാ വൈദികരുടെ ഒന്നാം ബാച്ചിന്റെ വാർഷികാധ്യാനത്തിൽ സംബന്ധിച്ചു. |
| 9 | 2.00 pm | വിളക്കുമാടം ഇടവകയിൽ പരേതയായ അന്നമ്മ തൊടുകയിലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. |
| | 3.00 pm | കുരുവിനാൽ ഇടവകയിലെ കൈക്കാരൻ ആയിരുന്ന ജോർജ് നല്ലൂക്കുന്നേലിന്റെ സംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ ചടങ്ങുകൾക്കു കാർമ്മികനായി. |
| 11 | 10 am | പാലാ DST പ്രൊവിൻഷ്യൽ ഹൗസിന്റെ നവീകരിച്ച ചാപ്പൽ വെഞ്ചരിച്ചു. |
| | 4.00 pm | S.H. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് തിരുഹൃദയ സന്യാസസഭയുടെ മുൻ ജനറാളമ്മയായിരുന്ന റവ. സി. സ്റ്റെല്ലാ മരിയയുടെ സംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് കാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 5.00 pm | രാമപുരം പള്ളിയുടെ പുതിയ വൈദികമന്ദിരം വെഞ്ചരിച്ചു. |
| 12 | 7.45 am | തീക്കോയി സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 5.45 pm | കത്തീഡ്രൽ പള്ളിയിൽവച്ച് ഡോ. ബിപിൻ തര്യന്റെയും ഡോ. ഡെലീനയുടെയും വിവാഹം ആശീർവദിച്ചു. |
| 13,14,17 | | പാലാ രൂപതാ വൈദികരുടെ രണ്ടാം ബാച്ചിന്റെ വാർഷികാധ്യാനത്തിൽ സംബന്ധിച്ചു. |
| 15-16 | | മംഗലപ്പുഴ സെമിനാരി കമ്മീഷൻ അംഗം എന്ന നിലയിൽ സെമിനാരിസന്ദർശനം നടത്തി. |
| 17 | 2.00 pm | പ്ലാശനാൽ ഇടവകയിൽ പരേതനായ തട്ടാമ്പറമ്പിൽ മാത്തുണ്ണിസാറിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. |
| | 3.30 pm | മാൻവെട്ടം ഇടവകയിൽ ഊട്ടി രൂപതാംഗമായ പരേതനായ റവ. ഡോ. ജോസഫ് ഏത്തക്കുഴിയച്ചന്റെ സംസ്കാരശുശ്രൂഷയുടെ അവസാന ഭാഗത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 18 | 10.45 am | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ ചാപ്പൽ വെഞ്ചരിക്കുകയും മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയും ചെയ്തു. |
| | 3.00 pm | കൂടല്ലൂർ പള്ളിയിൽ വച്ച് പാലാ രൂപതാ വൈദികനായ ബഹു. ജോസഫ് പര്യാത്ത് അച്ചന്റെ വത്സലപിതാവ് ശ്രീ ചാക്കോ വർക്കിയുടെ സംസ്കാരശുശ്രൂഷയുടെ അവസാനഭാഗത്തിന് കാർമ്മികത്വം വഹിച്ചു. |
| | 4.00 pm | ബിഷപ്സ് ഹൗസിൽ വച്ച് AKCC യുടെ അടുക്കളത്തോട്ടവിത്തുവിതരണം ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| 19 | 11.15 am | ഭരണങ്ങാനം അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാൾ കൊടിയേറ്റ് നിർവഹിച്ചു. |
| | 2.30 pm | കുറവിലങ്ങാട് മർത്ത് മറിയം ആർച്ചുഡീക്കൻ പള്ളി പാരിഷ് ഹാളിൽവച്ച് പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ കുടുംബസംഗമം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 20 | 3.00 pm | അഡാർട്ടിന്റെ നവീകരിച്ച ചാപ്പലും കെട്ടിടവും വെഞ്ചരിച്ചു. |
| 21 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | കാലം ചെയ്ത മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനുവേണ്ടി ചെമ്മലമറ്റം പള്ളിയിൽ വച്ച്, വി. കുർബാന അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ അനുശോചനസന്ദേശം നൽകുകയും ചെയ്തു. |
| | 5.30 pm | ആഭ്യന്തരമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയെ ബിഷപ്സ് ഹൗസിൽ സ്വീകരിച്ചു. |
| 22 | 4.00 pm | കോട്ടയത്തുവച്ച് ദീപികയിൽ പുതുതായി നിർമ്മിച്ച നിധീരിക്കൽ മണിക്കത്തനാർ ഓഡിറ്റോറിയം വെഞ്ചരിച്ചു. |
| 23 | 3.00 pm | ബിഷപ്സ് ഹൗസിൽ വച്ച് സിറോ മലബാർ വിദ്യാഭ്യാസ കമ്മിറ്റിയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. |
| | 5.30 pm | ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി കത്തീഡ്രൽ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു. |
| 24 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 25 | 2.00 pm | ബിഷപ്സ് ഹൗസിൽ വച്ചുനടന്ന പ്രവാസി അപ്പോസ്തലേറ്റിന്റെ മീറ്റിങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. |

| | | |
|---|---|---|
| 26 | 7.45 am | ജയ്ഗിരി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 27 | 11.30 pm | കടുവാക്കുളം പള്ളിയിൽ വച്ച് പരേതനായ ഫാ. മാത്യു അറയ്ക്കൽ MCBS ന്റെ സംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 28 | 8.30 am | ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ തിരുനാളിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 29 | 7.00 am | സെന്റ് മർത്താസ് ജനറലേറ്റിൽ വിശുദ്ധ കുർബാനയർപ്പിച്ചു. |
| | 4.00 pm | ചീങ്കല്ലേൽ ആൻസ് ഭവൻ SABS സന്യാസസഭയുടെ മിണ്ടാമഠം ആയി പ്രഖ്യാപിക്കുന്നതിനോടനുബന്ധിച്ച് ചാപ്പലും കെട്ടിടവും ആശീർവദിച്ചു സമർപ്പിച്ചു. |

21.07.2026





## തൂഫാൻ വാരിയർ ആഹ്വാനവുമായി ആഭ്യന്തരമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പാലാ ബിഷപ്സ് ഹൗസിൽ

രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ആഭ്യന്തരമന്ത്രിയെ സ്വീകരിച്ചു.

## ദീപിക കോട്ടയം ഓഫീസിൽ പുതുതായി നിർമ്മിച്ച നിധീരിക്കൽ മാണിക്കത്തനാർ മെമ്മോറിയൽ ഓഡിറ്റോറിയത്തിന്റെ വെഞ്ചരിപ്പ്

22.07.2026



വെഞ്ചരിപ്പ് കർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

# സിറോ മലബാർസഭ വിദ്യാഭ്യാസ കമ്മിറ്റി യോഗം

23.07.2026






സിറോ മലബാർസഭ വിദ്യാഭ്യാസ കമ്മിറ്റി, ചെയർമാനായ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അധ്യക്ഷതയിൽ പാലാ ബിഷപ്സ് ഹൗസിൽ ചേർന്ന യോഗം വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തു.

# പ്രവാസി അപ്പോസ്തലേറ്റിന്റെ Family Gathering

25.07.2026







ബിഷപ്സ് ഹൗസിൽ വച്ച് പ്രവാസി അപ്പോസ്തലേറ്റിന്റെ Family Gathering അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.
അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും സന്നിഹിതനായിരുന്നു.

# ഇടയനടുത്ത സന്ദർശനം
# തീക്കോയി

2026 ജൂലൈ 11-12













# ഇടയനടുത്ത സന്ദർശനം

# ജയ്ഗിരി

2026 ജൂലൈ 25, 26






**09.07.2026**

ചിക്കാഗോ രൂപതയുടെയും മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകത്തിന്റെയും രജതജൂബിലിയാഘോഷത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് പ്രോട്ടോ സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് തടത്തിൽ പങ്കെടുത്തു.

**21.07.2026**

രാജ്കോട്ട് കത്തീഡ്രൽ പള്ളിയിൽ വച്ചു നടന്ന മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിന്റെ സംസ്കാരശുശ്രൂഷയിൽ പാലാ രൂപതയെ പ്രതിനിധീകരിച്ചു സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് കണിയോടിക്കൽ പങ്കെടുത്തു. സബർമതി മിഷനിൽ നിന്ന് മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെ നേതൃത്വത്തിൽ പാലാ രൂപതാ വൈദികരും ചടങ്ങിൽ സംബന്ധിച്ചു.





**23.07.2026**

## ഹോം പാലാ

**മാതൃവേദി**
**കത്തീഡ്രൽ**

## സ്നേഹസ്മരണയ്ക്ക്



### സി. സ്റ്റെല്ലാ മരിയ SH
**വെള്ളാപ്പാണിയിൽ (93)**

| | | |
|---|---|---|
| ഇടവക | : | പാലാ |
| ജനനം | : | 24.08.1933 |
| നിത്യവ്രതം | : | 22.05.1957 |
| മരണം | : | 07.07.2026 |
| മൃതസംസ്കാരം | : | പാലാ കത്തീഡ്രൽ |

*സേവനമണ്ഡലങ്ങൾ:*
പാലാ, കോട്ടയം, അരുണാപുരം, വിളക്കുമരുത്

2026
AUGUST

# SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



# 2026 ജൂലൈ 28
# വി. അൽഫോൻസാമ്മയുടെ
# തിരുനാൾ

Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil